# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം


പുസ്തകം 3 ലക്കം 10 പേജുകൾ 57 ജനുവരി 2023




പുതുവത്സരപ്പതിപ്പ്

രാവുണ്ണി
വി.പി.ജോൺസ്
സന്ധ്യ. ഇ
സുരേന്ദ്രൻ മങ്ങാട്ട്
അനിത ശ്രീജിത്ത്
ബി.ജോസുകുട്ടി
ബിനു വെളിയനാടൻ
സിന്ധു ഗാഥ
എ.കെ.അനിൽകുമാർ
ബഷീർ മുളിവയൽ
മനീഷ
ടോണി എം. ആന്റണി
കബനി കെ. ദേവൻ
ടി.പി.രാധാകൃഷ്ണൻ
ലേഖ കാക്കനാട്ട്

ഫ്രാങ്കോ ലൂയിസ്
തേജശ്രീ
ബാലചന്ദ്രൻ എം.ആർ.
ശ്രീജ വിജയൻ
പേളി ജോസ്
ജബീന
സ്മിത കോടനാട്
ദർശന
കൃഷ്ണകുമാർ മാപ്രാണം
ശ്രീജ വിധു
ബിനില കെ. ബാബു
അശ്വതി വി.വി.
ശിവൻ തലപ്പുലത്ത്
നിബിൻ കള്ളിക്കാട്





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakerala.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**

കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**

കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




‘**മ**ഷിപ്പച്ച’ എന്ന പേര് സ്വീകരിച്ചശേഷം ‘വ്യാപാരകേരളം’ മാസികയുടെ ആദ്യലക്കം പുതുവത്സരപ്പതിപ്പായാണ് പ്രസിദ്ധീകരിക്കുന്നത്. പ്രസിദ്ധീകരണത്തിന്റെ നാല് വർഷങ്ങൾ പിന്നിടുമ്പോൾ, എന്തിനൊരു പേരുമാറ്റം എന്ന ചോദ്യം പ്രസക്തമാണ്. സാമ്പത്തിക കാര്യപ്രസിദ്ധീകരണം എന്ന നിലയ്ക്കായിരുന്നു ‘വ്യാപാരകേരള’ത്തിന്റെ തുടക്കം. പ്രഥമലക്കം മുതൽ തന്നെ സാഹിത്യ-സാംസ്കാരിക വിഷയങ്ങളും മാസികയിൽ ഉൾപ്പെടുത്തിയിരുന്നു. ഒരു സമ്പൂർണ മാസികയുടെ ഉള്ളടക്കത്തിന്, ‘വ്യാപാരകേരളം’ എന്ന പേര് അനുയോജ്യമല്ലെന്ന വിലയിരുത്തലിനെ തുടർന്നാണ് പുതിയ പേര് സ്വീകരിച്ചത്, മഷിപ്പച്ച. ജീവിതവും സ്വപ്നവും ഇവിടെ ഒന്നിക്കും. ചെറുത്തുനിൽപ്പിന്റെ പരാഗങ്ങളും വന്നുവീഴും. ഇതൊരു തുടക്കമല്ല. തുടർച്ചയാണ്. മിത്രങ്ങളുടെ കൂട്ടുറപ്പിച്ചും പുതിയ സൗഹൃദങ്ങളിലേക്കുമുള്ള യാത്രയുടെ തുടർച്ച.

പുതുവത്സരപ്പതിപ്പിൽ പ്രഗത്ഭരായ എഴുത്തുകാരുടെ രചനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാര ജേതാക്കളുടെ കഥകളും സി.ആർ.പി. പണിക്കർ സ്മാരക കവിതാ പുരസ്കാര ജേതാക്കളുടെ കവിതകളും വായിക്കാം. പ്രശസ്ത പത്രപ്രവർത്തകരായ ഫ്രാങ്കോ ലൂയിസിന്റെ ‘സമകാലികം’ പംക്തിയും തേജശ്രീയുടെ ‘റിഥം ഓഫ് ലൈഫ്’ പംക്തിയും തുടരും. വരകളിലൂടെ സാമൂഹിക വിമർശനം നടത്തുന്ന എം.ആർ.ബാലചന്ദ്രന്റെ ‘കാർട്ടൂൺ കേരള’യും പേളി ജോസിന്റെ സിനിമ റിവ്യൂവും ‘മഷിപ്പച്ച’യുടെ വായനാനുഭവം സമ്പന്നമാക്കും.

‘വ്യാപാരകേരള’ത്തിന്റെ മറ്റൊരു പ്രസിദ്ധീകരണമായ ‘വാർത്താകേരളം’ ഓൺലൈൻ ന്യൂസ്, പ്രഭാതവാർത്തയായി നാൽപ്പതിനായിരത്തിലേറെ വായനക്കാരിലേക്ക് മുടക്കമില്ലാതെ എത്തിച്ചേരുന്നുണ്ട്. ‘വാർത്താകേരളം’ വാർത്തക്കുമുകളിൽ, ‘മഷിപ്പച്ച’യുടെ ലിങ്ക് എല്ലാ ദിവസവും ഉണ്ടായിരിക്കും. മാസിക കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന്, ഈ രീതി കാര്യക്ഷമമാണെന്നും വിലയിരുത്തപ്പെടുന്നു.

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ‘വ്യാപാരകേരളം’ സമ്മാനിച്ച, മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാരവും, സി.ആർ.പി പണിക്കർ സ്മാരക കവിതാ പുരസ്കാരവും അർഹരായവരെ കണ്ടെത്തി തുടരുമെന്നും അറിയിക്കട്ടെ. മാസികയ്ക്ക് കൂടുതൽ വായനക്കാരെ നേടാൻ, പേരുമാറ്റം സഹായകമാകുമെന്നാണ് പ്രതീക്ഷ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






ബാലചന്ദ്രൻ. എം.ആർ

## അകത്താളുകളിൽ


### ലേഖനം/പംക്തി

ഫ്രാങ്കോ ലൂയിസ്: — പേജ് 9
തേജശ്രീ: — പേജ് 12
പേളി ജോസ് — പേജ് 49
സ്മിത കോടനാട് — പേജ് 52

### പുസ്തകപരിചയം

ശ്രീജ വിജയൻ — പേജ് 56

### കാർട്ടൂൺ

ബാലചന്ദ്രൻ എം.ആർ. — പേജ് 3

### കഥ

സന്ധ്യ ഇ — പേജ് 5
സുരേന്ദ്രൻ മങ്ങാട്ട് — പേജ് 15
അനിത ശ്രീജിത്ത് — പേജ് 20
വി.പി.ജോൺസ് — പേജ് 25
കബനി കെ. ദേവൻ — പേജ് 28
ബിനു വെളിയനാടൻ — പേജ് 35
ബി.ജോസുകുട്ടി — പേജ് 39
ടോണി എം. ആന്റണി — പേജ് 42
ദർശന — പേജ് 45

### കവിത

രാവുണ്ണി — പേജ് 4
എം.കെ.അനിൽകുമാർ — പേജ് 14
സിന്ധു ഗാഥ — പേജ് 19
മനീഷ — പേജ് 24
ടി.പി.രാധാകൃഷ്ണൻ — പേജ് 27
ലേഖ കാക്കനാട് — പേജ് 34
ബഷീർ മുളിവയൽ — പേജ് 38
കൃഷ്ണകുമാർ മാപ്രാണം — പേജ് 41
ശ്രീജ വിധു — പേജ് 44
ജബീറ — പേജ് 48
ബിനില കെ. ബാബു — പേജ് 51
അശ്വതി വി.വി. — പേജ് 53
ശിവൻ തലപ്പുലത്ത് — പേജ് 54
നിബിൻ കള്ളിക്കാട് — പേജ് 55

# കൊല്ലാതിരിക്കാനെനിക്കാവതില്ലേ



രാവുണ്ണി



കവിത


എന്നെ കൊല്ലാതിരിക്കാൻ പറ്റുമോയെന്ന ചോദ്യം കേട്ട്
സംഭ്രമിച്ചു ചുറ്റും നോക്കയാണറവുകാരൻ
അറവുശാലയിൽ കെട്ടിയിട്ടതാം പോത്തിന്റെ ചോദ്യം കേട്ട്
രാകി മൂർപ്പിച്ച കത്തി പിടിച്ചേ നില്പാണയാൾ

എന്നെ കൊല്ലാതിരിക്കാൻ പറ്റുമോയെന്ന്
ചോദിച്ചു നില്പാണൊരു ബ്രോയിലർ കോഴി
കൊന്ന പാപം തിന്നാൽ തീരുമെന്നു പഠിച്ചിട്ടും
തിന്നില്ല ഞാൻ കൊന്നതൊന്നുമേയിത്രനാളും
തിന്നുന്നവർക്കാണു പാപം, കൊന്നവർ
വെറും വാടക കൈക്കോടാലി, കുഠാരം, വെറും കരു

എന്നെ കൊല്ലാതിരിക്കാൻ പറ്റുമോയെന്ന്
ചോദിച്ചു നില്പാണൊരു നിസ്വനി,രപ്പാളി
കൊട്ടേഷനെടുത്തഡ്വാൻസ് വാങ്ങിയ പണം കടം
വീട്ടിയതോർത്തു നിന്നു വിയർത്തൂ ഗുണ്ടാലീഡർ

എങ്ങളെ കൊല്ലാതിരിക്കാൻ പറ്റുമോയെന്ന്
നെഞ്ചത്തടിക്കുന്നുണ്ട് കാട്ടിലെ വൃക്ഷ ജാലം
കൈകൂപ്പിയതു തന്നെ ചോദിച്ചു നില്ക്കുന്നുണ്ട്
കണ്ണീർ വറ്റിയ നാനാ ജന്തുക്ക, ളുരഗങ്ങൾ
എന്നെ കൊല്ലാതിരിക്കാൻ പറ്റുമോയെന്ന്
ചോദിച്ചു നിന്ന നില്പിൽ കറങ്ങി വീണൂ ഭൂമി

കൊല്ലാതിരിക്കാനെനിക്കാവതില്ലേയെന്ന്
മണ്ണില്ലാവിണ്ണില്ലാത്തോൻ തീയിൽ നിന്നലറുന്നേൻ





സന്ധ്യ ഇ.

# അസബുദ്ധൻ

**"ഹൗ!** ഇപ്പഴെങ്കിലും ഒന്ന് വരാൻ തോന്നിയല്ലോ!" പരിഭവത്തിന്റെ ശബ്ദത്തോടെ തുറന്ന വാതിൽക്കൽനിന്ന് രജനി പറഞ്ഞു. മകളുടെ കല്യാണത്തിന് മോടി പിടിപ്പിച്ചതാണ് വീട്. കൊറോണ കാരണം ആർക്കും അങ്ങോട്ടുപോകാനോ വിവാഹത്തിൽ പങ്കെടുക്കാനും കഴിയാതിരുന്നതിനാൽ ഓരോന്നും കാണിച്ചുതരുമ്പോൾ രജനിയുടെ മുഖത്ത് സന്തോഷവും ദുഃഖവും മാറി മാറി വരുന്നുണ്ടായിരുന്നു. ഷോകേസ് എടുത്തുമാറ്റി അവളവിടെ നീലയിലും ചുവപ്പിലും ഒരു അബ്ട്രാക്റ്റ് ചിത്രം വരച്ചുചേർത്തിരുന്നു. ഓരോരോ കോണിൽനിന്നുള്ള കാഴ്ചയിൽ പ്രകടമായി കാണുന്നത് ഓരോരോ നിറങ്ങളാണ്. സൂര്യപ്രകാശവും ചുമരിന്റെയും തറയുടെയും നിറവും ചേരുമ്പോൾ മനോഹാരിത കൂടുന്ന ഒരു കലാവിരുത്. "ഏകദേശം മൂന്നുമാസമെടുത്തു, ഇതു തീരാൻ. ചില ദിവസങ്ങളിൽ ഉറക്കം വരാതിരിക്കുമ്പോൾ രാത്രി മുഴുവനുമിരുന്ന് വരയ്ക്കും. മുകളിലെ വരകൾ പൂർത്തിയാക്കിയത് കസേരയിൽ കയറി നിന്നാണ്. ശ്രദ്ധിച്ചു ചെയ്തില്ലെങ്കിൽ നിറങ്ങൾ ഇട കലർന്നുപോകും. എല്ലാം വെറുതെയാകും." വളരെ ആയാസകരമായിരുന്നു അതെങ്കിലും കല്യാണത്തിന് മുമ്പ് തീർക്കാൻ ഉത്സാഹമായിരുന്നു. വളരെ വലിയ ആ ചിത്രം സ്വീകരണമുറിയുടെ പഴയ കാഴ്ചയേ മാറ്റിയിരുന്നു. ആ വീടിന് വേണ്ടപ്പെട്ട ഒരാൾ, തന്റെ ആത്മാവ് മുഴുവൻ ആ ചായക്കൂട്ടുകളിൽ ചേർത്തുവെച്ചതിന്റെ വെളിച്ചം അവിടെ നിറഞ്ഞുനില്ക്കുന്ന പോലെയാണ് എനിയ്ക്കു തോന്നിയത്. എന്തും രജനിയ്ക്ക് കലാമൂല്യമുള്ള വസ്തുക്കളായിരുന്നു. എന്തുപയോഗിച്ചും വരക്കാനുമവൾക്കാവുമായിരുന്നു. പശയാൽ പാവയ്ക്ക, കാപ്പിപ്പൊടിയിൽനിന്ന് ഉയിർക്കൊള്ളുന്ന ഗണപതി, ചോക്കുപൊടികൊണ്ട് താജ്മഹൽ, പയറുമണി ജീവൻ കൊടുത്ത ചാർമിനാർ, പഞ്ചസാര കരിച്ച് വയൽ വരമ്പുകൾ, ഏലക്കാ തൊണ്ടുവകഞ്ഞ് കർഷകസ്ത്രീ. ഇങ്ങനെ എനിയ്ക്ക് ചിന്തിക്കാൻ പോലുമാകാത്ത രൂപാന്തരങ്ങൾ. ചിത്രകലയെപ്പറ്റി ഒന്നുമറിവില്ലെങ്കിലും ഞാനാ ആ കലാസൃഷ്ടികൾ ആസ്വദിക്കാറുണ്ട്. അതിന്റെ പിന്നിലുള്ള വൈഭവത്തെ നമിച്ച് ചിത്രങ്ങൾക്ക് തലക്കെട്ടെഴുതുക എന്നതായിരുന്നു എന്റെ ഒരു സന്തോഷം. ഞാൻ കൊടുക്കുന്ന തലക്കെട്ടുകൾ രജനിയ്ക്ക് ഏറെ ഇഷ്ടമാവുകയും ചിത്രങ്ങൾ പൂർണ്ണമാവുന്നത് അവ കൂടി ചേരുമ്പോഴാണെന്ന് പലരോടും പറയുകയും ചെയ്യാറുണ്ട്, അവൾ.

"ഓരോ ചിത്രവും ഓരോ ഉൾവിളിയാണ്. ചിലപ്പോൾ ഉറക്കത്തിൽ ആരോ പറയുംപോലെ തോന്നും. മുന്നിൽ വ്യക്തമായി തെളിഞ്ഞുവരും. വിശദാംശങ്ങളോടെ, മാധ്യമമേതെന്നെ നിർദ്ദേശത്തോടെ. പിന്നെയത് പകർത്തുംവരെ വല്ലാത്ത അസ്വസ്ഥതയാണ്. ഉറക്കത്തിൽ കണ്ട അത്രയും പൂർണ്ണതയോടെ പകർത്തനായില്ലെങ്കിൽ നിരാശതോന്നും. ചിലപ്പോൾ കണ്ണിനൊരു ജീവൻ വരില്ല. ചിലപ്പോൾ ഇരിപ്പിനൊരു ചന്തം പോരാ. പലപ്പോഴും കണ്ണുതന്നെയാണ് പ്രശ്നക്കാരൻ. ബാക്കിയെല്ലാം നന്നായാലും കണ്ണിൽ ജീവൻ വന്നില്ലെങ്കിൽ പോയില്ലേ? രണ്ടു കണ്ണും ഒന്നിച്ചുവരക്കണം. അതിനിടെ എന്തെങ്കിലും തടസ്സം വന്നാൽ പിന്നീടത് ശരിയാവുക പ്രയാസം." ശരിയായിരുന്നു രജനി പറഞ്ഞത്. രജനിയുടെ ചിത്രങ്ങൾ കണ്ടവരൊക്കെ പുകഴ്ത്തിയിരുന്നത് അതിലെ കണ്ണുകളുടെ ചൈതന്യവും വൈവിധ്യവും ഭംഗിയുമാണ്. ഒരിക്കൽ അവൾ ഗണപതിച്ചിത്രങ്ങളുടെ മാത്രം പ്രദർശനം നടത്തി. അൻപത്തിയൊന്നു ഗണപതിമാർ. അൻപത്തിയൊന്നു വിവിധ ഭാവങ്ങൾ വിരിഞ്ഞ കണ്ണുകൾ. കുസൃതിയും നിഷ്കളങ്കതയും കപടദേഷ്യവും തൊട്ട് പ്രണയവും ആദ്ധ്യാത്മികതയും വരെ കണ്ണുകളിൽ ഉൾച്ചേർത്തിരുന്നു. രജനിയെന്ന കലാകാരിയുടെ സൂക്ഷ്മ നിരീക്ഷണവും കഴിവും കലാലോകം തിരിച്ചറിഞ്ഞത് ആ പ്രദർശനത്തിലൂടെയാണ്. പത്രങ്ങളിലും ടി.വി.യിലും വാർത്തകളും അഭിമുഖങ്ങളും. "വീട്ടമ്മയിലെ ചിത്രകാരി ഉണരുന്നു" എന്നും "ഗണപതിക്കൈ" എന്നും മറ്റുമുള്ള ക്ലീഷേ തൊട്ട് "വരകൾക്കൊപ്പം വരയ്ക്കാതെ" എന്ന് അനിയേട്ടനെയും മക്കളെയും കുറിച്ചെഴുതാനും പത്രക്കാർ മറന്നില്ല. കുടുംബത്തിന്റെ ത്യാഗവും പിന്തുണയും പ്രത്യേകമെഴുതിച്ചേർക്കാൻ ചില വനിതാമാസികകളും. എല്ലാ ഗണപതികളെയും നല്ല വിലയ്ക്ക് വിൽക്കാനുമായി. ആദ്യമായി ഒരു വലിയ തുക കയ്യിൽ വന്നപ്പോൾ രജനിയ്ക്ക് പലതും ചെയ്യണമെന്നുണ്ടായിരുന്നു. വീടിനോട് ചേർന്ന് ഒരു സ്റ്റുഡിയോ എന്നതായിരുന്നു അവളുടെ ഏറ്റവും വലിയ സ്വപ്നം. വരയ്ക്കാനും കലാരൂപങ്ങൾ പ്രദർശിപ്പിക്കാനും. മാത്രമല്ല, തനിയ്ക്ക് സാധനങ്ങൾ തോന്നിയപോലിടാനും തോന്നുമ്പോൾ വരക്കാനും, തോന്നിയപോലെ പെരുമാറാനുമൊക്കെയായി.

"എല്ലാവരും പുറംതള്ളിയ ഒരു പഴയ റാക്കായിരുന്നു ഇത്." സ്വീകരണമുറിയുടെ ചുവരോടുചേർന്ന് കൗതുകവസ്തുക്കൾ നിരത്തിവെച്ചത് കാണിച്ചുകൊണ്ട് രജനി പറഞ്ഞു. നൂലുകൾ ചുറ്റി മനോഹരമാക്കി അതിനൊരു രാജകീയ പ്രൗഢി കൊടുത്തിരിക്കുകയാണവൾ. റാക്കാണെന്ന് തോന്നുകയേയില്ല. തുന്നൽമെഷീൻ പരിഷ്കരിച്ച് ഇൻഡോർ ചെടികൾ വെയ്ക്കാനുള്ളിടമാക്കിയിട്ടുണ്ട്. പഴയ കൽച്ചട്ടികൾ മ്യൂറൽ പെയിന്റിംഗ് ചെയ്ത് സുന്ദരമാക്കി. എത്രയെത്ര പുതിയ ഭാവനകളാണ്! മുമ്പൊരിയ്ക്കൽ അവിടെക്കണ്ട വീടേയല്ലിത്. എല്ലാത്തിലുമുണ്ട് ഒരു കലാകാരിയുടെ കയ്യൊപ്പ്, കവിത, ആത്മാവിഷ്കാരം.

ആ വീട്ടിൽ ഏറ്റവും ആകർഷകമായിക്കണ്ടത് കർട്ടനുകളാണ്. പറക്കുന്ന കിളിക്കൂട്ടങ്ങളെപ്പോലെ തോന്നിച്ച അവ സ്വീകരണമുറിക്കും ഊൺമുറിക്കും ആകാശച്ഛായ നൽകി. ചിറകുകൾ വിരിച്ച് അനന്തതയിലേക്ക് പറന്നുയരാൻ വെമ്പുന്ന കിളികൾ. എനിയ്ക്ക് കണ്ടിട്ടും കണ്ടിട്ടും മതിയായില്ല. ഇതെവിടെനിന്ന് എന്ന് പലതവണ ചോദിച്ചിട്ടും ഒരു കുസൃതിച്ചിരിയായിരുന്നു രജനിയുടെ ഉത്തരം. "അടുത്തുചെന്നു നോക്കൂ" എന്നു നിർബന്ധിച്ചപ്പോഴാണ് മനസ്സിലായത്. അവയുണ്ടാക്കിയിരുന്നത് തുണിത്തുണ്ടുകൾ കൊണ്ടായിരുന്നില്ല. കട്ടിയുള്ള കാർഡുകൾ വെട്ടിയുണ്ടാക്കിയ കിളിരൂപങ്ങൾ ചരടിൽ കോർത്തെടുത്ത് തൂക്കിയിട്ടിരിക്കയായിരുന്നു. "ഇതെന്താണെന്നു മനസ്സിലായോ?" എന്ന ചോദ്യം കേട്ടിട്ടും എനിക്കൊന്നും പിടികിട്ടിയില്ല. "മോൾടെ വിവാഹക്ഷണക്കത്താണ്. ക്ഷണം തുടങ്ങിയപ്പോഴാണ് ലോക്ഡൗൺ വന്നത്. ബന്ധുക്കളും അനിയേട്ടന്റെ ഓഫീസ് സുഹൃത്തുക്കളും മോൾടെയും മോന്റെയും ചങ്ങാതിമാരും അയൽക്കാരും പിന്നെ എന്റെ കൂട്ടുകാരും ചേർന്ന് ഏകദേശം മൂവായിരത്തോളം ആളുകളെ പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ടുതന്നെയാണ് ലുലു കൺവെൻഷൻ സെന്റർ ബുക്ക് ചെയ്തതും. പിന്നെയാണല്ലോ എല്ലാം മാറി മറഞ്ഞത്." സത്യമാണ്. ഞാനും കാത്തിരുന്ന ഒരു കല്യാണമായിരുന്നു അത്. കല്യാണം മാത്രമല്ല, തലേന്നത്തെ ഒത്തുചേരലും പിന്നെയുള്ള റിസപ്

ഷനും എല്ലാം. സാരിയൊക്കെ തയ്യാറാക്കി വെച്ചിരുന്നതുമാണ്. "ആകെ അമ്പത് പേർക്ക് തികച്ചു കൊടുത്തില്ല ക്ഷണക്കത്ത്. അയ്യായിരം എണ്ണം അടിച്ചിരുന്നു. ബാക്കിവന്നത് അലമാരയിലിരിക്കുന്നതു കാണുമ്പോഴൊക്കെ വിഷമമായിരുന്നു. അതുകൊണ്ട് എന്തു ചെയ്യാമെന്നായി ചിന്ത. കല്യാണകൂടുവിട്ട് കുട്ടികൾ പറന്നുകളിക്കട്ടെ എന്നാശയം തോന്നിയപ്പോഴാണ് കാർഡുകളിൽനിന്ന് കിളികൾ ജനിച്ചത്." രജനിയുടെ വാക്കുകളിൽ പ്രകടമായ സങ്കടമുണ്ടായിരുന്നു. അപ്പോഴിടഞ്ഞ ഞങ്ങളുടെ കണ്ണുകളിൽ രണ്ടാകാശങ്ങൾ ചത്തു കിടന്നിരുന്നത് പരസ്പരം കണ്ടുവെങ്കിലും രണ്ടുപേരും വ്യത്യസ്തമായ കാരണങ്ങളാൽ അതവഗണിച്ചു. "സാരമില്ലന്നേ. കൊറോണയൊക്കെ കുറഞ്ഞിട്ട് നമുക്കൊക്കെ ഒത്തുകൂടാം. പാട്ടും കളിയും ഒക്കെയായി" എന്നു പെട്ടെന്ന് അവളെ ആശ്വസിപ്പിക്കാൻ പറഞ്ഞെങ്കിലും ആ പറഞ്ഞതിനും അത്ര ഉറപ്പൊന്നും എനിയ്ക്കും ഉണ്ടായിരുന്നില്ല. വീട്ടിലിരിപ്പിന്റെ മടുപ്പും ഏകാന്തതയും ഒറ്റപ്പെടലും തീരെ സഹിക്കാതെ വന്നപ്പോഴാണ് എല്ലാ എതിർപ്പുകളും കുടഞ്ഞ് കളഞ്ഞ് ഞാനും ഇങ്ങോട്ടിറങ്ങിയത് എന്ന് പറഞ്ഞുമില്ല. "വേണം", "വേണ്ട", "ഇല്ല", "ഉണ്ട്", "ഊണായി", "ചായ ഉണ്ടാക്കി" ഇങ്ങനെയുള്ള ഒന്നോ രണ്ടോ വാക്കുകളിലേയ്ക്ക് ചുരുങ്ങിയ ഒരു ബന്ധത്തെക്കുറിച്ച്  ഒന്നും പറയാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല ഞാനപ്പോൾ.

സത്യത്തിലെനിക്ക്  കാണേണ്ടിയിരുന്നത് ഇതൊന്നുമായിരുന്നില്ല. രജനിയുടെ സ്വപ്ന സ്റ്റുഡിയോയും  അവൾ വരച്ചുകൊണ്ടിരുന്ന ധ്യാനബുദ്ധന്റെ ചിത്രവും കാണുകയെന്നതായിരുന്നു എന്റെ സന്ദർശനത്തിന്റെ ഉദ്ദേശം. അവളുടെ സർഗ്ഗപ്രയത്നത്തിന്റെ സമ്പാദ്യംകൊണ്ട് പണിത, അവളുടേതെന്ന് അവകാശപ്പെടാവുന്ന ആ മുറി എന്റെയും കൂടി അഭിമാനമായാണ് ഞാൻ കരുതിയിരുന്നത്.   അവളുടെ സ്റ്റുഡിയോയിൽ ഒരു ചുവർ മുഴുവൻ നിറഞ്ഞുനില്ക്കാൻ പാകത്തിൽ പിങ്ക് നിറത്തിന്റെ ഏറ്റക്കുറച്ചിലുകളിൽ വരച്ചു കൊണ്ടിരുന്ന ആ മനോഹരചിത്രത്തിന്റെ പണി മുക്കാലും കഴിഞ്ഞുകൊണ്ടിരുന്നപ്പോഴാണ് ഒരിക്കൽ അവൾ അതിന്റെ ഫോട്ടോ വാട്സ് ആപ്പിലയച്ചത്. രജനിയുടെ മറ്റു ചിത്രങ്ങളിലൊക്കെ കണ്ണുകളാണ് ചിത്രത്തിന്റെ സത്തമുഴുവൻ ഉൾക്കൊണ്ടിരുന്നതെങ്കിൽ ഇതിൽ കണ്ണുകളടച്ച ബുദ്ധനായിരുന്നു. അടഞ്ഞ കണ്ണുകൾക്കമേയുള്ളത് കാഴ്ചക്കാരനെ അനുഭവിപ്പിക്കുക എന്നത് തുറന്ന കണ്ണുകൾ വരക്കുന്നതിനേക്കാൾ ബുദ്ധിമുട്ടാണെന്നാണ് അവളന്ന് പറഞ്ഞത്. ശരിയായിരുന്നു. ആ ചിത്രത്തിന്, മുഴുമിപ്പിച്ചില്ലയെങ്കിൽപ്പോലും വല്ലാത്തൊരു വശ്യശക്തിയുണ്ടായിരുന്നു. പുറം കണ്ണുകളടയുമ്പോൾ തെളിയുന്ന അടഞ്ഞ കണ്ണുകൾക്കകമേയുള്ള കാഴ്ചകൾ, ആശങ്കകൾ, ഭീതികൾ, സങ്കടങ്ങൾ, സന്ദേഹങ്ങൾ എല്ലാം ആ ചിത്രം ഉൾക്കൊണ്ടിരുന്നു. നോക്കിയിരിക്കുംതോറും എനിയ്ക്കത് എന്റെ ഉള്ളിലുള്ളതായ സമസ്യകളുമായി താരതമ്യപ്പെടുംപോലെയാണനുഭവപ്പെട്ടത്. അനേകം ചോദ്യങ്ങൾക്കുള്ള ഉത്തരമായി മാറിയ എന്നിലേക്കു തന്നെയുള്ള നോട്ടങ്ങൾ. ഏകാന്ത ധ്യാനത്തിനുള്ളിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന അനേകം തിരിച്ചറിവുകൾ അതിലനിവാര്യമാകുന്ന ചില പുറംതള്ളലുകൾ എന്നിവയൊക്കെ എനിക്കു കാണായി. ആശകളെ ഉപേക്ഷിച്ച്, ലോകത്തെ വെടിഞ്ഞ് എന്നിലേക്കുള്ള ഒളിച്ചോട്ടമാണ് അതെന്നറിയുകയും ചെയ്തു. ഞാനന്ന് തേങ്ങിത്തേങ്ങിക്കരഞ്ഞത് എന്തിനെന്ന് എനിക്കറിയില്ല. പൂർത്തിയാകാത്ത ആ ചിത്രമുണർത്തിവിട്ട ഏതോ പ്രാചീന സ്മൃതികളോടൊപ്പം കാലത്തെ മറന്ന് സഞ്ചരിച്ച ആ ദിവസം ഞാൻ മറന്നിരുന്നില്ല. ആ യാത്രക്കൊരു സാന്ത്വന ചികിത്സയുടെ ഫലമുണ്ടായിരുന്നു.

ആ ചിത്രം ഒന്നുകൂടി കാണാനായാണ് ഞാനിപ്പോൾ വന്നത്. വീടെന്ന ലോകം എന്നെ  പുറന്തള്ളുന്നതാണോ ഞാൻ വീടിനെ പുറന്തള്ളുന്നതാണോ എന്നെനിക്കറിഞ്ഞു കൂടായിരുന്നുവെങ്കിലും ഞാനവിടെ ഒരത്യാവശ്യമല്ലാതിയിരിക്കുന്നു എന്നെനിക്ക് തോന്നാൻ തുടങ്ങിയിരുന്നു. കാലാകാലങ്ങളിൽ പണിതുചേർക്കുന്ന മുറികൾ വീടിന്റെ പ്രൗഢി കൂട്ടിയിരുന്നുവെങ്കിലും അതിനുള്ളിൽ എനിക്കൊരിടമില്ലാതായിരുന്നു. ഉപയോഗങ്ങളും ആവശ്യങ്ങളും പങ്കുവെക്കാനാവാത്തവിധം മുറികൾ ചുവരുകളാൽ വേർതിരിക്കപ്പെട്ട് കിടക്കുംപോലെ മുൻപ് കേവലം ഒരു കിടപ്പുമുറിയും ഒരടുക്കളയും ഹോളും മാത്രമുണ്ടാ

യിരുന്ന ഞങ്ങളുടെ വീട്ടിൽ ഏതുമുറിയും മറ്റൊന്നാവാൻ സദാ സന്നദ്ധമായിരുന്നു വെന്ന് ഞാനോർത്തു. ഹോൾ കിടപ്പുമുറിയാകാനും അടുക്കള സ്വീകരണമുറിയാകാനുമൊക്കെ സ്വയം സന്നദ്ധമായിരുന്ന അക്കാലങ്ങളിൽ എല്ലാം എല്ലാവരുടേതുമായിരുന്നു. ഇപ്പോഴാകട്ടെ, സ്ഥാനം തെറ്റിയോ മറന്നോ വെച്ചുപോകുന്ന എന്റെ ഓരോ വസ്തുക്കളും മകൻപോലും അസ്ഥാനത്താണെന്ന് കണ്ട് അസ്വസ്ഥപ്പെടുകയും ദേഷ്യപ്പെടുകയും ചെയ്യുന്നു. "അമ്മയുടെ മുറിയിൽ വെച്ചുകൂടേ" എന്ന് പരാതിപ്പെടുന്നു. ഏതാണാ മുറിയെന്ന് എനിക്കിതുവരെ മനസ്സിലായിട്ടുമില്ല. ഒറ്റയ്ക്കു നിന്നു പണിയെടുക്കുന്ന അടുക്കളയോ എനിക്കിഷ്ടമുള്ള ടി.വി. ചാനലുകൾ വെക്കുമ്പോൾ. ബാക്കിയെല്ലാവരും അലോസരം കാണിക്കുന്ന സ്വീകരണമുറിയോ മൗനത്തിന്റെ തണുപ്പിൽ ഉറഞ്ഞുപോയ കിടപ്പുമുറിയോ ഏതാണ് എന്റെ മുറി? അലമാരിയിൽ വെച്ച സാരികളിരിക്കുന്നയിടം എന്റെ മുറിയാണോ? ഷെൽഫിലിരിക്കുന്ന കുറച്ചു പുസ്തകങ്ങളുണ്ടെങ്കിൽ അതെന്റെ മുറിയാണോ? സത്യത്തിൽ നാലു കിടപ്പുമുറികളുള്ള ആ വീട്ടിൽ ഒന്നുമെനിക്ക് എന്റേതാണെന്ന് തോന്നിയിരുന്നില്ല. എപ്പോഴോ എഴുതി എവിടെയോ ഇട്ട് കാണാതെ പോയ ഒരു കവിതയിലെ വരികൾ എനിക്കിപ്പോൾ പെട്ടെന്ന് ഓർമ്മവന്നു.

ഒരു കവിയ്ക്ക് കവിതയെഴുതാനൊരു മുറി കാണും / വെയിലും മഴയും നിറവും നിലാവും കാറ്റും കിളിയും കുയിലും മയിലും വന്നിരിക്കുന്നത്/ ആകാശവും ഭൂമിയും കാണാവുന്നത്. / ഒരിരിപ്പിടം കാണും / കവിതയുടെ ഉറവുള്ളത് / എഴുത്തുമേശ കാണും / അക്ഷരങ്ങൾ കാവൽ നിൽക്കുന്നത്. / വാതിൽ കാണും / കവിത വരുമ്പോൾ ലോകത്തെ മുഴുവൻ പുറത്താക്കാൻ കഴിയുന്നത്. / ഒരു കവിയത്രിയ്ക്ക് മിയ്ക്കവാറുമെഴുതാൻ ഒരു മുറി കാണില്ല / ഒരു മേശയോ, ഒരു കസേരയോ, ചിലപ്പോൾ ഒരു പേനപോലുമോ. / കവിത പ്രണയംപോലെ വന്നുവിളിക്കുമ്പോൾ / അവൾ എവിടെയുമിരുന്നെഴുതും / തൊട്ടിലിനു കീഴെ അടുപ്പിനു ചാരെ നനഞ്ഞ പാത്രങ്ങൾക്കിടയിൽ അലക്കുകല്ലിനു മുകളിൽ / അടയ്ക്കാൻ വാതിലില്ലെങ്കിലും അവളെഴുതുമ്പോൾ / ലോകം താനേ മാറിനിൽക്കും / കാറ്റുവിശാതെ ഇലകളനങ്ങാതെ വെയിലു കുറച്ച്, മഴ കുറച്ച് / ഒരമ്മയുടെ കരുണയോടെ വാത്സല്യത്തോടെ ഒരു മാത്ര / അവളുടെ നെറ്റിയിലൊരുമ്മ കൊടുത്ത് ...

"സ്റ്റുഡിയോ എവിടെ? നിന്റെ ബുദ്ധനെവിടെ?" എന്ന ചോദ്യങ്ങൾക്കുത്തരം പറയാനായി രജനി എന്നെ പുതുതായി പണിത ആ മുറിയിലേക്കു കൊണ്ടുപോയി. അതപ്പോളൊരു സ്റ്റുഡിയോപോലെ തോന്നിച്ചില്ല. നിറയെ ഫയലുകളും മറ്റൊന്നൊക്കെയും. "അശ്വതിയുടെ കല്യാണമായപ്പോൾ ഞങ്ങൾ ഉപയോഗിച്ചിരുന്ന മുറി അവൾക്കുകൊടുത്തു. അപ്പോഴാണ് അനിയേട്ടന് ഓഫീസ് റൂമിൽവെക്കാനാകാത്ത ചില ഫയലുകൾ വെക്കാൻ ഒരു സ്ഥലം വേണമെന്നു പറഞ്ഞത്. ഞാനിവിടെ ചിത്രങ്ങളൊക്കെ വെച്ചരുന്നതാണ്. പിന്നെ അതൊന്നും...." രജനിയുടെ കയ്യൊപ്പു പതിയാത്ത ആ ഒരേ ഒരു മുറിയിലായിരുന്നു ഞങ്ങളപ്പോൾ. വാരിവലിച്ചിട്ട ഫയലുകൾ. കറങ്ങുന്ന കസേര. ഷെൽഫ്. പൊടിപിടിച്ച കമ്പ്യൂട്ടറും പ്രിന്ററും. "അനിയേട്ടൻ ഇതൊന്നും തൊടാൻ സമ്മതിക്കില്ല. ഒതുക്കിവെച്ചാൽ തപ്പുമ്പോൾ ഒന്നും കാണില്ല എന്നു പറയും. അതുകൊണ്ട് ഞാനിവിടെ അങ്ങനെ വരാറില്ല." "നിന്റെ ആ ബുദ്ധനോ? എന്തായി! അതു വരച്ചു തീർന്നില്ലേ. ഇനിയും? എവിടെയാണത്? മുകളിലോ താഴെയോ?" 'ഓ! ബുദ്ധൻ! രജനി ആലസമായി പറഞ്ഞു: കല്യാണത്തിന്റെ തിരക്കിൽ മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല. വലിയതായതുകൊണ്ട് അനിയേട്ടനത് അപ്പോൾ ഗോഡൗണിലിട്ടു. പിന്നീടാവാമെന്നു പറഞ്ഞു. "നീ ഓർമിപ്പിച്ചപ്പോഴാ ഞാനതോർത്തത്. വാ, നമുക്കൊന്നു നോക്കാം." അത്യാവശ്യമില്ലാത്തതോ അനാവശ്യമായതോ ഉപയോഗം കഴിഞ്ഞതോ ഒക്കെയായ വസ്തുക്കളുടെ കൂട്ടത്തിൽ ചുമരോടു ചേർത്തു വെച്ച അവളുടെ അനേകം ചിത്രങ്ങൾക്കിടയിൽ ആ ബുദ്ധനുമുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും ചേർന്ന് സാവധാനമത് പുറത്തെടുത്തു. മാറ്റിവെക്കുമ്പോഴെപ്പോഴോ ബുദ്ധന്റെ ഒരു കണ്ണിന്റെ ഭാഗം കീറിപ്പോയിരുന്നു. അവിടെയൊരു ദ്വാരം മാത്രം. നിർവികാരമായി രജനി അവിടെയൊന്നു തലോടി. ഞാനവളുടെ മുഖത്തുനോക്കിയില്ല. എത്രയും പെട്ടെന്ന് ഞാനവിടെനിന്ന് തിരിച്ചുപോന്നു. ●

**ചൈനയിലെ രോഗവ്യാപനത്തിന്റെ ഭീതി ഇന്ത്യയിലും കേരളത്തിലുമെല്ലാമുണ്ട്. ചൈനയിൽ കോവിഡ് വ്യാപിപ്പിച്ച ഉപവകഭേദമായ ബിഎഫ് 7 ഇന്ത്യയിലും സ്ഥിരീകരിച്ചതോടെ മാസ്ക് അടക്കമുള്ള കൊവിഡ് മാനദണ്ഡങ്ങൾ കർശനമാക്കുകയാണ്.**



ഫ്രാങ്കോ ലൂയിസ്

# ബഫർസോൺ കുരുക്കും കോവിഡ് പേടിയും

**ലോ**കകപ്പ് ഫുട്ബോളിന്റെ ആരവങ്ങളിൽനിന്ന് കോവിഡ് വ്യാപനത്തിന്റെ ഭീതിയിലായി ലോകം. നിലവിലുള്ള ചാമ്പ്യന്മാരായ ഫ്രാൻസിനെ പെനാൽറ്റി ഷൂട്ടൗട്ടിലൂടെ തകർത്ത് അർജന്റീന ഫുട്ബോളിന്റെ ലോക രാജാക്കന്മാരായത് ലോകമെങ്ങും ആഘോഷിച്ചു. ഫുട്ബോൾ ആഘോഷങ്ങളിൽ കേരളം എന്നും മുന്നിലാണ്. അതുകൊണ്ടാണ് അർജന്റീനയുടെ നായകൻ ലയണൽ മെസി കേരളത്തിലെ ആരാധകർക്കു പ്രത്യേകം നന്ദി പറഞ്ഞത്. ഖത്തറിൽ പോയി ലോകകപ്പ് ആഘോഷങ്ങളിൽ ആറാടിയ മലയാളികൾ അനവധിയാണ്. ലോകകപ്പ് അനുഭവങ്ങൾക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിയ ഫുട്ബോൾ കമ്പക്കാരുമൊത്തു സ്റ്റേഡിയത്തിൽ ഓരോ മൽസരവും മലയാളികൾ ആർപ്പുവിളികളോടെ പൊരിച്ചു.


ഫുട്ബോളിന്റെ സ്വർണക്കിരീടത്തിൽ അർജന്റീന മുത്തമിട്ടു വെറും രണ്ടു രാപകലുകളോടെ ലോകത്തെ വീണ്ടും കോവിഡ് വൈറസുകൾ ഞെട്ടിച്ചു. ചൈനയിൽ രോഗവ്യാപനം. ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾമൂലം ലോക് ഡൗൺ പിൻവലിച്ചതോടെ കോവിഡ് വ്യാപനം സമ്പൂർണമായി. ആശുപത്രികൾ നിറഞ്ഞു. ജർമനി അടക്കമുള്ള രാജ്യങ്ങളിൽനിന്ന് വാക്സിൻ ഇറക്കുമതി ചെയ്തു.

ചൈനയിലെ രോഗവ്യാപനത്തിന്റെ ഭീതി ഇന്ത്യയിലും കേരളത്തിലുമെല്ലാമുണ്ട്. ചൈനയിൽ കോവിഡ് വ്യാപിപ്പിച്ച ഉപവകഭേദമായ ബിഎഫ് 7 ഇന്ത്യയിലും സ്ഥിരീകരിച്ചതോടെ മാസ്ക് അടക്കമുള്ള കൊവിഡ് മാനദണ്ഡങ്ങൾ കർശനമാക്കുകയാണ്. രാജ്യം വീണ്ടും മുഖാവരണങ്ങളാൽ മറയ്ക്കപ്പെടുമല്ലോയെന്നും ഒത്തുചേരലുകളും ആഘോഷങ്ങളും ഇല്ലാതാകുമല്ലോയെന്നുമുള്ള സങ്കടപ്പെടുകയാണ് ജനം.

രാജ്യാന്തര യാത്രക്കാരിൽ രണ്ടു ശതമാനം പേർക്കു കോവിഡ് പരിശോധന നടത്തും. പൊതു ഇടങ്ങളിൽ മാസ്ക് നിർബന്ധമാക്കി. സാമൂഹിക അകലം, സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകൽ എന്നിവയും വീണ്ടും ശീലിക്കണം. വിവാഹം, രാഷ്ട്രീയ സാമൂഹിക യോഗങ്ങൾ തുടങ്ങിയവ ഒഴിവാക്കണമെന്നാണു സർക്കാരിന്റെ നിർദേശം. ബൂസ്റ്റർ ഡോസ് ഉൾപ്പെടെ കൊവിഡ് വാക്സിനേഷൻ എത്രയും വേഗം എ

ടുക്കണം. കേന്ദ്ര സർക്കാരിന്റെ നിർദേശമനുസരിച്ച് എല്ലാ ജില്ലകൾക്കും ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയിരിക്കുകയാണ്.

കഴിഞ്ഞ രണ്ടു വർഷത്തിനിടെ ഇന്ത്യയിൽ കോവിഡ് വ്യാപനവും മരണവും ഏറ്റവും കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയതു രണ്ടാഴ്ച മുമ്പാണ്. പക്ഷേ, കേന്ദ്ര ആരോഗ്യവകുപ്പു മേനി പറഞ്ഞതിനു തൊട്ടടുത്ത ദിവസം രോഗവ്യാപനം തടയാൻ നിയന്ത്രണങ്ങൾ വേണമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഡിസംബർ 12 മുതൽ 18 വരെയുള്ള ആഴ്ചയിൽ ഇന്ത്യയിൽ രോഗം ബാധിച്ചത് വെറും 1,103 പേർക്കാണ്. കോവിഡ് മൂലം മരിച്ചത് 12 പേരും. 2020 മാർച്ച് മാസത്തിനുശേഷം ഇത്രയും കുറഞ്ഞ നിരക്കിലെത്തിയത് അഭിമാനപൂർവം പുറത്തു വിട്ടതും കേന്ദ്ര ആരോഗ്യ വകുപ്പാണ്. രണ്ടാം ദിവസം ഡിസംബർ 21 ന് നിയന്ത്രണങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു.





കോവിഡ് പേടിയിൽ ഏറ്റവും അങ്കലാപ്പിലായത് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയാണ്. കോൺഗ്രസിനെ ചലനാത്മകമാക്കുന്ന ഭാരത് ജോഡോ യാത്ര നിർത്തിവയ്ക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ ശാസന. ജനസഹസ്രങ്ങൾ അണിനിരക്കുന്ന യാത്ര രോഗവ്യാപനമുണ്ടാക്കുമെന്നു ചൂണ്ടിക്കാട്ടി നിരോധിക്കാനുള്ള പഴുതു തേടുകയാണ് ബിജെപി സർക്കാർ. യാത്രയുടെ ജനപിന്തുണ കണ്ട് കലിയിളകിയ ബിജെപി കോവിഡ് ഭീതി പ്രചരിപ്പിച്ച് യാത്ര തടയാനുള്ള ശ്രമമാണെന്ന് രാഹുൽഗാന്ധി ആരോപിക്കുകയും ചെയ്തു. യാത്ര ജനുവരി മൂന്നിന് ഉത്തർപ്രദേശിലും പത്താം തീയതിയോടെ പഞ്ചാബിലും 20 നു കാഷ്മീരിലും പ്രവേശിക്കേണ്ടതാണ്. കോവിഡ് ഭീഷണി പ്രചരിപ്പിച്ച് നരേന്ദ്ര മോദി രാഹുലിന്റെ യാത്രയെ കട്ടപ്പുറത്താക്കുമോയെന്നു കണ്ടറിയണം.

## ബഫർസോൺ കുരുക്ക്

കേരളത്തിലെ 84 പഞ്ചായത്തുകൾ ബഫർ സോൺ കുരുക്കിലാണ്. പതിനായിരക്കണക്കിനു കുടുംബങ്ങളാണ് കുരുക്കിൽ നിന്ന് തലയൂരാൻ പാടുപെടുന്നത്. ബഫർസോൺ മേഖലയിൽനിന്ന് തങ്ങളുടെ പുരയിടത്തേയും ജീവനോപാധിയായ കൃഷിയിടത്തേയും സംരക്ഷിക്കാൻ മലയോര ജനത നെട്ടോട്ടമോടുന്നു.

ബഫർ സോണിൽ ജനങ്ങളുടെ സ്വത്തിനും ജീവനോപാധികൾക്കും ഭീഷണിയാകുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചിട്ടുണ്ട്. കെട്ടിടങ്ങളോ വീടുകളോ കൃഷിയിടമോ നഷ്ടപ്പെടില്ലെന്നും അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്. ഉപഗ്രഹ സർവ്വേയിലെ പരാതികൾ പരിഹരിക്കാൻ ഫിൽഡ് സർവേ നടത്തുകയാണ്. സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടവും രേഖകളും പരിശോധിച്ച് പരാതിപ്പെടാൻ ജനുവരി ആദ്യവാരം വരെ സാവകാശമുണ്ട്. പഞ്ചായത്തു വാർഡു മെമ്പർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർക്കു പരാതിപ്പെടാവുന്നതാണ്. ജനുവരി മാസത്തിൽ പഞ്ചായത്ത്, വനം ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമെല്ലാം ബഫർസോണിൽനിന്നു ജനലക്ഷങ്ങളെ രക്ഷിച്ചെടുക്കാനുള്ള യത്നത്തിലാണ്.

സംരക്ഷിത വനമേഖലയുടെ ഒരു കിലോമീറ്റർ ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ ജൂൺ മൂന്നിനു സുപ്രീം കോടതി ഉത്തരവിറക്കിയതോടെയാണ് പ്രശ്നങ്ങൾക്കു തുടക്കമായത്. ബഫർ സോണിൽ കൃഷിയിറക്കുന്നതും നിർമാണ പ്രവർത്തനങ്ങളും പാടില്ല. താമസക്കാരെ ക്രമേണ മാറ്റണം. പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ സംസ്ഥാനങ്ങൾക്കു സുപ്രീം കോടതി സാവകാശവും നൽകി. സുപ്രീം കോടതിയിൽ റിപ്പോർട്ടു നൽകാൻ സാറ്റലൈറ്റ് സർവേ നടത്തി. റിട്ടയേഡ് ജഡ്ജി ജസ്റ്റിസ് തോട്ടത്തിൽ രാധാകൃഷ്ണൻ അധ്യക്ഷനായി വിദഗ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തു. സാറ്റലൈറ്റ് സർവേ റിപ്പോർട്ട് വ്യക്തമല്ലെന്നു ബോധ്യപ്പെട്ടതോടെയാണ് ഫീൽഡ് സർവേ നടത്താൻ വാർഡുതലത്തിൽ സംവിധാനം ഏർപ്പെടുത്തിയത്. സുപ്രീം കോടതി ഉത്തരവിനെതിരേ ആദ്യം അപ്പീൽ നൽകിയ സംസ്ഥാനം കേരളമാണ്. ഓഗസ്റ്റു മാസത്തിൽ നൽകിയ അപ്പീലിനു തടർ നടപടികൾ പുരോഗമിക്കുകയാണ്.

അനാവശ്യ ജനദ്രോഹ നിയമങ്ങൾ എഴുന്നള്ളിച്ചു കൊണ്ടുവന്ന ജനങ്ങളെ വേട്ടയാടുന്നതിൽ ജനപ്രതിനിധികൾക്കും വലിയ പങ്കുണ്ടെന്നു വിസ്മരിക്കാനാവില്ല. വനമേഖലയ്ക്കു ചുറ്റും ബഫർ സോൺ പ്രഖ്യാപിച്ചതു രണ്ടാം യുപിഎ സർക്കാരാണ്. അന്നത്തെ കേന്ദ്ര വനംമന്ത്രിയും കോൺഗ്രസ് നേതാവുമായ ജയറാം രമേശിനു കടുംപിടുത്തമായിരുന്നു. കേരളത്തിലും പ്രകൃതി, പരിസ്ഥിതി വാദികൾ ചമയുന്ന നേതാക്കളുണ്ട്. യുഡിഎഫ് സർക്കാർ പത്തു മുതൽ 12 വരെ കിലോമീറ്റർ ബഫർ സോൺ വേണമെന്നാണു തീരുമാനിച്ചത്. അത്രയും ബഫർ സോൺ വേണമെന്ന് അന്ന് എംഎൽഎമാരായിരുന്ന വി.ഡി സതീശൻ, ടിഎൻ പ്രതാപൻ, എൻ ഷംസുദ്ദീൻ എന്നിവരടങ്ങിയ ഉപസമിതിയാണു ശുപാർശ ചെയ്തത്.

പിന്നീട് 2019 ൽ എൽഡിഎഫ് മന്ത്രിസഭാ യോഗം സംരക്ഷിത വനത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ മതിയെന്നു തീരുമാനിച്ചു. പ്രളയത്തിന്റെകൂടി പശ്ചാത്തലത്തിലാണ് ബഫർസോൺ ഒരു കിലോമീറ്ററാക്കി ചുരുക്കിയതെന്നാണു മുഖ്യമന്ത്രി വിശദീകരിച്ചത്.



കേരളത്തിലെ 22 സംരക്ഷിത വനങ്ങളിലായി 3,330 ചതുരശ്ര കിലോമീറ്ററാണ് വന്യജീവി സംരക്ഷണ വനം. ഈ പ്രദേശങ്ങൾ അടക്കം 9,679 ചതുരശ്ര കിലോമീറ്റർ വനമാണ്. ഭൂമിയുടെ 24.91 ശതമാനം വനം. കേരളത്തിന്റെ 21,253 ചതുരശ്ര കിലോമീറ്റർ പ്രദേശത്തും മരങ്ങളാൽ സമ്പന്നമാണ്. അതായത് 54.7 ശതമാനം ഭൂപ്രദേശവും പച്ചത്തഴപ്പുള്ളതാണ്. ഇന്ത്യയിലെ ശരാശരി വനമേഖല 21.71 ശതമാനമാണ്. മരസമ്പന്നമായ മേഖല 24.62 ശതമാനം. ഭൂവിസ്തൃതിയുടെ 33 ശതമാനവും വനമാക്കണമെന്നാണ് കേന്ദ്ര വനംവകുപ്പിന്റെ ലക്ഷ്യം. ഈ ലക്ഷ്യം നേടാൻ ദശാബ്ദങ്ങളായി പട്ടയഭൂമിയിൽ അധ്വാനിക്കുന്ന കർഷകരെ വഴിയാധാരമാക്കാനാവില്ല. ഈ നാട് പട്ടയവും രേഖകളും സഹിതം ദശാബ്ദങ്ങളായി മലയോരങ്ങളിൽ താമസിച്ച് മണ്ണിനോടു മല്ലടിച്ചു കാർഷികോൽപന്നങ്ങൾ വിളയിച്ചെടുക്കുന്ന കർഷകരുടേതുകൂടിയാണ്.



# ഓ ദുനിയാ കേ രഖ് വാലേ കേട്ടാൽ തലവേദനിക്കുമോ?



**ഇന്ത്യൻ ചലച്ചിത്രവേദികണ്ട എണ്ണംപറഞ്ഞ സംഗീതസംവിധായകനായി മാറിയ നൗഷാദിന് ബോംബെയിലെ ഫുട്പാത്തിൽ അന്തിയുറങ്ങേണ്ടിവന്ന ഒരു കാലമുണ്ട്. ചരിത്രമാണത്. അനശ്വരനായ നൗഷാദിന്റെ 103–ാം ജന്മദിനമായിരുന്നു ഇക്കഴിഞ്ഞ ക്രിസ്മസ് പിറ്റേന്ന്. അദ്ദേഹത്തിന്റെ വിസ്മയഗാനങ്ങളിൽ ഒന്നിനെക്കുറിച്ചു വായിക്കാം....**




തേജശ്രീ

**പ**തിവുരീതികൾ വിട്ട് ശാസ്ത്രീയ സംഗീതജ്ഞനെക്കുറിച്ചുള്ള ഒരു സിനിമ ഒരുങ്ങുകയാണ് പണ്ടത്തെ ബോളിവുഡിൽ. അതിലെ പാട്ടുകൾ തട്ടുപൊളിപ്പൻ കൂട്ടത്തിലുള്ളതായാൽ ശരിയാവില്ലെന്നതു പരമാർ



ഥം. അവ ശുദ്ധസംഗീതമായാലേ പറ്റൂ. പക്ഷേ നിർമാതാക്കളിലൊരാൾക്ക് അഭിപ്രായവ്യത്യാസം- ശാസ്ത്രീയസംഗീതംകേട്ട് ആളുകൾക്ക് തലവേദനിക്കും, അവർ സിനിമാ കൊട്ടകയിൽനിന്ന് ഓടിരക്ഷപ്പെടും എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

എന്നാൽ സംഗീതസംവിധായകൻ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ലായിരുന്നു. അതു മറ്റാരുമല്ല, നൗഷാദ് ആയിരുന്നു.

എന്തിനാണ് എപ്പോഴും ആളുകൾക്കിഷ്ടമുള്ളത് ഇതാണ് എന്നു നമ്മൾ കരുതുന്നവ മാത്രം വിളമ്പിക്കൊടുക്കുന്നത്!. സിനിമയെയും പാട്ടിനെയും കുറിച്ച് ആളുകൾക്കുള്ള ധാരണ മാറ്റാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ശാസ്ത്രീയ സംഗീതപാരമ്പര്യം ഉൾക്കൊള്ളുന്ന പാട്ടുകളാണുണ്ടാക്കിയതും. അവ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തു- നൗഷാദ് പിന്നീട് ഓർമിച്ചതിങ്ങനെ. പ്രശസ്തമായ ബൈജു ബാവ് ര ആയിരുന്നു ആ സിനിമ.

## രാഗാധിഷ്ഠിതം, പാട്ടുകൾ

1952ൽ പുറത്തിറങ്ങിയ ബൈജു ബാവ് ര ഇന്നധികംപേരും ഓർക്കുന്നുണ്ടാവില്ല. അത്തരമൊരു മെലോഡ്രാമ ഇന്നത്തെ തലമുറയ്ക്ക് ഒരുപക്ഷേ സഹിക്കാനുമാകില്ല. എന്നാൽ അതിലെ പാട്ടുകൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്നും അവ ഏറ്റുപാടപ്പെടുന്നു. രാഗാധിഷ്ഠിതമായ ഒരു ഡസനിലേറെ പാട്ടുകളാണ് ആ ചിത്രത്തിലുള്ളത്. അവതന്നെയാണ് ചിത്രത്തിന്റെ ആത്മാവ്. സിനിമയുടെ പേരറിയാത്തവർക്കും മുഹമ്മദ് റഫിയുടെ ഓ ദുനിയാ കേ രഖ് വാലേ കാണാപ്പാഠമായിരിക്കും. ദർബാറി രാഗത്തിലുള്ള ആ പാട്ട് എത്ര കഠിനഹൃദയങ്ങളെയും ഉരുക്കിക്കളയുന്നുണ്ടല്ലോ.

അന്നുവരെ പാശ്ചാത്യ സംഗീതത്തിന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിയിട്ടുള്ള സംഗീതസംവിധായകനാണ് നൗഷാദ്. എന്നാൽ ബൈജു ബാവ് രയിൽ അദ്ദേഹം മെനഞ്ഞെടുത്ത രാഗശില്പങ്ങൾക്കുശേഷം രാഗാധിഷ്ഠിതമായ പാട്ടുകൾ ഹിന്ദി സിനിമയിൽ കൂടുതലായി പിറന്നു.

## ഹൃദയംതൊട്ട്....

സാധ്യതകളുടെ സാഗരം തുറന്നിടുന്ന രാഗങ്ങളിൽ പ്രധാനമത്രേ ഭൈരവി. ക്യൂൻ ഓഫ് മെലഡി എന്നു വിശേഷിപ്പിക്കപ്പെടുന്നു പുലർകാല രാഗമായ അത്. കോമളസ്വരങ്ങളും മൃദുവായ ആലാപനവും ചേരുമ്പോൾ ഭൈരവി ഹൃദയംതൊടും.

ബൈജു ബാവ് രയിലെ സുന്ദരമായ ഒരുപാട്ടിന് നൗഷാദ് ആധാരമാക്കിയതും ഭൈരവിതന്നെ. വേർപാടിന്റെ വേദനയാണ് മോഹേ ഭൂൽ ഗയേ സാവരിയാ എന്ന ആ പാട്ട് അനുഭവിപ്പിക്കുന്നത്. എന്നാൽ അന്നുവരെ കേട്ട ദുഃഖഗാനങ്ങളിൽനിന്ന് അതിനെ വേറൊരു തലത്തിലേക്ക് ഉയർത്താൻ നൗഷാദിന്റെ സംഗീതത്തിനും ലതാ മങ്കേഷ്കറുടെ ആലാപനത്തിനും സാധിച്ചു. കടുത്ത ദുഃഖത്തിനും ഭൈരവി ഗാംഭീര്യം നൽകി. നൗഷാദ് ഉരച്ചുമിനുക്കിയെടുത്ത രത്നമാണ് ഈ പാട്ട്.

കവി പ്രദീപിനെക്കൊണ്ട് ബൈജു ബാവ് രയിലെ പാട്ടുകളെഴുതിക്കാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. അദ്ദേഹം നൗഷാദിനെക്കാണാൻ എത്തുകയും ചെയ്തു. പക്ഷേ അതിനായി എന്തുകൊണ്ടോ ഏറെനേരം കാത്തുനിൽക്കേണ്ടിവന്നു. കവി ദേഷ്യപ്പെട്ടു മടങ്ങുകയും ചെയ്തു. അങ്ങനെയാണ് ഗാനരചയിതാവായി നൗഷാദിന്റെ അടുത്ത ബന്ധുകൂടിയായ ഷക്കീൽ ബദായുനി എത്തുന്നത്. ആ തീരുമാനം ഉചിതമാവുകയും ചെയ്തു. ഷക്കീലിന്റെ വരികൾ അത്രമേൽ ശക്തമായിരുന്നു.

## പനിച്ചൂടിൽ ലത

കടുത്ത പനിയുമായാണ് ലതാ മങ്കേഷ്കർ ഈ പാട്ടിന്റെ റെക്കോർഡിംഗിന് എത്തിയതെന്ന് ചിത്രത്തിന്റെ സംവിധായകനായ വിജയ് ഭട്ടിന്റെ കൊച്ചുമകൾ പൗരവി ഭട്ട് ഓർമിച്ചിട്ടുണ്ട്. അസുഖം വകവയ്ക്കാതെ രാത്രിമുഴുവൻ നീണ്ട റെക്കോർഡിംഗ് ലത പൂർത്തിയാക്കി. വേദനയിലൂടെയാണ് ഒരാളുടെ മുഴുവൻ കഴിവുകളും പുറത്തുവരികയെന്നു പറയാറുണ്ട്. ബൈജു ബാവ് രയുടെ കാര്യത്തിൽ അത് സത്യമാണ്. ഈ പാട്ടിലും ആ വേദനയുണ്ട്- പൗരവി പറയുന്നു.

ബൈജു ബാവ് രയിലെ തൂ ഗംഗാ കീ മോജ് എന്ന പാട്ടിലൂടെ നൗഷാദിന് 1954ലെ മികച്ച സംഗീതസംവിധായകനുള്ള ഫിലിംഫെയർ പുരസ്കാരം ലഭിച്ചു. ആ പാട്ടും ചിട്ടപ്പെടുത്തിയത് ഭൈരവി രാഗത്തിലായിരുന്നു.

ഒരു ജന്മദിനംകൂടി കടന്നുപോകുമ്പോൾ, പുതിയൊരു വർഷം പിറക്കുമ്പോൾ പഴമയെ മറക്കാതിരിക്കുക എന്നതാണ് നമ്മുടെ ദൗത്യം. ●

കവിത





എ. കെ. അനിൽകുമാർ

# 2023

ഇരുപത്തിരണ്ട് നുള്ളിയിട്ടുപോയ
ഇലത്തുമ്പിൽ ചാഞ്ഞുറങ്ങുന്നു
ഇരുപത്തിമൂന്നിനെയൊളിപ്പിച്ച
ഇത്തിരിപ്പോന്നൊരു ഹിമകണം.

പഴയതൊക്കെയുമോർമ്മയുടെ
ചാരത്തിൽപ്പൊതിഞ്ഞൊഴുക്കാം
ഇരുപത്തിമൂന്നിലുമൊഴുകുന്നൊരീ
ജീവിത ഗതിവിഗതികളിൽ.

നിറം വറ്റിയ മനസ്സിന്നാകാശമുറ്റത്ത്
വർണ്ണപ്പകിട്ടുള്ളൊരു പട്ടം പറത്താം
അതിലെ നേർത്തനൂലിൽ തഴുകിയൊരു
പുതുഗാനത്തിൻ ശ്രുതിയൊന്നുമീട്ടാം.

കൊഴിഞ്ഞ കരിയില വഴികളിൽ
ഒളിഞ്ഞിരിപ്പുണ്ട് മുമ്പേനടന്നചിന്തകൾ
മാറാലമാറ്റിയാ ഓർമ്മക്കുടുക്കിന്റെ
കരളിലെഴുതാം പുതുനിറക്കൂട്ടുകൾ.

പ്രണയിക്കാം ഇരുപത്തിമൂന്നിനെ
മറക്കാതിരിക്കാം ഇരുപത്തിരണ്ടിനെ
കൊഴിഞ്ഞ പൂവിനെ മറന്നൊരു മൊട്ടും
വിരിഞ്ഞിട്ടില്ലയീ മോഹനവാടിയിൽ.





സുരേന്ദ്രൻ മങ്ങാട്ട്

# പ്രതി



'സുബ്രു അലിയാസ് സുബ്രഹ്മണ്യൻ'

മുന്നിൽ ഗൗരവം പൂണ്ടിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ഉച്ചരിച്ച പേരിലേക്ക്, ഒരു ഫോട്ടോ എടുത്ത് മേശയുടെ മുകളിലൂടെ തനിക്ക് കാണാവുന്ന രീതിയിൽ വെച്ചപ്പോൾ, അതു തന്റെ അമ്മാവനിലേക്കുള്ള സൂചകമാണെന്ന് അവന് മനസ്സിലായി.

' ഇത് സുബ്രു മാമനാണ് '

അവൻ സ്വരം താഴ്ത്തി പറഞ്ഞു.

' മാമന്റെ പണി എന്താണെന്ന് നിനക്കറിയാമല്ലോ '

പോലീസുകാരന്റെ മുഖത്ത് നിഗൂഢമായ ചിരി. അവൻ അറിയാമെന്ന് അർത്ഥത്തിൽ തലയാട്ടി.

സുബ്രു മാമനെ കുറിച്ച് അറിയാൻ തന്നെയാണ് പോലീസുകാർ സ്റ്റേഷനിലേക്ക്

വിളിപ്പിച്ചതെന്നു അവനുറപ്പായി.

അവന്റെ അടുത്ത കസേരയിൽ മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ കൂടി വന്നിരുന്നു. കാര്യങ്ങൾ തിരക്കുന്ന രണ്ടു പോലീസ് ഉദ്യോഗസ്ഥരെയും മുൻപും കണ്ടിട്ടുണ്ട്. മാലിനിയുടെ അച്ഛന് പോലീസുകാരുമൊ ക്കെയായിട്ട് വളരെ നല്ല ബന്ധം ആണെന്ന് അവൻ ആ വീട്ടിൽ മരുമകനായി വരുമ്പോൾ തന്നെ കേട്ടിട്ടുണ്ട്. വയറൻ ശേഖരൻ എന്ന വിളിപ്പേരുള്ള അമ്മായിയച്ഛൻ പോലീസുകാരുടെ കയ്യാളാണെന്ന നാട്ടുകാർക്കിടയിലെ അടക്കംപറച്ചിൽ പലപ്പോഴും അവന്റെ കാതിലും എത്തിയിരുന്നു...

ജോൺസൺ എന്ന പോലീസുകാരനെ അറിയാമെന്നും സ്റ്റേഷനിൽ പൊയ്ക്കൊള്ളാൻ ധൈര്യം തന്നതും മാലിനിയുടെ അച്ഛൻ തന്നെയാണ്. ഇവർക്ക് നൽകേണ്ട വിവരങ്ങൾ മാമൻ സുബ്രഹ്മണ്യനെ കുറിച്ചാണ്. പത്തു പന്ത്രണ്ട് വർഷം മുമ്പ് കളവു കേസുകളിൽ പ്പെട്ട് നാടുവിട്ടു പോയ മാമൻ പിന്നീട് മംഗലാപുരത്തും ഉഡുപ്പിയിലുമെല്ലാം അറിയപ്പെടുന്ന വലിയ കള്ളനായി മാറിയത്രേ. ഫോട്ടോയിൽ കാണുന്ന മാമന്റെ രൂപം വളരെ ചെറുപ്പത്തിലേതാണ്. കുട്ടിക്കാലത്തുള്ള അവന്റെ ഓർമ്മയിലെ മാമന്റെ രൂപവുമായി സാദൃശ്യമുണ്ടെന്നു മാത്രം. എപ്പോഴും ബീഡി പുകയ്ക്കുന്ന, വസൂരികല നിറഞ്ഞ മുഖമുള്ള, മെലിഞ്ഞ ശരീരമുള്ള മാമൻ.

ഇപ്പോഴുള്ള മാമന്റെ രൂപം ബോധമണ്ഡലത്തിൽ വ്യക്തചിത്രങ്ങളായി തെളിഞ്ഞു കിടക്കുന്നുണ്ട്. ഒന്നൊന്നര വർഷം മുൻപ്, മാലിനിയെ കല്യാണം കഴിച്ചതിനു ശേഷം, ഒരിക്കൽ വീട്ടിൽ വച്ച് ആളെ കണ്ടിരുന്നു.

പിന്നീട് രണ്ടാഴ്ച മുൻപാണ് മാമൻ വീട്ടിൽ വന്നിട്ടുണ്ടെന്ന് അമ്മ വിളിച്ചു പറഞ്ഞപ്പോൾ രാത്രി തന്നെ വീട്ടിലേക്ക് ചെന്നത്.

അന്ന് നല്ല മഴയുള്ള ദിവസമാണെന്ന് അവനിപ്പോഴും ഓർക്കുന്നു. ഇപ്പോൾ ആന്ധ്രയിലാണ് താമസമെന്നും ചെറിയൊരു കട നടത്തുന്നുണ്ടെന്നും നരകയറിയ മുടി മാടിയൊതുക്കി പറഞ്ഞത് അവൻ ഓർത്തെടുത്തു.

രാത്രി തന്നെ മടങ്ങി പോകണമെന്നു പറഞ്ഞപ്പോൾ അമ്മയാണ് റെയിൽവേ സ്റ്റേഷൻ വരെ കൊണ്ടു ചെന്നാക്കാൻ പറഞ്ഞത്. മഴയൊന്നു ശമിച്ചപ്പോൾ മാമനെ മോട്ടോർ സൈക്കിളിനു പുറകിലിരുത്തി നാലഞ്ച് കിലോമീറ്റർ പോയി കാണും. ക്ഷേത്രത്തിനടുത്തുള്ള ബസ്റ്റോപ്പിൽ എത്തിയപ്പോൾ ഇവിടെ ഇറക്കിയാൽ മതിയെന്നു മാമനാണ് പറഞ്ഞത്.

ബസ്സ്റ്റോപ്പിലേക്കു കയറി നിൽക്കുമ്പോൾ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ബീഡിപ്പൊതി തപ്പിയെടുത്ത്, അടഞ്ഞു കിടക്കുന്ന ക്ഷേത്ര നടയിലേക്ക് ഭക്തി പൂർവ്വം നോക്കുന്നുണ്ടായിരുന്നു മാമൻ. മഴ ചാറി കൊണ്ടിരിക്കുന്നുണ്ടായിരുന്നു.രാത്രി പോകുന്ന ഏതെങ്കിലും ലോറിയിൽ കയറി റെയിൽവേ സ്റ്റേഷനടുത്തിറങ്ങുമെന്നും മടങ്ങി പൊയ്ക്കൊള്ളാനും മാമൻ പറഞ്ഞപ്പോൾ അവൻ നിർബന്ധിക്കാൻ പോയില്ല. മഴയ്ക്ക് ശക്തികൂടി. രാത്രിയിൽ മഴക്കുളിരിൽ തന്റെ മടങ്ങിവരവ് മാലിനി പ്രതീക്ഷിക്കുന്നുണ്ട്. മഴ നനഞ്ഞു മാലിനിയുടെ വീട്ടിലേക്കു കയറുമ്പോൾ സുബ്രു മാമനെ കുറിച്ചുള്ള ചിന്തകളൊന്നും മനസ്സിൽ ഉണ്ടായിരുന്നില്ല.

പോലീസിന്റെ ചോദ്യങ്ങൾ പ്രധാനമായും സുബ്രു മാമനെ ചുറ്റിപ്പറ്റിയാണ്. ഫോട്ടോയിൽ കാണുന്ന മാമന്റെ രൂപമല്ല ഇപ്പോൾ ഉള്ളത്. അത് അവൻ പറയുകയും ചെയ്തു.

'പുതിയ ഫോട്ടോ എന്തെങ്കിലും ലഭിക്കുമോ..'

ജോൺസൺ പോലീസ് മുഖത്തെ ഗൗരവഭാവം ഉപേക്ഷിച്ചിരുന്നില്ല.

നോക്കട്ടെ എന്ന് ഒറ്റവാക്കിൽ ഉള്ള മറുപടി പറയുമ്പോഴും ഫോട്ടോ കിട്ടുമെന്നുള്ള പ്രതീക്ഷ അവന് ഉണ്ടായിരുന്നില്ല.

'ഞങ്ങൾ വൈകിട്ട് ശേഖരനെ കാണാൻ വരുന്നുണ്ട് നീ അവിടെ ഉണ്ടാകണം '

തൊട്ടടുത്തിരുന്ന ക്രൈം സ്ക്വാഡിലെ പോലീസുകാരന്റെ നിർദ്ദേശം ശരി വെച്ച് അവൻ തലയാട്ടി...

വൈകിട്ട് മാലിനിയുടെ വീട്ടിൽ പോലീസുകാർ അമ്മായിയച്ഛനെ കാണാൻ വന്നിരുന്നു.എല്ലാവരും മുറ്റത്താണ് നിന്നിരുന്നത്. അൽപ്പം കൂടി മാറി നിന്ന് ജോൺസൺ സാറുമായി അച്ഛൻ രഹസ്യമായി സംസാരിക്കുന്നത് ശ്രദ്ധിക്കുകയായിരുന്നു അവൻ.കള്ളന്മാരെ കുറിച്ചുള്ള വിവരശേഖരണം അച്ഛന് ചെറുപ്പത്തിൽ താല്പര്യമുള്ള കാര്യമായിരുന്നുവെന്നു മാലിനി മുമ്പ് പറഞ്ഞിട്ടുണ്ട്.

പ്രായത്തിന്റെതായ, അല്പസ്വൽപ്പം ശാരീരിക അവശതകൾ ഉണ്ടെങ്കിലും അതൊന്നും അപ്പോൾ ശേഖരനിൽ പ്രകടമല്ലായിരുന്നു. പോലീസുകാർ മൂന്നു നാലുപേരുണ്ടായിരുന്നു. മാലിനി അതിഥികൾക്ക് ചായ കൊടുത്തു. ചായക്കപ്പ് ഏറ്റുവാങ്ങുമ്പോൾ പോലീസുകാർ ചെറുചിരിയോടെ നന്ദി പറയാൻ മറന്നില്ല.

എന്തിനാണ് അവർ വന്നത് എന്ന് അപ്പോഴും അവന് അവ്യക്തമായിരുന്നു.

പോലീസ് സംഘം പോയതിനുശേഷം ശേഖരൻ ധൃതിയിൽ വസ്ത്രം മാറുന്ന

ത് അവൻകണ്ടു.

പുറത്തേക്കു പോകാനുള്ള ഒരുക്കത്തിലാണ്.

'ഞാൻ വരണോ '

'വേണ്ടാ....'

മരുമകന്റെ ചോദ്യത്തിന് അയാൾ ധൃതിയിൽ ഒറ്റ വാക്കിൽ ഉത്തരം പറഞ്ഞ് ഇട റോഡിലേക്കിറങ്ങി നടന്നു.

ടൗണിലെ ശേഖരന്റെ ബേക്കറിയിപ്പോൾ നോക്കി നടത്തുന്നത് അവനാണ്. അതിനാൽ അയാളിപ്പോൾ സ്വസ്ഥമായി വീട്ടിൽ കഴിയാൻ തുടങ്ങിയിരുന്നു..

രാത്രിയിൽ അമ്മായിയച്ഛനോടൊപ്പം ഭക്ഷണം കഴിക്കുമ്പോഴാണ്, ചില രഹസ്യ വിവരങ്ങൾ അവന് പകർന്ന് കിട്ടിയത്..

സുബ്രുവിന്റെ പുറകിൽ പോലീസ് സഞ്ചരിക്കുന്നതിന്റെ സാംഗത്യം അപ്പോളാണ് ശരിക്കും ബോധ്യപ്പെട്ടത്. ശ്രീരാമക്ഷേത്രത്തിലെ സ്വർണാഭരണങ്ങൾ കവർച്ച ചെയ്യപ്പെട്ട കേസിലേക്ക് ഒരു വിരൽ അടയാളത്തിന്റെ സാധ്യതയിൽ സുബ്രു എന്ന സുബ്രഹ്മണ്യൻ തെളിഞ്ഞുവന്നു....

സുബ്രുവിന്റെ മോഷണരീതികളും ക്ഷേത്രത്തിനകത്തേ ക്കുള്ള മോഷ്ടാവിന്റെ ആഗമനവും ബഹിർഗമനവും എല്ലാം ഒത്തുപോകുന്നത് തന്നെയായിരുന്നു. വർഷങ്ങൾക്കു മുമ്പ് ചെറു ശിക്ഷകൾ അനുഭവിച്ച തീർത്ത ശേഷം ദേശം വിട്ട മോഷ്ടാവ് വീണ്ടും അവതരിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കുകയായിരുന്നു നിയമപാലകർ.

ഏറെ വിവാദങ്ങൾക്ക് വഴിവെച്ച ക്ഷേത്ര കവർച്ചയിൽ പ്രതികളുടെ ഇരുൾ രൂപങ്ങളിൽ ആളറിയാതെ തപ്പി തടയുകയായിരുന്നു അവർ. സംശയങ്ങൾ അർദ്ധരാത്രിയിൽ ഉറങ്ങാൻ പോയ ക്ഷേത്രകാവൽക്കാർ തൊട്ട് ക്ഷേത്രം ഭരണാധികാരികളിലേക്ക് വരെ നീണ്ടു പോയി.കളവിലും അന്വേഷണത്തിലും രാഷ്ട്രീയ ആരോപണങ്ങൾ പല നിറം

ങ്ങൾ നൽകി.

അപ്പോഴാണ് ആശ്വാസമേകിക്കൊണ്ട് തെളിഞ്ഞുനിന്ന വിരൽ ചിത്രങ്ങളിൽ ഒന്ന് സുബ്രുവിലേക്ക് ചൂണ്ടപ്പെട്ട വിവരം ഫിംഗർ പ്രിന്റ് ബ്യൂറോയിൽ നിന്നും ലഭിക്കു

**രാത്രിയിൽ അമ്മായിയച്ഛനോടൊപ്പം ഭക്ഷണം കഴിക്കുമ്പോഴാണ്, ചില രഹസ്യ വിവരങ്ങൾ അവന് പകർന്ന് കിട്ടിയത്.. സുബ്രുവിന്റെ പുറകിൽ പോലീസ് സഞ്ചരിക്കുന്നതിന്റെ സാംഗത്യം അപ്പോളാണ് ശരിക്കും ബോധ്യപ്പെട്ടത്. ശ്രീരാമക്ഷേത്രത്തിലെ സ്വർണാഭരണങ്ങൾ കവർച്ച ചെയ്യപ്പെട്ട കേസിലേക്ക് ഒരു വിരൽ അടയാളത്തിന്റെ സാധ്യതയിൽ സുബ്രു എന്ന സുബ്രഹ്മണ്യൻ തെളിഞ്ഞുവന്നു....**

ന്നത് ...

അവൻ അന്വേഷണത്തിലായിരുന്നു, മോഷ്ടാവായ മാമന്റെ ഒരു ചിത്രം വേണം., മാമനെ ബന്ധിപ്പിക്കുന്ന ഒരു ഫോൺ നമ്പർ, അങ്ങനെ എന്തെങ്കിലും വേണം. മഴയുള്ള രാത്രിയിൽ തന്റെ മോട്ടോർസൈക്കിളിൽ പിറകിൽ ചേർന്നിരുന്ന് സഞ്ചരിച്ച മാമന്റെ വസൂരി കലയുള്ള മുഖം അവനോർത്തെടുക്കാൻ ശ്രമിച്ചു.

മാമൻ ആ രാത്രിയിൽ വീട്ടിൽനിന്ന് പുറപ്പെടുന്നതിനു മുൻപ് തന്റെ മൊബൈൽ ഫോണിൽ നിന്ന് ആരെയോ വിളിച്ച കാര്യം അവന്റെ മനസ്സിൽ ഒരുൾ വെളിച്ചം പോലെ മിന്നി . മാമൻ മൊബൈൽ ഫോൺ ഉപയോഗിക്കാറില്ലായിരുന്നു,

അവന്റെ സഹായത്തോടുകൂടിയാണ് പോലീസ് രേഖാചിത്രം വരച്ചത്, സുബ്രു എന്ന സുബ്രഹ്മണ്യന്റെ മധ്യവയസ്സു പിന്നിട്ട ചിത്രം,ഇപ്പോഴത്തെ രൂപം.

അവന്റെ മൊബൈൽ ഫോൺ വിളികളുടെ ചരിത്ര പരിശോധനയിൽ സുബ്രു വിജയവാഡ യിലേക്ക് വിളിച്ച നമ്പറിന്റ വ്യക്തി വിവരങ്ങൾ പോലീസ് ശേഖരിച്ചപ്പോൾ അവനും ആവേശഭരിതനായി...

അന്വേഷണത്തിൽ അലസത കാണിക്കുന്നുവെന്നും ആരെയൊക്കെയോ രക്ഷിക്കാൻ ശ്രമം നടക്കുന്നു എന്നുമുള്ള ആ

രോപണങ്ങൾക്ക് മദ്ധ്യേയാണ് വിജയവാഡയിലേക്ക് പുറപ്പെട്ട പോലീസ് സംഘത്തോടൊപ്പം അവനും പോയത്.. വിജയവാഡയിൽ സുബ്രുവിനെ അന്വേഷിച്ച് പോലീസ് ബന്ധപ്പെട്ട ആളുകളെയൊന്നും അവന് അറിയില്ലായിരുന്നു. തന്റെ ഫോണിൽ നിന്നും മാമൻ വിളിച്ചത് വിജയവാഡയിലെ പഴയ സ്വർണ്ണം എടുത്തു വിൽക്കുന്ന ഒരു തെലുങ്കനെ ആണെന്ന് വൈകാതെ മനസ്സിലായി. ഈ അടുത്തകാലത്തൊന്നും അയാൾ സുബ്രുവിനെ കണ്ടിട്ടില്ല.പോലീസ് സംഘം ,തിരിച്ചും മറിച്ചും ചോദിച്ചിട്ടും തെലുങ്കന്റെ വിലാപത്തിനപ്പുറം ഒന്നും വെളിപ്പെട്ടില്ല...



പോലീസിനോടൊത്തു ള്ള അലഞ്ഞു നടക്കലിൽ മാമന് വേറെയും ചില പേരുകൾ ഉണ്ടെന്നുകൂടി മനസ്സിലാക്കിയപ്പോൾ, പ്രതിയെ കണ്ടെത്തണമെന്ന ത്വര മറ്റു ബുദ്ധിമുട്ടുകളെ മറക്കാൻ പ്രേരിപ്പിച്ചുവെന്ന് പറയാം....യ

‘ദൈവത്തിന്റെ പേരുള്ളവൻ മോഷ്ടാവാണെങ്കിൽ കൂടി അവനിൽ നിയമത്തിന്റെ ദൃഷ്ടി പതിയില്ലെത്രെ....‘

സംഘത്തലവനായ ഓഫീസർ നിരാശയിൽ പുതു വചനങ്ങൾ കണ്ടെത്തി,ആശ്വാസം കൊണ്ടു .

രണ്ടാഴ്ച നീണ്ട അലച്ചലിനു ശേഷം നിരാശരായ സംഘം നാട്ടിലേക്കു മടങ്ങി. ചർച്ചകൾ,....

വിശകലനങ്ങൾ,...

ഉയർന്നു വരുന്ന ആരോപണങ്ങളെ നേരിടേണ്ട വിധം.......

അവൻ വീണ്ടും വീണ്ടും അന്വേഷണത്തിനായി സംഘത്തോടൊപ്പം സഞ്ചരിക്കുമ്പോൾ മൊഴികളുടെ സാക്ഷ്യത്തിനപ്പുറം, താൻ നീങ്ങിക്കൊണ്ടിരിക്കുന്നതായുള്ള ധാരണ അവനുണ്ടായിരുന്നില്ല.

മോഷ്ടാവിനെ കൃത്യത്തിലേക്കു ബന്ധിപ്പിക്കുന്ന കണ്ണി.

അകന്നും അടുത്തും ചോദ്യംചെയ്യലുകളുടെ ദൈർഘ്യം ഏറി കൊണ്ടിരുന്നു.

അവനില്ലാത്ത ദിനങ്ങളിൽ ബേക്കറി തുറന്നിരിക്കാൻ വയറൻ ശേഖരന് പോകേണ്ടിവന്നു.

അന്വേഷണത്തിന്റെ പുരോഗതി ചർച്ച ചെയ്യുന്നതിന്റെ ഭാഗമായി അവൻ പതിവുപോലെ സ്റ്റേഷനിൽ എത്തിയിരുന്നു. പോലീസുകാരനായ ജോൺസന്റെയും സംഘത്തോടൊപ്പം എപ്പോഴും ഉണ്ടായിരുന്ന ഓഫീസറുടെയും മുഖം അന്ന് വല്ലാത്ത പിരിമുറുക്കത്തിലാണെന്ന് അവന് തോന്നി.

‘ഈ കേസിൽ ഒരു പ്രതിമാത്രമല്ല.,കൃത്യത്തിന് സഹായിച്ച കൂട്ടുപ്രതിയുണ്ട്.‘

ഉയർന്ന ഉദ്യോഗസ്ഥന്റെ വാക്കുകളിൽ വല്ലാത്ത കാർക്കശ്യം.

കൂട്ടായ അന്വേഷണം പ്രതിക്കായുള്ള വേട്ടയാടൽ തന്നെയാണ്. ഇവിടെ സമയം പരിമിതമാണ്. ഇപ്പോഴും മറയത്തുള്ള പ്രതിയാകുന്ന ഇരയിലേക്കെത്തിയിലെങ്കിൽ, ഒരു ഇരയെ കണ്ടെത്തി പിടിച്ചേ മതിയാകൂ. സമ്മർദ്ദങ്ങളിൽ, വേട്ടയുടെ ലക്ഷ്യം പിഴച്ചുവോയെന്നതിന് പ്രാധാന്യമില്ല.ഇരയെ മാത്രമാണ് കാഴ്ചക്കാർ ആവശ്യപ്പെടുന്നത്.

‘ഈ വിഷയത്തിൽ സഹതാപം നോക്കേണ്ടതില്ല, സാഹചര്യം അങ്ങനെയായെന്നു കൂട്ടിയാൽ മതി ‘

യോഗം നടക്കുന്ന മുറിയിൽ മറ്റാരുടെയും എതിർ ശബ്ദം ഉയർന്നില്ല.തെളിവുകൾ ഉണ്ടെങ്കിൽ ഒരു അറസ്റ്റ്.അത് അനിവാര്യമാണ്. സംഘാംഗങ്ങൾക്കുള്ള നിർദേശങ്ങൾ നല്കപ്പെടുമ്പോൾ

മുറിക്ക് പുറത്ത് ഇരിക്കുകയായിരുന്നു അവൻ.

അല്പം കഴിഞ്ഞ് ജോൺസൺ പോലീസ് പുറത്തേക്ക് വന്നു..

അവന്റെ മുഖത്തു നോക്കാതെ,

മർദ്ദവമൊട്ടുമില്ലാതെ വലം കൈ പിടിച്ച് അയാളവനെ അകത്തേക്ക് കൊണ്ടു പോകുമ്പോൾ, എന്താണ്സംഭവിക്കുന്നതെന്നവന് മനസ്സിലായിരുന്നില്ല. യോഗം നടക്കുന്ന മുറിയിൽ ഇരിപ്പിടങ്ങളിൽ,താൻ കണ്ടു പരിചയിച്ച മുഖങ്ങളിലൊന്നും പരിചയത്തിന്റെതായ പുഞ്ചിരിഭാവങ്ങൾ ഉണ്ടായിരുന്നില്ല. അപ്പോൾ അവനെത്തന്നെ നോക്കി നിന്നിരുന്ന, ചർച്ചകളെ നിയന്ത്രിച്ചിരുന്ന ഉയർന്ന ഉദ്യോഗസ്ഥൻ ഫോണിലൂടെ ആരോടൊ പറയുന്നത് കേട്ടു,..

ഏ ടു അറസ്റ്റഡ്....

# പറയാൻ മറന്ന രാവൊച്ചകൾ....

പാറമടയിൽ തോട്ടപ്പൊട്ടിക്കുമ്പോൾ
ചിതറിത്തെറിക്കുന്ന കരിങ്കൽചീളുകൾ....
മൗനത്തിന്റെ മൊട്ടക്കുന്നിൽ നിന്നും
ഗദ്ഗദങ്ങളുടെ കറുത്ത രാവൊച്ചകൾ

കത്തുന്ന പ്രണയജ്വാലയിൽ
ഞാനുരുകിയൊലിക്കാതിരിക്കാനായി
നീർബാഷ്പപ്പുതപ്പിനാൽ
നീയെന്നെ പുതപ്പിക്കുന്നു

തീക്കനലെല്ലാമണച്ചനിശയിൽ
നീയെന്നിൽ രാമഴയായ്
പെയ്തിറങ്ങുമ്പോൾ
ഉടൽ പൂക്കുന്ന രതിമൂർച്ഛയിൽ
ഉയിർ കിളിർക്കുന്നെന്നിൽ

മണ്ണെഴുത്തും പെണ്ണെഴുത്തും
ഒന്നായ യാമങ്ങളിൽ
ഉണ്ടായ കുഞ്ഞുങ്ങൾക്ക്
വരരുചിപ്പെരുമ .....

ഒന്നായ് വളർന്നതും
പലതായ് പിരിഞ്ഞതും
പലതിനായ് പടവെട്ടിയതും

അന്ത്യത്തിലെന്നിലെയെന്നെ-
ത്തന്നെ പിച്ചിച്ചീന്തിയതും
വില്പനയ്ക്കായ് നിരത്തിയതും

ആത്മാക്കളെ ചുട്ടെടുക്കുന്ന മക്കൾ

ഉരുകിയൊലിക്കുന്ന നീയും
പൊള്ളിപ്പിടയുന്ന ഞാനും
പറയാൻ മറന്ന
പ്രണയത്തിന്റെ രാവൊച്ചകളായ്...



സിന്ധു ഗാഥ



അനിത ശ്രീജിത്ത്



# കടപയാദി

വരദയ്ക്ക് കലശലായ ദേഷ്യം വന്നു, എന്തൊക്കെയാണീ അസത്ത് പെണ്ണ് ചെയ്തു കൂട്ടുന്നത്! മകന്റെ ഭാര്യയാണെന്നതും ന്യൂജനാണെന്നതുമെല്ലാം കൊള്ളാം ഇത്രയ്ക്കങ്ങ് കേറാൻ പാടുണ്ടോ? അവർക്കീർഷ്യ പെരുത്തുകുത്തി.

'നീരജേ..'

'ഹ അമ്മ വന്നോ? വാമ്മേ, വാ വന്നിരിയ്ക്ക്. നീരജ് തന്റെ മടക്കിവച്ച കാൽ നിവർത്തി നിലത്തു കുത്തി. ബിക്കിനിയോടടുത്തു നിൽക്കുന്ന ട്രൗസറിന്റെ ഇടയിൽക്കൂടി ലൈലാക്ക് നിറത്തിൽ ഷഡ്ഢി കാണാം. അതുകണ്ട വരദയ്ക്ക് കാല് നിലത്തുറച്ചുപോയി. നീരജയ്ക്ക് മുമ്പിലിരുന്ന് ഭക്ഷണം കഴിക്കുന്ന ഭർത്താവിനെ അവർ എരിപൊരികൊണ്ട് നോക്കി. അയാൾ ആസ്വദിച്ച് ഭക്ഷണം കഴിക്കുന്നു. തിരിഞ്ഞ് അടുക്കളയിലേയ്ക്ക് നോക്കിയപ്പോൾ പാചകക്കാരി നീലം ഒരു നീലം മുക്കിയ ചിരിയെറിഞ്ഞു തന്നു. അതിൽ 'അനുഭവിച്ചോ തള്ളേ നിങ്ങടെ കാലം വന്നു' എന്നു പുശ്ചിച്ച പോലെ അവർക്ക് നൊന്തു.

നീരജ എഴുന്നേറ്റ് ഒരു ബൗളിലേയ്ക്ക് മുറിച്ചുവച്ച പഴക്കഷ്ണങ്ങൾ എടുത്തു. നേരെ അയാൾക്കു മുമ്പിൽ വച്ചിട്ട് കുനിഞ്ഞുനിന്ന് സോഫയിൽക്കിടന്ന ഫോണെടുത്തു. അവളുടെ മിനുക്കിയ കാല്പ്പാദങ്ങളുടെയറ്റം രക്തം തുടിക്കുമ്പോലെ തുടുത്തിരുന്നു. ഒഴുകിയിറങ്ങിക്കിടന്ന മുടി മുകളിലേക്ക് ഉയർത്തിപ്പിടിച്ച് കൈയ്യിൽക്കിടന്ന കറുത്ത ഹെയർ ബാൻഡ് കൊണ്ടു കെട്ടിവച്ചു. അപ്പോൾ കുളി കഴിഞ്ഞിറങ്ങി വന്ന രോഹനും അതിശയത്തോടെ അച്ഛനെ നോക്കി. അയാളവനെ നോക്കി ഹൃദ്യമായിച്ചിരിച്ചു.

'രോഹൻ കുളിച്ചെത്തിയോ. വാ നമുക്ക് കഴിക്കാം. ഞാൻ വെയ്റ്റു ചെയ്യുവാരുന്നു. അച്ഛനൊപ്പം ഇരിക്കാന്നോർത്തു വന്നതാ. പിന്നെ നിന്നെയോർത്തപ്പോൾ വേണ്ടന്നു വച്ചു.

രോഹൻ വെപ്രാളത്തിൽ അച്ഛനെ നോക്കി. അയാൾ ശാന്തനായി ഒരിഡ്ഢലികൂടി കാസറോൾ തുറന്നെടുക്കാൻ ശ്രമിച്ചപ്പോൾ നീരജ

അതെടുത്ത് പ്ലേറ്റിലേക്ക് വച്ചു കൊടുത്തശേഷം ഒരു സ്പൂൺ കടലച്ചഡ്ണി അതിനരികിലായി

വിളമ്പിക്കൊടുത്തു.

വെപ്രാളത്തിൽ വരദ പാഞ്ഞുവന്ന് നീരജയെ വിളിച്ചു.

'നീരജ അകത്തേയ്ക്ക് പൊയ്ക്കോളൂ. അച്ഛൻ കഴിച്ചശേഷം കഴിക്കാം. ഇവിടെ അതാരീതി.

'ആണോ? അതൊരു ബോറൻ ഏർപ്പാടല്ലേ, ഈ പതിനഞ്ചാം നൂറ്റാണ്ടിലേയൊക്കെപ്പോലെ! അച്ഛന് എല്ലാരൂടി ഇരിക്കണതാവും ഇഷ്ടം. അല്ലേ അച്ഛാ?'

അയാൾ നീരജയെ ഒന്നു നോക്കിയ ശേഷം വരദയിൽ ദൃഷ്ടിയുറപ്പിച്ചു. പിന്നെഒച്ചയില്ലാതെ കുലുങ്ങിച്ചിരിക്കാനാരംഭിച്ചു. വരദയ്ക്ക് പരിഭ്രമമേറി.

ഇവിടെ ചില ചിട്ടകളൊക്കെയുണ്ട്, അത് തെറ്റിക്കുന്നതച്ഛനിഷ്ടമില്ല.

'ഇതേതായാലും അച്ഛനിഷ്ടമാണ്.'

നീരജ അയാളുടെ തൊട്ടടുത്തകസേരയിൽ ഇരുന്നശേഷം പ്ലേറ്റെടുത്ത് മുമ്പിൽ വച്ച് രണ്ടിഡ്ഢലി അതിലേക്ക് വച്ചു. ഒരു വടകൂടി എടുത്തതിൽ ഒന്നു കടിച്ചശേഷം ഇഡ്ഢലിക്കരികിൽ വച്ചു. രോഹൻ ആകെത്തരിച്ചു നിൽക്കുന്നതവളെ അമ്പരപ്പിച്ചില്ല.

'വാ രോഹൻ. ഇരിക്ക്, അമ്മയും വരൂന്നേ'

'ഞാനെഴുന്നേൽക്കുന്നു മോളെ'

അച്ഛൻ കോഫീക്കപ്പ് മേശപ്പുറത്തേക്കു വച്ചെഴുന്നേറ്റു.

'ഓക്കെ അച്ഛാ'

വരദയ്ക്ക് നീരജയുടെ തട്ടും തടവുമില്ലാത്ത സംസാരത്തിൽ നീരസം പെരുത്തുവന്നു. അവർ ദേഷ്യത്തിൽ മകനെ നോക്കി. അമ്മ നോക്കുന്നതറിഞ്ഞിട്ടുതന്നെ അവൻ അവരെ നോക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊണ്ട് നീരജയ്ക്ക് എതിരേ ഇരുന്നു. അവന്റെ മുഖം എന്തോ അബദ്ധം സംഭവിച്ചതുപോലെ വിളറിയിരുന്നു. നീരജയ്ക്ക് ഉള്ളിൽ ചിരിവന്നു.

രണ്ടുദിവസമേ ആയുള്ളൂ അവർ വിവാഹിതരായിട്ട്. തികച്ചും അപരിചിതരായ രണ്ടുപേർ. അമ്മയുടേയും അച്ഛന്റെയും താത്പര്യത്തിൽ മാത്രം വിവാഹിതരായവർ. രോഹന് സ്വന്തമായി തീരുമാനങ്ങൾ തന്നെ ഉണ്ടായിരുന്നില്ല. പഠിച്ചതും വളർന്നതും ജോലി സമ്പാദിച്ചതും വിവാഹം കഴിച്ചതും എല്ലാം അച്ഛന്റെ താത്പര്യത്തിൽ. അച്ഛന്റെ മുൻപിൽ നേരെ നിൽക്കാൻ പോലും രോഹൻ ചങ്കുറപ്പു കാണിച്ചില്ല. അടിമ പോലെയായതിനാൽ അതിനുള്ള അവസരങ്ങൾ ഒന്നുമേ ഉണ്ടായതുമില്ല.

നീരജ വളർന്നത് അമ്മയുടേയും അച്ഛന്റേയും ഓമനയായിട്ടാണ്. എന്തിനും ഏതിനും അവൾക്കവർ ഇടംവലം നിന്നു. അവളുടെ അഭിപ്രായങ്ങൾക്ക് അവർ പൂർണ്ണസ്വാതന്ത്ര്യം നൽകി. അവളെ തിരുത്തേണ്ടപ്പോൾ തിരുത്തി. അവൾ പ്രായപൂർത്തിയായപ്പോൾ മുതൽ അവൾക്കു വേണ്ട തീരുമാനങ്ങൾ അവളുടേത് മാത്രമായി. വളർന്നപ്പോൾ അവൾക്ക് ആരോടും പ്രണയമൊന്നും തോന്നിയില്ല. അപൂർവ്വം ചില ക്രഷ് തോന്നിയത് കൂടുതലറിഞ്ഞപ്പോൾ കൊഴിഞ്ഞും പോയി. അമ്മയോടവൾ പറഞ്ഞു:

"നോക്ക് വസു ഞാനൊരു ഏകകോശജീവിയാണെന്നു തോന്നുന്നു. എനിക്കിങ്ങനെ കഴിയാനാ തോന്നുന്നത്.'

'നോ .. ജാനു ഒരു പ്രായം കഴിയുമ്പോൾ നമ്മൾ തീരെത്തനിച്ചായിപ്പോകും. അപ്പോൾപ്പിന്നെ നമുക്ക് ചേർന്ന ജോഡി കിട്ടാനും പാടാകും.'

അവളെ വിട്ടിൽ ജാനുവെന്നായിരുന്നു വിളിക്കുക. അവൾ അമ്മയോട് എതിരൊന്നും പറഞ്ഞില്ല. പിന്നീട് അച്ഛന്റെ സുഹൃത്തായ ആനന്ദവർമ്മയുടെ മകനെ അവൾക്കായി ആലോചിച്ചതും അച്ഛനാണ്.

'നമ്മൾക്ക് ജാതീം മതവും ഒന്നുമില്ലെന്ന് ആനന്ദനറിയാം. തന്നേമല്ല അയാൾ പറയുന്നത് മകനെ ഒരാൺകുട്ടിയാക്കിത്തീർക്കാൻ നീരജയെ വേണമെന്നാണ്. വെറും പാവത്താനാണത്രേ. അതു കേട്ടപ്പോൾ ഞാനല്പം മുഷിഞ്ഞു, പക്ഷേ ആനന്ദൻ വീണ്ടും പറഞ്ഞത് എന്നെ അങ്ങാകർഷിച്ചേടോ ?

'ഉം?'

'അവന് സ്വാതന്ത്ര്യമെന്താണെന്നറിയില്ല. അവന്നു മാത്രമല്ല അവന്റമ്മയ്ക്കും. ഞാനാരോടും അടിമയാകാൻ പറഞ്ഞിട്ടില്ല. അവൾ സ്വമേധയാ അടിമപോലെ ആയിത്തീർന്നു. മകനെയോ അതിലും അടിമയാക്കി വളർത്തി. കുറേയേറെ ഞാൻ പ്രതികരിച്ചുനോക്കി. നോക്കിയപ്പോഴൊക്കെ ഞാൻ എന്തൊക്കെയോ ആജ്ഞാപിക്കുകയാണെന്ന ഭാവത്തിൽ വരദ ഞാൻ പറയാത്ത കാര്യങ്ങളെപ്പോലും വളച്ചൊടിച്ച് എന്നെ ആ വീട്ടിലെ രാജാവായും ബാക്കിയെല്ലാവരും സേവകരുമാക്കിത്തീർത്തു. അതവൾ വളർന്ന രീതിയുമാണ്. വളർന്നപ്പോൾ ഒരുദിവസം മോനെ ഞാൻ പുറത്ത് കൊണ്ടുപോയി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയതാണ്. വീട്ടിൽ തിരിച്ചെത്തിയപ്പോൾ അവൻ വീണ്ടും പേടിയുടെ കുപ്പായമണിഞ്ഞു. ആ പേടി മാറിയാൽ അവൻ അപാര കഴിവുള്ളവനാണ് ഗൗതം. നിങ്ങൾ പേടിക്കേണ്ട എന്റെ ബിസിനസും സ്ഥാപനങ്ങളും വിശാലമായ മന

സ്സും മോളോടൊപ്പമുണ്ട്. അവളെ ധൈര്യമായി അവന്റെ കൂടെ അയക്കണം.'

'അവളെയിട്ട് പരീക്ഷിക്കാനാണോ ഭാവം? വസുധയ്ക്ക് നീരസം വന്നു.

'അവൾക്കിതൊക്കെ മൈനർ മാറ്റേഴ്സ് വസു... രോഹൻ നല്ല പയ്യനാണ്.'

അയാൾ പൊട്ടിച്ചിരിച്ചു കൊണ്ടവളുടെ ചന്തിക്കൊന്നു തട്ടി.

'ആഭാസൻ കിഴവൻ'



'കിഴവനോ? ഇച്ചിരെ പുളിക്കും മോളേ .. പെമ്പിള്ളേര് ക്യൂ നിക്കുവാ..'

'ഇതെന്താ മാവേലി സ്റ്റോറോ, അതോ മദ്യഷാപ്പോ ക്യൂ നിക്കാൻ!'

'.. ഉം അസൂയ അസൂയ '

അവർ പൊട്ടിച്ചിരിച്ചതിന്റെ പിറ്റേന്നാൾ തന്നെ നീരജയെക്കാണാൻ രോഹൻ വന്നു. നല്ല സുന്ദരനും സുമുഖനും പഞ്ചപാവവുമായ അയാളോട് നീരജക്ക്

അഭിനിവേശമോ സഹതാപമോ തോന്നിയില്ല. എല്ലാവർക്കും സമ്മതം അവൾക്കും സമ്മതം.

വരദയ്ക്കുമാത്രം കാര്യങ്ങളത്ര പിടിച്ചില്ല.

'അവര് തീയ്യമ്മാരല്ലേ ഏട്ടാ.. കോലോത്തേയ്ക്ക് വരാൻ പറ്റുന്നോരെ വേണ്ട ഉണ്ണിക്ക്?'

ഭവ്യതയിൽ എണ്ണയിട്ട് ഉരുമ്മിയ ചോദ്യം ആനന്ദിനെ ഉള്ളിൽ ചിരിപ്പിച്ചു. 'ഉം.. തിയ്യമ്മാരും വർമ്മമാരും തമ്മിലുള്ള വ്യത്യാസം വരദയ്ക്ക് നിശ്ചയൊണ്ടോ?

പിന്നീട് വരദ ഒരക്ഷരവും മിണ്ടില്ല, വിവാഹം കഴിഞ്ഞ് ദാ ഇപ്പോൾ വരെ.

വിവാഹം കഴിഞ്ഞെത്തിയപ്പോൾ നീരജക്ക് അത്ര വലിയവീട് ഒരാഡംബരമായിത്തോന്നിയതൊഴിച്ചാൽ പ്രത്യേകിച്ചൊന്നും തോന്നിയില്ല. അമ്മയ്ക്ക് അല്പം അകൽച്ചയില്ലേ എന്നൊരു സംശയവും തോന്നിയിരുന്നു. എന്നാലും അവൾക്കാ രണ്ടുദിനവും ധാരാളം നേരമ്പോക്കിനുള്ള വകയുണ്ടായിരുന്നു. നീലം മധ്യപ്രദേശ് കാനിയായ മലയാളിയാണ്. കൊച്ചിലേ ഇവിടെ വന്നതിനാൽ നന്നായി മലയാളമറിയാം. ഇടയ്ക്കിടെ നീലത്തെനോക്കി നീരജ ഓരോ കോക്രി കാണിക്കും. അവൾ വല്ലാതെ അസ്വസ്ഥപ്പെടുമ്പോൾ നീരജ

'അല്പം ജ്യൂസ് തരുമോ നീലം' എന്നാവശ്യപ്പെടും. ഭവ്യതയോടെ ജ്യൂസുമായി വരുമ്പോൾ അവൾ കൈ പിടിച്ച് നീലത്തിനോട് കൂടെയിരിക്കാനാവശ്യപ്പെടും. അവൾ വെപ്രാളത്തിൽ തിരികെ പോകാനായും.

'പൊന്നുമേഡം ഇവിടുത്തെ കൊച്ചമ്പ്രാട്ടി എന്നെ വഴക്കു പറയും'.

'കൊച്ചമ്പ്രാട്ടിയോ?!!'

'അമ്മേ .. ഈ നീലമെന്തിനാ അമ്മേനെ കൊച്ചമ്പ്രാട്ടീ എന്നൊക്കെ വിളിക്കുന്നേ!

ഇവിടെന്താ രാജഭരണമാണോ? ഹ. ഹ ഹ'

വരദയ്ക്ക് കുറവായിത്തോന്നി. എന്തു പറയണം!

നീരജ നീലത്തിനോട് താൻ മാഡമല്ലെന്നും തന്നെ നീരജാന്നു തന്നെ വിളിക്കണമെന്നും ആവശ്യപ്പെട്ടു. പരിഭ്രമിച്ച നീലത്തിനെ ഇറുകെ കെട്ടിപ്പിടിച്ച് പേടി മാറ്റിക്കൊടുത്തു.

നീലത്തിന് ആകെ അമ്പരപ്പായിരുന്നു. ഇങ്ങനെ അവളോട് ഇടപെട്ട ആരും ഉണ്ടായിട്ടില്ല. അവൾക്ക് നീരജയെ ഉമ്മവയ്ക്കാൻ തോന്നി. കണ്ടാലും ഉമ്മവയ്ക്കാൻ തോന്നും, ഒരു തുടുത്ത പാവക്കുട്ടി പോലുള്ള പെണ്ണ്. ജീവിതത്തിൽ

ആദ്യമായി നീലം ഉള്ളാലെ ചിരിച്ചു കൊണ്ട് അടുക്കളപ്പണികളിൽ മുഴുകി.

അപ്പോഴും വരദയ്ക്ക് മാത്രം ശ്വാസം മുട്ടി.

രോഹന് ഭാര്യയോടിടപെടാൻ മടിയൊന്നും തോന്നിയില്ല. അവളുടെ ഫ്രാങ്കായുള്ള പെരുമാറ്റത്തിൽ അവനാദ്യം പരിഭ്രമിച്ചെങ്കിലും പോകപ്പോകെ അവനതിൽ ആനന്ദം കണ്ടെത്തിത്തുടങ്ങി. എന്നിട്ടും അച്ഛനോടടുക്കാനവന് സാധിച്ചില്ല. അമ്മയെ അനുസരിക്കാതിരിക്കാനും. വരദയ്ക്ക് മകനെങ്ങാനും മരുമകളെപ്പോലെയാകുമോ എന്ന പേടികൊണ്ട് ഉറക്കംതന്നെ നഷ്ടപ്പെട്ടു. ഭർത്താവിനോടുള്ള അമിത ബഹുമാനം കൊണ്ടുമാത്രം മരുമകളെ നിന്ദിക്കാതിരിക്കാനവർ ശ്രദ്ധിച്ചു പോന്നു. എങ്കിലും അളമുട്ടിയാൽ ചേരയും കടിക്കുമെന്നതുപോൽ ചിലനേരത്ത് വരദയുടെ തനിസ്വഭാവം പുറത്തുവരും. ഒരിക്കൽ മരുമകൾ കാലുമ്മേൽ കാലും കയറ്റിയിരുന്ന് ഭർത്താവിനോട് സംസാരിച്ചിരിക്കുന്നതുകണ്ട് സഹിക്കാനാകാതെ അവർ പാഞ്ഞുവന്ന് വരദയുടെ കാലിൽ ഒരു തട്ടു കൊ

ടുത്തിട്ട് നേരെയിരിക്കാൻ ആംഗ്യം കാണിച്ചു.

നീരജ പൊടുന്നനെ 'എന്താണമ്മേ.. ?' എന്നു ചോദിച്ചു. അവർ ഭർത്താവിന്റെ മുഖത്തു നോക്കാതെ വിമ്മിഷ്ടത്തോടെ അവളോട് കാര്യം പറഞ്ഞു.

'നീരജേ രോഹന്റെയച്ഛൻ നിന്റെയും അച്ഛനാണ്. അച്ഛൻ മുമ്പിലാരേലും കാലിൻമേൽ കാലുകയറ്റി ഇരിക്കുമോ?

'ഓ ! ഹ അതാണോ കാര്യം. എന്റെ വീട്ടിൽ ഞാനും അച്ഛനും ഇരിക്കുന്നതുപോലെ ഇവിടേയുമിരുന്നതാണമ്മേ. അച്ഛനെനിക്ക് പ്രായപൂർത്തിയായപ്പോൾ തൊട്ട് പഠിപ്പിച്ചിരിക്കുന്നത് ബഹുമാനമെന്നത് പുറംപൂച്ചല്ല അത് ഉള്ളിൽ നിറയേണ്ടതാണെന്നാണ്. എനിക്കീയച്ഛനോട് എന്റെയച്ഛനോടുള്ള അതേ വേവ് ലെങ്ത് തന്നെയാണ്. കാലിൻമേലല്ല ബഹുമാനമിരിക്കുന്നതെന്ന് അച്ഛനുമറിയാം. അല്ലല്ലോ? അവർ എഴുന്നേറ്റ് സ്നേഹപൂർവ്വം അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു. അയാളവളെ അരുമയോടെ ചേർത്തുപിടിച്ചു.

വരലക്ഷ്മിയുടെ ശ്വാസഗതി നിന്നു പോയി! അവർ ഭർത്താവിനെ അവിശ്വസനീയതയോടെയും സങ്കടത്തോടെയും നോക്കി. പിന്നെ കൊടുങ്കാറ്റുപോലെ പാഞ്ഞു പോയി. ആനന്ദനും നീരജയും ശബ്ദമില്ലാതെ ചിരിച്ചുമറിഞ്ഞു.

അന്നത്തേക്ക് വരദ മുറിക്കു പുറത്തു വന്നില്ല. അവർക്ക് അവരുടെ ലോകം ഇടുങ്ങി ചെറുതായപോലെ തോന്നി. രാത്രിയിൽ അവർ മകന്റെ വർക്ക് റൂമിലെത്തി. അവൻ ഒരു ഒഫീഷ്യൽസെമിനാറിനായി തയ്യാറാകുകയായിരുന്നു .

'ആ... അമ്മ വാ. തലവേദന മാറിയോ? 'ഇല്ല, എനിക്കു നിന്നോടൊരു കാര്യം പറയണം.'

'പറയമ്മേ'

'നീരജ കുറച്ചോവറാണ്. അച്ഛനത് കണക്കാക്കുന്നില്ല. അതാണെനിക്കു മനസ്സിലാകാത്തത്! ഇത്രനാളും നമ്മളെല്ലാം എന്തു പേടിച്ചാ ഇവിടെക്കഴിഞ്ഞേ. അവൾ വന്നപ്പോൾ അച്ഛനെല്ലാം മറന്നു.

'അത്.. അങ്ങനെയല്ലമ്മേ, നീരജ വളരെ ഓപ്പണായിട്ടു വളർന്നയാളാ. അവൾടെ രീതി മനസ്സിലാക്കിയാ നമുക്കവളെ ഒരുപാടിഷ്ടമാകും. നമ്മുടെ നീലത്തിനും തോട്ടക്കാരൻ അയ്യപ്പനും എന്തിഷ്ടമാ അവളേന്ന് അമ്മക്കറിയില്ലേ? പിന്നാണോ അച്ഛൻ!'

വരദ തലയ്ക്കടി കിട്ടിയപോലെ അവനെ തുറിച്ചുനോക്കി. പറയാൻ വന്നതു തൊണ്ടയ്ക്കു തടഞ്ഞപോലെ അവർ പിന്തിരിഞ്ഞു നടന്നു. രോഹൻ വിളിക്കാനും പോയില്ല. അത് വരദയെ കൂടുതൽ ദു:ഖത്തിലാഴ്ത്തി.

പിറ്റേന്നു രാവിലെ വരദ ആനന്ദിനോട് പറഞ്ഞു.

'ഞാൻ അമ്മാത്തുപോകുന്നു. അവിടെ കുട്ടിയോപ്പു വന്നിട്ടുണ്ട്. നാലുനാൾ നിന്നിട്ടേ വരൂ.'

അതിശയത്തോടെ ആനന്ദൻ വരദയെ നോക്കി. അവരുടെ മുഖം കല്ലിച്ചിരുന്നു. അതിൽ വാശിമാത്രം നിഴലിച്ചു കിടന്നു.

'ആയിക്കോട്ടെ രോഹൻ ഓഫീസിലേക്കിറങ്ങുമ്പോൾ അങ്ങോട്ടേക്കാക്കും.'

'എനിക്കാരുടേം ഓശാരം വേണ്ട. തനിച്ചു പോകാനറിയാം. ഇന്ദുകാന്തൻ കാറുമായി വരും. ആദ്യമായി വരദ ആനന്ദനെ എതിർത്തു!

'ഓഹോ ശരി ആയിക്കോട്ടെ' ആനന്ദൻ ചിരിച്ചു.

അവർ വേഷം മാറി ഒരു തുകൽ ബാഗിൽ വേഷങ്ങൾ നിറച്ചതുമായെത്തിയപ്പോഴേക്കും നീരജയും എത്തി. അവളും ഒരു ചെറിയ ബാഗ് എടുത്തിരുന്നു.

'ഇന്ദുവങ്കിൾ എത്തിയോ അമ്മേ ? അച്ഛാ..രോഹനോട് പറഞ്ഞില്ല. ഞാൻ

വിളിച്ചോളാം. ഞാനും നാലുനാൾ കഴിഞ്ഞേ വരൂ. അമ്മേടെ അമ്മാത്തേയ്ക്ക്

ഞാനുമൊന്നു പോയ് വരാം.

ആനന്ദന് ചിരിപൊട്ടി. മിടുമിടുക്കി.. അയാൾ ഉള്ളാലെ പറഞ്ഞുചിരിച്ചു.

വരദ അന്തംവിട്ടുനിന്നപ്പോൾ നീരജ തന്റെ കാഷ്വൽ പാന്റിലേക്ക് മൊബൈൽ തള്ളിവച്ച ശേഷം,

'അമ്മ ബാഗിങ്ങുതരൂ. ഞാൻ പുറത്തേയ്ക്കു വയ്ക്കാം. നമുക്ക് പോർട്ടിക്കോവിലിരിക്കാം. അമ്മാത്തേയ്ക്കെന്താണു വാങ്ങേണ്ടതെന്നു പറയൂ. മുത്തശ്ശിക്കെന്താണിഷ്ടം? ഇത്തവണ ഈ കൊച്ചുമോളുടെ വക പലഹാരമാകാം എന്താ?'

വരദയ്ക്കൊന്നും പറയാനായില്ല. നാവാകെ തണുത്തു മരവിച്ചപോലെ. എന്നാലും ഉള്ളത്തിലേയ്ക്കല്പം കുളിർന്ന മോരു ചെന്നപോലെ എന്തോ ഒരുന്മേഷവും. അതേനേരം തന്നെ ഇന്ദുകാന്തന്റെ കാർ പൂമുഖത്തേയ്ക്ക് കയറിവന്നു നിന്നു.

**കടപയാദി – മഹാ പണ്ഡിതനായിരുന്ന വരരുചി ആവിഷ്ക്കരിച്ച അക്ഷരസംഖ്യ, പഴയ കാലത്ത് കാലസൂചന നൽകാൻ ഉപയോഗിച്ചിരുന്നു.*

●

# ബോധിമരച്ചോട്ടിലെ താടിക്കാരൻ.

**കവിത**





**മനീഷ**

വെളിച്ചത്തിന്റെ
പൊട്ടിച്ചിരിയിൽ
കാഴ്ചകൾക്ക്
ശരവേഗം..
ആസ്വദിക്കാതെ
കടന്നുപോയ
നിഴൽക്കാഴ്ചകൾ പലതും..
കെട്ടക്കാഴ്ചകൾക്ക്
നേരെ കണ്ണടച്ച് കണ്ണടച്ച്
കാഴ്ച മങ്ങിയവർ വേറെ.

കൃത്രിമവെട്ടത്തിൽ
തിളങ്ങി കിടക്കുന്ന
നീളൻ വരാന്ത.
പുറത്ത് മങ്ങിയ
സൂര്യന്റെ നിഴൽ.
നിശബ്ദം വരാന്തയും
പ്രകൃതിയും.

നിരത്തിയിട്ട
കസേരകളിൽ
ജീവിതം പാതിയും താണ്ടി
നരച്ച കണ്ണുകളുള്ളവർ.
കാത്തിരിപ്പിന്റെ നേരം,
കണ്ണടച്ച്
തേഞ്ഞുപോയ കാലം
മനനം ചെയ്യുന്നവർ.
കണ്ടിട്ടും കൊണ്ടിട്ടും
മതിയാവാതെ
ഇനിയെത്ര
പകലിരവുകൾ
തെളിഞ്ഞു കാണുമെന്നറിയില്ലെങ്കിലും
കാഴ്ച മങ്ങാതിരിക്കാൻ
മരുന്ന് തേടിയെത്തിയവർ.
തെളിഞ്ഞ കാഴ്ചയിൽ
കാണാൻ മറന്ന പലതും
ഉണ്ടെന്ന തിരിച്ചറിവിന്റെ
നിറവിൽ തിരക്കെല്ലാം
പൊയ്പോയിരുന്നു..
ഊഴം കാത്ത്,
പേര് വിളിക്കുന്നതിന്
കാതോർത്ത്,
തിരക്കിൽ കാണാതെ
പോയത് മനസ്സിൽ
കുറിച്ചിട്ട്..
അത്രമേൽ ക്ഷമയോടെ
അവർ...

'പ്രവാസ ചൂടിൽ
ഉരുകുമ്പോൾ
മക്കൾ വളർന്നത്
കണ്ടില്ല
ഡോക്ടറെ..
പേരമക്കൾ വളരുന്നത്
കൺനിറയെ കാണാനാ..
തെളിച്ചം അധികമുള്ള കണ്ണട
വേണംനിക്ക് '
ഇളം റോസ് കുപ്പായമിട്ട
കുറിയ മനുഷ്യൻ
കണ്ണ് തുടച്ചു പറഞ്ഞു..
'അടുക്കളയിരുട്ടിൽ
കുരുങ്ങി വെട്ടമൊന്നും
കണ്ടില്ല ഞാനേ,
ഇയ്ക്കൊന്നു കാടും കടലും മാനവും
കാണണം'
പച്ചക്കുപ്പായക്കാരി
അമ്മാമയാണ്..

കറുത്ത കുപ്പായമിട്ട
നരച്ച താടിക്കാരൻ
പറഞ്ഞു...
'ഡോക്ടറെ ഈ ലോകകാഴ്ചകൾ
മടുത്തിരിക്കുന്നു..
കണ്ടു കണ്ടു കണ്ണ്
നീറുന്നു, പുകയുന്നു...
മരിക്കാതിരിക്കാൻ
മായ്ച്ചിടാമോ എന്റെ കണ്ണിലെ വെട്ടം..'

ഡോക്ടർ അമ്പരന്നു
തലയുയർത്തി..
ആശകളുടെ വേരറുത്തിട്ട്
മേശപ്പുറത്തെ ബുദ്ധൻ
കണ്ണടച്ചിരിക്കുന്നു.

നിശബ്ദം വരാന്തയും
പ്രകൃതിയും..ഡോക്ടറും..





# ഒരു വസന്തകാല രാവ്



വി.പി.ജോൺസ്

മനോഹരമായിരുന്നു ആ സിനിമ. വഴിവിളക്കുകൾ കെട്ടുപോകുമ്പോൾ ജീവിതങ്ങൾ കുരുങ്ങിപ്പോകുന്ന കഥ. അതുകണ്ട് ഉള്ളുനിറഞ്ഞ് മടങ്ങുകയായിരുന്നു യുവദമ്പതികൾ. കൃത്യം 6.30 ന് തന്നെ ആ തിയ്യറ്ററിൽ സിനിമ ആരംഭിക്കും. പരസ്യങ്ങൾ പോലും നന്നേ കുറവ്. മാനേജർ പരിചയക്കാരനായതിനാൽ, വൈകിയാണ് ചെന്നുപറ്റിയതെങ്കിലും ടിക്കറ്റ് കിട്ടാൻ പ്രയാസമൊട്ടുമുണ്ടായില്ല. നഗരത്തിലെ ഏറ്റവും പ്രായംചെന്ന തിയ്യറ്ററായിരുന്നു ലൂമിയർ. പഴയകാലത്തെ പ്രേക്ഷകർ അതിനെ ടാക്കീസ് എന്നാണ് വിളിച്ചുപോന്നിരുന്നത്.

തിയ്യറ്ററിൽ കടന്നുപറ്റാനുള്ള തിരക്കിൽ ഒരുകപ്പ് കാപ്പി മാത്രമാണ് ബർണ്ണാഡും ബർണ്ണദീത്തയും കഴിച്ചിരുന്നുള്ളൂ. സിനിമ കഴിഞ്ഞതും, വിശപ്പ് സഹിക്കാനാകാതെ ഭാര്യയും ഭർത്താവും ശരേന്ന് പ്രശാന്ത് ഹോട്ടലിൽ ഓടിച്ചെന്നു കയറി. പിന്നെ കിട്ടിയത് തിന്ന് തൃപ്തിപ്പെട്ടു. ഇനി വീട്ടിൽ ചെന്നിട്ട് വയറുനിറച്ചു തിന്നാം.

യുവദമ്പതികൾ ഒന്നിച്ചു ഉദ്യോഗത്തിനു പോകുമ്പോൾ അയൽപക്കത്തുള്ളവർ അടക്കം പറയും.

–ആങ്ങളയും പെങ്ങളുമെന്നേ തോന്നു. കാണാൻ നല്ല ചേർച്ച. ആ ചുണ്ടുകൾ പിറുപിറുക്കുന്നതുകണ്ട് ബർണ്ണാഡും ബർണ്ണദീത്തയും പതിയെ പുഞ്ചിരിതൂകും.

ഇപ്പോൾ അവരിരുവരും വല്ലാത്ത ആനന്ദവായ്പ്പിലാണ് ദീർഘകാലമായുള്ള പ്രണയം പൂത്തു വിരിഞ്ഞത് ബർണ്ണാഡിന്റെ ഇടവകപ്പള്ളിയിൽവച്ചാണ്.

ബർണ്ണാഡിന്റെ ഉറ്റചങ്ങാതിയായിരുന്നു ഡേവിഡ്. ഡേവിഡിന്റെ ഇളയ പെങ്ങൾ ബർണ്ണദീത്ത. ഡേവീഡിന്റെ ഭവനത്തിലെ നിത്യസന്ദർശകൻ കൂടിയായിരുന്നു അന്ന് ബർണ്ണാഡ്. സ്വാഭാവികമായ പ്രണയം സംഭവിച്ചുപോകുന്നത് അതുകൊണ്ടുതന്നെ. ഡേവീഡിന് ഒരു ചീത്ത സ്വഭാവം ഉണ്ട്. ബണ്ണദീത്തയെ ഇടതടവില്ലാതെ ശുണ്ഠി പിടിപ്പിക്കുക എന്നതായിരുന്നു അത്. ഇടക്കും തലയ്ക്കുമൊക്കെ ബർണ്ണാഡും കൂട്ടുകാരന്റൊപ്പം കൂട്ടുകൂടി. ചിലപ്പോൾ പപ്പ കൊണ്ടുവന്ന പുത്തൻ ഉടുപ്പുമണിഞ്ഞ് ബർണ്ണദീത്ത മുറ്റത്തെ തോട്ടത്തിൽ ചിരിച്ചുല്ലസിക്കുമ്പോഴാവും ഡേവീഡ് ചുമ്മാ കളിയാക്കുക.

–എന്താടീ പൂമ്പാറ്റക്കുരുവി പുത്തൻ ഉടുപ്പുടവകളൊക്കെ ധരിച്ച് തുള്ളാനിറങ്ങുവാണോ? അന്നേരം അവൾ വെറുതെ മുഖം ചുവപ്പിച്ച് കെറുവിക്കും. ഒപ്പം ബർണ്ണാഡും കൂടുമ്പോൾ അവൾക്കു സങ്കടം സഹിക്കാനാവുകയില്ല. കൊച്ചേട്ടന് അതൊരു പതിവാണ് എന്നു കരുതുക. ഈ ബർണ്ണാഡെന്താ ഇതിങ്ങനെ? കൊച്ചേട്ടന്റെ മാതിരിയാണോ ബർണ്ണാഡ്? അവൾ കഴുത്തിലെ കൊന്തയിലേക്ക് ഹൃദയം തിരിക്കും. എന്നിട്ട് മാതാവിനോടാരായും.

പോട്ടേ മോളേ അവന് നിന്നോടുള്ള ഇഷ്ടം കൊണ്ടല്ലേ? അതൊക്കെ?

എന്നാൽ ഉള്ളിൽ പ്രണയം കിനിയുമ്പോൾ ബർണ്ണദീത്ത പുറമേക്ക് അപ്രിയം ഭാവിക്കുന്നു എന്നേ കരുതേണ്ടതുള്ളൂ.

–ബർണ്ണദീത്തയുടെ അഴുക്കു കലരാത്ത ഇടപെടലുകളും പനിനീർ കവിൾത്തടങ്ങളും തന്നെ ഉന്മത്തചിത്തനാക്കുന്ന കാര്യം ബർണ്ണാഡ് വിസ്മരിക്കുന്നില്ലെന്നതാണ് കൗതുകകരം.

–ഇതെന്തൊരു പെങ്കൊച്ചാ ഇത്. എത്ര നേരം കളിയാക്കിയാലും ഇതിനൊരു കൂസലുമില്ലല്ലോ കർത്താവേ?

ബർണ്ണാഡ് ഉറക്കത്തിനു മുമ്പ് ആലോചനയിൽ കിടന്ന് മറിഞ്ഞു.

ബർണ്ണാഡിനെ ഡേവിഡിന്റെ പപ്പയ്ക്കും മമ്മക്കും കലർപ്പില്ലാത്ത പാലു പോലുള്ള വിശ്വാസമായിരുന്നു കേട്ടോ. ബർണ്ണാഡിന്റെ പപ്പയും മമ്മയും സമൂഹത്തിൽ വിലയുള്ളവരും കുലീനരും വിദ്യാസമ്പന്നരും ഉയർന്ന ഉദ്യോഗസ്ഥരുമായിരുന്നു. ബർണ്ണാഡ് ആണെങ്കിൽ മറ്റു ചെറുപ്പക്കാരെപ്പോലെയല്ല. പക്കാ ജന്റിൽമാൻ പിന്നെ എങ്ങനെയാ അവൻ വഴി വിട്ട് സഞ്ചരിക്കുക? അതുകൊണ്ടു മാത്രമാവാം ബർണ്ണാവുമൊത്തു പുറത്തു പോകാൻ ബർണ്ണദീത്തയെ അനുവദിക്കാൻ ഡേവിഡിന്റെ പപ്പയ്ക്കും മമ്മയ്ക്കും

മറുത്തൊന്നാലോചിക്കേണ്ടി വരാഞ്ഞത്?

ബർണ്ണാഡിന് സ്വന്തം ഗ്രാമത്തിൽ ഒരുപാടു സുന്ദരിക്കോതകൾ കളിക്കൂട്ടുകാരായി ഉണ്ടായിരുന്നു. അവരെ ബർണ്ണദീത്തക്കു പരിചയപ്പെടുത്താൻ ബർണ്ണാഡിന് വല്ലാത്ത കൗതുകം മുളച്ചു. അങ്ങനെയെങ്കിലും ബർണ്ണദീത്തയുടെ ശുണ്ഠി നേരിട്ടു കാണുകയായിരുന്നു അവന്റെ ലക്ഷ്യം.

പക്ഷെ ഇവൾക്കുണ്ടോ ശുണ്ഠിയും മുൻകോപവും അസൂയയും ഉണ്ടാകുന്നു?

ആ പെൺകുട്ടികൾ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി. പക്ഷേ എന്നതാ പ്രയോജനം?

ഒടുവിൽ ഷേബയും, ലിസിയും, നിമ്മിയും, നാനറ്റും, മേരിക്കുട്ടിയും കൂടി എന്നതാ പറഞ്ഞതെന്നറിയാവോ – ഡേയ് ബർണ്ണാഡ് ചെറുക്കാ. നിയൊർ ഭാഗ്യവാൻ തന്ന്യാടേ, തമ്പുരാക്കന്റെ കയ്യൊപ്പ് നെറ്റിമേൽ കെട്ടിവെച്ച പെങ്കൊച്ചാ ഇത്? ഒടുവിൽ അവരൊക്കെ ബർണ്ണദീത്തയുടെ നെറ്റിമേൽ കുരിശ് വരച്ചല്ല്യോ തുരുതുരാ ചുംബിച്ചു കളഞ്ഞത്!

അന്ന് ഒരു ശനിയാഴ്ചയായിരുന്നു. വൈകിട്ട് 7 മണിയായിട്ടൊണ്ടാവും. ഡേവിഡും പപ്പയും മമ്മയും ഒന്നിച്ചിരുന്നേച്ച് ഓരോന്നു പറയുവാ. എടവക പള്ളിയേലെ വലിയ പെരുന്നാളാണ് വിഷയം. ഇടക്ക് ബർണ്ണാവും അങ്ങോട്ട് കയറിച്ചെന്നു. അവനെ കണ്ടതും അവർക്കെല്ലാവർക്കും വലിയ ആനന്ദം ഉളവായി.

– "ഇങ്ങോട്ടിരിയടാ കൊച്ചനേ," മമ്മ ക്ഷണിച്ചു. പക്ഷേ അതൊന്നും ഗണിക്കാതെ ബർണ്ണാഡ് എന്തോ പറയാൻ നാവുയർത്തി.

–എനിക്കൊരു വല്ലാത്ത ആഗ്രഹമുണ്ട് മമ്മാ.

–ഡേവിഡ് മറുത്തുരിയാടി.

എന്നതാണേലും നീ പറേടാ ബർണ്ണാഡേ? എന്റെ പപ്പയും മമ്മയും നിന്നെ എന്നെപ്പോലെ തന്നെയാ കരുതുന്നേ! അവരൊന്നും എതിരു പറയത്തില്ല ഡേവിഡ് ധൈര്യപ്പെടുത്തിയതോടെ ബർണ്ണാഡ് ഉഷാറിലായി.

പിന്നെ അവനങ്ങോട്ട് തുറന്നങ്ങു പറഞ്ഞു. എനിക്ക് മമ്മാ, ബർണ്ണദീത്തയെ ജീവിതത്തിലെ കൂട്ടുകാരിയായി കിട്ടിക്കൊള്ളാമെന്നുണ്ട്. എന്റെ മമ്മേം പപ്പേം എതിരൊന്നും പറയത്തില്ല. ഇതിനു ഒക്കത്തില്ലേൽ ഇവിടത്തെ പപ്പയും മമ്മയും എന്നോട് ക്ഷമിച്ചോണം എനിക്ക് ഒരു പരിഭവവും ഉണ്ടാകത്തില്ല.

പിന്നെ ബർണ്ണാഡ് തലകുനിച്ചു നിന്നു. ഡേവിഡ് പക്ഷേ ആശ്ചര്യമാംവണ്ണം മൗനം ഭജിച്ചു.

എന്നാൽ തൽക്ഷണം മമ്മയുടേയും പപ്പയുടെയും മിഴികൾ നക്ഷത്രങ്ങളായി മിന്നി. അത്യാഹ്ലാദത്തിന്റെ ഉന്മേഷത്തിരകളിൽ അവൻ മുങ്ങി നിവരുന്നതവൻ കൺകുളിർക്കേ കണ്ടു. അവർ അവനെ ഒരു കൊച്ചുപയ്യനെപ്പോലെ അരുകിലേക്ക് വാത്സല്യപൂർവ്വം പിടിച്ചു നിർത്തി.

അതു കണ്ടതോടെ ഡേവിഡ് വലിയ ഉത്സാഹത്തിമർപ്പിൽപ്പെട്ടു–

– എടാ ബർണ്ണാഡ് ചെറുക്കാ നിന്നെപ്പോലൊരു മിടുമിടുക്കൻ സുന്ദരൻ പയ്യനെ ഭർത്താവായി കിട്ടാൻ എന്നതാടാ എന്റെ ബർണ്ണദീത്താക്കൊച്ചിനുള്ള

യോഗ്യത.

പിന്നെ, തലയൊന്നു വെട്ടിച്ച് ഡേവിഡ് മമ്മയോട് പറഞ്ഞു.

–ആ കുഞ്ഞിക്കള്ളിയോട് മമ്മ തന്നെ ചെന്ന് നേരിട്ട് ചോദിച്ചേര്; ഈ

കള്ളച്ചെറുക്കനെ അവർക്കു ബോധിച്ചുവോന്ന്?

അന്നേരം അടുക്കളയിൽ നിന്ന് ഉച്ചത്തിൽ ബർണ്ണീത്ത ശബ്ദിക്കുന്നതു കേട്ടു.

–ഡേവിഡ് ചേട്ടാ, കാപ്പി കഴിച്ചേച്ചേ പോകാവൂന്ന് ബർണാഡിനോട് പറഞ്ഞേക്കണം. ഞാനിത്തിരി കൊഴുക്കട്ട കൂടെ ഉണ്ടാക്കുവാ.

മമ്മക്ക് അടക്കാനാവാത്തവണ്ണം ചിരിപൊട്ടി.

–എടീ ബർണ്ണദീത്താ പെണ്ണേ, നിനക്കങ്ങോട്ട് വിളിച്ചു കൂടരുതോടീ ബർണാഡിന് ഒന്നും അറിയില്ല്യാ, അല്ല്യോ കള്ളിപ്പെണ്ണ്?

*** ***

അപ്പുറത്ത് ബർണ്ണദീത്തയുടെ കണ്ണാട്ടം ബർണ്ണാഡിനെ ഗതകാലസ്മൃതികളിൽ നിന്നുണർത്തി.

എന്തോന്നാ ഇത്രേം വലിയ ചിന്ത ബർണ്ണാഡ്? ചുമ്മാ വന്ന ഭക്ഷണം കഴിക്കുന്നേ– പൊടുന്നനെ ബർണ്ണദീത്തയുടെ മുഖത്ത് ചുവന്ന ചിരി പരന്നു.

●

# സ്മാരകം



മതിവരാത്ത പറക്കലിന്റെ
സ്മാരകം
കൊഴിഞ്ഞ തൂവൽ!

ഇളം കാറ്റിലും
അത് വീണ്ടെടുക്കും
ഒരു പിടച്ചിൽ
ഞാനതിനെ
പറക്കാനുള്ള ശ്രമമെന്ന്
സമാധാനിക്കും.

ഇട്ടേച്ചുപോയ കിളി മറന്നിട്ടും
കാറ്റ് അതിനെ മറന്നില്ല

അതിന്റെ പ്രാണൻ
ഇപ്പോൾ കാറ്റാണ്
ഇടയ്ക്കിടയ്ക്ക്
കാറ്റ് അതിന് ജീവൻ നല്കും
ആശുപത്രിക്കിടക്കയിൽ
മരണം കാത്തുകിടക്കുമൊരുവന്
പ്രാണവായു നല്കും പോലെ.



ടി.പി. രാധാകൃഷ്ണൻ

കഥ

# തുരുത്ത്



**കബനി കെ ദേവൻ**

ഇസബെല്ലയെ കാണാതായിട്ട് രണ്ടു ദിവസമായിരുന്നു. ഞാൻ പറഞ്ഞ ഒരു നുണയുടെ ബലത്തിലായിരുന്നു അപ്പൻ ഇന്നലെ ഒരു ദിവസം ക്ഷമിച്ചിരുന്നത്. ഇന്ന് ഇസക്ക് വേണ്ടി ഒരു നുണ കൂടി പറയാൻ എനിക്ക് മടിയുണ്ടായിട്ടല്ല. പക്ഷേ, ഞാൻ കരുതും പോലെ ഇസ മനപ്പൂർവം വരാത്തതല്ലെങ്കിലോ, അവൾക്കെന്തെങ്കിലും അപകടം സംഭവിച്ചതാണെങ്കിലോ എന്ന പേടി കാരണം ഞാൻ അങ്ങനൊരു സാഹസത്തിന് മുതിർന്നില്ല.

‘ നീ നിന്റെ മൊബൈലെടുത്ത് ആ കൊച്ചിന്റെ നമ്പറിലേക്കൊന്നു കൂടി വിളിച്ചേ... ‘

വരാന്തയിൽ വെപ്രാളപ്പെട്ട് അങ്ങിങ്ങ് നടക്കുമ്പോൾ അപ്പൻ എന്നെ നോക്കാതെ പറഞ്ഞു. ഞാനൊരിക്കൽ കൂടി മൊബൈലെടുത്ത് ഇസയുടെ പേരിൽ തൊട്ടു. മറു തലക്കൽ അവളുടെ മൊബൈൽ ചത്ത് കിടക്കുന്നുവെന്ന വാചകം മലയാളത്തിലും ഇംഗ്ലീഷിലും മാറി മാറി കേട്ടു കൊണ്ടിരുന്നപ്പോൾ ഞാൻ ചുവന്ന ബട്ടണിൽ വിരലമർത്തി. അപ്പനെന്നെ നോക്കി.

‘ഇന്നലെ അവൾ നിന്നെ വിളിച്ചത് ഈ നമ്പറീന്നല്ലാർന്നോ?‘

വരാന്തയിലെ ചാരുകസേരയിലിരിക്കുമ്പോൾ അപ്പൻ ചോദിച്ചു. അപ്പൻ കിതച്ച് തുടങ്ങിയിരുന്നു. പറഞ്ഞു പോയ നുണ തൊണ്ടയിൽ കുടുങ്ങിയിട്ടെന്ന പോലെ എന്റെ തൊണ്ടയിൽ നിന്ന് ശബ്ദം പൊങ്ങിയില്ല.

അപ്പന്റെ നെഞ്ചിൻ കൂടിനകത്ത് നിന്ന് വല്ലാത്തൊരു ചുമ തിടുക്കപ്പെട്ട് ഇറങ്ങി വന്നു. അതിനു പിന്നാലെ പിന്നെയും ചുമ.. ഞാൻ അപ്പന്റെ അടുത്ത് ചെന്നിരുന്ന് നെഞ്ച് തവിക്കൊടുത്തു.

അപ്പന്റെ ചുമ ഒന്നടങ്ങിയപ്പോൾ ഞാനെന്റെ തൊണ്ടയിൽ കുടുങ്ങിക്കിടന്ന നുണയെ വലിച്ചു പുറത്തിട്ടു. അപ്പന്റെ മുന്നിൽ ഇന്നലെ സത്യമായി നിന്ന ആ വാചകം ഇന്ന് നുണയായി ഉടുപ്പുരിയപ്പെട്ട് എന്നെ നോക്കി കണ്ണുരുട്ടി.



അപ്പൻ ഒന്നും മിണ്ടാതെ പെട്ടെന്നെഴുന്നേറ്റ് മുറിയിൽ പോയി കുപ്പായം മാറി വന്നു. മുറ്റത്തേക്കിറങ്ങുമ്പോൾ എങ്ങോട്ടാന്ന് ഞാൻ ചോദിച്ചെങ്കിലും അപ്പൻ ഉത്തരം പറഞ്ഞില്ല. എനിക്കപ്പോൾ ഇസയോട് ഭയങ്കരമായ ദേഷ്യം തോന്നി.

ഇസയെന്ന് ഞാൻ വിളിച്ചിരുന്ന ഇസബെല്ല സെബാസ്റ്റ്യനെ ഞാനറിയാൻ തുടങ്ങി

യിട്ട് ഏകദേശം ഒന്നൊന്നര വർഷമായിക്കാണും. കൃത്യമായ കണക്കറിയണമെങ്കിൽ അപ്പന്റെ വാടകച്ചീട്ട് പുസ്തകം തപ്പേണ്ടി വരും.

അപ്പന്റെ സമ്മതമില്ലാതെ ജോൺ ഇച്ചായൻ ഒരു ഹിന്ദുപ്പെണ്ണിനെ കല്യാണം കഴിച്ച് വീടു വിട്ടു പോയേപ്പിന്നെ ഇച്ചായനുപയോഗിച്ചിരുന്ന ഞങ്ങളുടെ വീടിന്റെ മുകളിലെ ബാത് അറ്റാച്ച്ഡ് ബെഡ് റൂം ഉപയോഗ ശൂന്യമായിക്കിടക്കുകയായിരുന്നു. ഇച്ചായൻ എന്നെങ്കിലും തിരിച്ചു വരുംന്നും പറഞ്ഞ് അമ്മച്ചി അപ്പൻ കാണാതെ അത് അടിച്ചും തുടച്ചും സൂക്ഷിച്ചു. അമ്മച്ചി പോയേപ്പിന്നെ അതും നിന്നു. അമ്മച്ചിയെ അവസാനമായി കാണാൻ വന്ന ജോൺ ഇച്ചായനാണേൽ തിരിച്ചു വരവിന്റെ സൂചനകളൊന്നും തന്നതുമില്ല.

പൊടിയും മാറാലയും പിടിച്ചു കിടന്ന മുറിയിലേക്ക് നോക്കി അപ്പൻ ഒരു ദിവസം എന്നോട് പറഞ്ഞു.

'കുഞ്ഞിപ്പെണ്ണേ നമുക്കീ മുറി ആർക്കേലും വാടകക്ക് കൊടുത്താലോ ?'

അപ്പനും ഞാനും മാത്രമുള്ള വലിയ വീടിനകത്ത് ഞാനും വീർപ്പു മുട്ടിത്തുടങ്ങിയ കാലമായിരുന്നു. എനിക്കും അത് നല്ലതാണെന്ന് തോന്നി. പണിക്കാരെ വെച്ച് പുറത്തു കൂടെ മുകളിലേക്ക് ഒരു സ്റ്റെയർ കേസും പണിയിച്ചു. മുടന്തിയായ എനിക്ക് ചെറുക്കനെ തപ്പിത്തപ്പി മടുത്ത ബ്രോക്കർമാർ ഇതിലെങ്കിലും വിജയിക്കണമെന്ന വാശിയിൽ ഊർജിതമായി വാടകക്കാരെ തപ്പിയിറങ്ങി. ബാച്ചിലർ ചെറുപ്പക്കാരായിരുന്നു മിക്കവാറും തപ്പലിൽ കുടുങ്ങിയ വീടന്വേഷികൾ. അപ്പനന്ന് പറഞ്ഞു.

' കെട്ടു കഴിയാത്തൊരു പെങ്കൊച്ചുള്ള വീട്ടിൽ ആണുങ്ങളെ കൊണ്ടു നിർത്താനൊക്കുവോ... പോരാത്തേനു വൃത്തിയാക്കി സൂക്ഷിക്കേം ഇല്ല. ഇനീപ്പോ വേറെന്തേലും തരികിട ഒക്കിണ്ടേൽ അതിന്റെ പുറകെ ഒന്നും തൂങ്ങാൻ എനിക്ക് മേല. പെണ്ണുങ്ങളാരേലും ഉണ്ടേൽ മതി.'

അങ്ങനെ പെണ്ണുങ്ങളെ ഒന്നും കിട്ടാതെ ബ്രോക്കർമാരും ഞങ്ങളും ആ ആഗ്രഹം ഏകദേശം ഉപേക്ഷിച്ച മട്ടായ സമയത്ത് ഒരു ദിവസം നട്ടുച്ചക്കാണ് ഇസബെല്ല ഞങ്ങളുടെ വീടിന്റെ വലിയ ഗേറ്റ് തള്ളിത്തുറന്ന് അവളുടെ സ്കൂട്ടി ഓടിച്ചു കൊണ്ട് കയറി വരുന്നത്. ഞാനപ്പോൾ തലേന്നത്തെ ബീഫിന്റെ പറ്റലിൽ ചോറ് കുഴച്ച് പട്ടിയുടെ പാത്രത്തിലേക്കിടുകയായിരുന്നു. പരിചയമില്ലാത്ത ആളെക്കണ്ട് കുരച്ച് ചാടിയ പട്ടിയെ ഞാനെന്റെ ഒന്നരക്കാലിൽ കുറച്ച് കഷ്ടപ്പെട്ടാണന്ന് ചങ്ങലക്കിട്ടത്. അന്ന് ഹെൽമറ്റിൽ നിന്ന് തല വലിച്ചൂരി ഇസബെല്ല നോക്കിയ സഹതാപ പൂർവമുള്ള നോട്ടം എനിക്കുള്ളതാണെന്ന് ഞാൻ തെറ്റിദ്ധരിച്ചു. അത് എനിക്കുള്ളതല്ലെന്ന് മനസിലാകുന്നത് കുറച്ചു നാൾ കഴിഞ്ഞ്, ഞങ്ങളാരും വീട്ടിലില്ലാതിരുന്ന ഒരു ദിവസം ഇസ പട്ടിയെ ചങ്ങലയിൽ നിന്നഴിച്ച് ഗേറ്റു തുറന്ന് പുറത്തേക്കിറക്കി വിട്ടപ്പോൾ മാത്രമായിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് വാലാട്ടിക്കൊണ്ട് തിരിച്ചു കയറി വന്ന പട്ടിയോട് ചിരിച്ചു കൊണ്ട് ഇസ പറഞ്ഞത് എനിക്കിപ്പഴും ഓർമ്മയുണ്ട്.

'നിനക്കിത്ര പെട്ടെന്ന് നിന്റെ സ്വാതന്ത്ര്യം മടുത്തോ... ശ്ശെടാ, അത്ര പെട്ടെന്ന് മടുക്കുന്ന സാധനമല്ലല്ലോ അത് ...'

ആദ്യ കാഴ്ചയിലെ ഇസയുടെ സഹതാപ പൂർണമായ നോട്ടത്തിലേക്ക് അവജ്ഞയോടെ നോക്കിക്കൊണ്ട് ആരാണെന്ന ചോദ്യം ഞാൻ തൊടുത്തു.

ഇസബെല്ല പേരും കാര്യവും പറയുന്ന ഇടവേളയിൽ ഞാനെന്റെ നോട്ടത്തെ അവളുടെ നീണ്ടു മെലിഞ്ഞ് മനോഹരമായ കാലുകളിൽ നിന്ന് നേർത്ത ചെമ്പൻ മുടിയിഴകളിലേക്ക് ഓടിച്ചു കയറ്റി. എന്നിലെ കുറവിനെക്കുറിച്ചുള്ള ബോധം സദാ ഉള്ളിലുള്ളത് കൊണ്ടാവണം, ഒരാളെ ആദ്യമായി കാണുമ്പോൾ എന്റെ നോട്ടം അയാളുടെ കാലുകളിൽ കുറച്ചധിക നേരം തറച്ചു കിടക്കുമായിരുന്നു.

ഒരു ക്രിസ്ത്യാനിപ്പെങ്കൊച്ചിനെ വാടകക്കാരിയായി കിട്ടുന്നതിൽ അപ്പന് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അപ്പനും അമ്മയുമൊക്കെ വിദേശത്താണെന്നും നഗരത്തിൽ ഒരു അഡ്വൈടൈസിംഗ് കമ്പനിയിൽ ജോലിയുണ്ടെന്നും പറഞ്ഞ ഇസബെല്ലയെ അപ്പനും എനിക്കും നന്നായി ബോധിച്ചെങ്കിലും ആളെ ശരിക്കറിയാതെ വീട്ടിൽ കേറ്റി താമസിപ്പിക്കണ്ടാന്ന് അപ്പനെ ഉപദേശിച്ചത് അടുത്ത വീട്ടിലെ രാഘവൻ ചേട്ടനായിരുന്നു. അങ്ങനെ ആളെ അറിയാൻ ഇസയുടെ ഐഡി കാർഡുകളും നഗരത്തിൽ അവൾ ജോലി ചെയ്യുന്ന ഓഫീസിലെ ഒന്ന് രണ്ടാളുകളുടെ വാക്കാലുള്ള സ്വഭാവ സർട്ടിഫിക്കറ്റുകളും അപ്പൻ പരിശോധന വിധേയമാക്കി. ആളിത്തിരി അര

പ്പിരി ആണേലും കുഴപ്പക്കാരിയല്ലെന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പതിനായിരം രൂപ അഡ്വാൻസും തന്ന് കരാറൊപ്പു വച്ച് ഇസബെല്ല ഞങ്ങളുടെ വാടകക്കാരിയായി.

രാവിലെ എട്ടു മണിക്ക് ഇസ സ്കൂട്ടിയുമെടുത്ത് വീട്ടിൽ നിന്ന് ഓഫീസിലേക്കിറങ്ങും. രാവിലത്തെയും ഉച്ചക്കത്തെയും ഭക്ഷണം പുറത്ത് നിന്ന് കഴിക്കും. വൈകുന്നേരം ആറ്, ആറര കഴിയുമ്പോൾ തിരിച്ചെത്തുന്നത് രാത്രിയിലേക്കുള്ള ഭക്ഷണവും വാങ്ങിയിട്ടാവും. രാത്രി ഒരുപാട് നേരം ബാൽക്കണിയിൽ ആകാശം നോക്കിയിരിക്കുന്നത് കാണാം. ചുരുക്കത്തിൽ ഞങ്ങൾക്ക് കാര്യമായ ഉപദ്രവമൊന്നുമില്ലാത്ത വാടകക്കാരിയായിരുന്നു ഇസ ഇക്കാലങ്ങളിൽ.

ഇസ വീട്ടിൽ താമസമാരംഭിച്ച ശേഷമുള്ള ആദ്യ ഞായറാഴ്ച പള്ളിയിലേക്കിറങ്ങുമ്പോൾ അപ്പൻ എന്നോട് പറഞ്ഞു.

'നീ പോയി ആ കൊച്ചിനേം കൂടി വിളിച്ചോ.. '

സ്റ്റെയർ കേറി ചെന്ന് കതകിൽ കുറേ തവണ മുട്ടിയപ്പോൾ ഉറക്കച്ചടവോടെ ഇസ ഇറങ്ങി വന്നു. തലേന്ന് കുടിച്ച മദ്യക്കുപ്പിയും ഗ്ലാസും മേശപ്പുറത്തിരിക്കുന്നത് ഞാൻ വാതിലിന്റെ വിടവിലൂടെ കണ്ടു. എനിക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല. പള്ളിയിലേക്ക് വരുന്നോ എന്ന് ചോദിച്ചപ്പോൾ ചിരിച്ചു കൊണ്ട് എനിക്ക് പള്ളിയിലും പട്ടത്തിലും ഒന്നും വിശ്വാസുല്ലാന്നും പറഞ്ഞ് ഇസ അകത്തേക്ക് കയറിപ്പോയി. അന്ന് ആ കൊച്ചിന് തലവേദനയാണെന്ന് ഞാൻ അപ്പനോട് നുണ പറഞ്ഞു. ഇസക്ക് വേണ്ടി ഞാൻ ആദ്യമായി അപ്പനോട് പറഞ്ഞ നുണ അതായിരുന്നു.

പിന്നീടുള്ള ഞായറാഴ്ചകളിലും തലവേദനയാണെന്ന് ഞാൻ പറഞ്ഞപ്പോൾ അപ്പന് കാര്യം മനസിലായി. ഉപദേശിയുടെ വേഷമണിഞ്ഞ് മുകളിലേക്ക് കയറാൻ തുനിഞ്ഞ അപ്പനെ ഞാനന്ന് പിടിച്ചു നിർത്തി.

' അപ്പാ, നമ്മുടെ വീട്ടിൽ നിക്കുന്നൂന്ന് വെച്ച് അവരുടെ എല്ലാ കാര്യത്തിലും നമുക്ക് കേറി ഇടപെടാന്നല്ല. ആ കൊച്ചിന് ഇതിലൊന്നും വിശ്വാസുല്ലാന്നാ പറഞ്ഞേ. '

ഞാൻ പറഞ്ഞത് ശരിയാണെന്ന് തോന്നിയതു കൊണ്ടാകാം അപ്പൻ പിന്നാക്കാര്യത്തിൽ ഒന്നും പറഞ്ഞില്ല.

ഞായറാഴ്ചകളിൽ ഞങ്ങൾ പള്ളിയിൽ നിന്നെത്തുമ്പഴേക്ക് മുറി വൃത്തിയാക്കലും കുളിയുമൊക്കെക്കഴിഞ്ഞ് ഇസ പുറത്ത് പോകാൻ തയ്യാറായി നിൽപ്പുണ്ടാവും. ഞങ്ങൾ ചോദിച്ചാൽ മാത്രം എങ്ങോട്ടേക്കാണെന്ന് പറയും. സിനിമക്കെന്നോ പാർക്കിലേക്കെന്നോ കടൽ കാണാനെന്നോ ഒക്കെയായിരുന്നു ആ ഉത്തരങ്ങൾ. വൈകീട്ട് കൃത്യമായി ഏഴു മണിക്ക് മുമ്പേ വീട്ടിലെത്തുന്നത് കൊണ്ട് അപ്പന് അക്കാര്യത്തിൽ പരാതിയൊന്നുമില്ലായിരുന്നു.

ഇസബെല്ല സെബാസ്റ്റ്യൻ എനിക്ക് ഇസയാകുന്നത് അപ്പൻ അപ്പന്റെ ഏറ്റവും ഇളയ പെങ്ങളുടെ മകളുടെ കല്യാണത്തിന് കൂടാൻ പോയ ഒരു ശനിയാഴ്ച രാത്രിയാണ്. ഈ പറഞ്ഞ പെൺകുട്ടി എന്നെക്കാൾ ആറ് വയസിന് ഇളപ്പമായിരുന്നു. ബന്ധുക്കളുടെയും നാട്ടുകാരുടെയും സഹതാപ നോട്ടങ്ങളും എന്നെക്കുറിച്ചുള്ള കൃത്രിമമായ ആധി പിടിക്കലും കാണാൻ വയ്യാത്തോണ്ട് ഞാൻ പോയിരുന്നില്ല. ഇസബെല്ല മുകളിലുണ്ടല്ലോ എന്ന ധൈര്യത്തിലാണ് അപ്പനന്ന് ഇറങ്ങിയത്. രാത്രി എട്ട് എട്ടര ആയപ്പോൾ ഇസ സ്റ്റെയർ ഇറങ്ങി താഴെ വന്നു. ഞാനപ്പഴേക്ക് പട്ടിക്ക് ഭക്ഷണം കൊടുത്ത് വാതിലടച്ച് ടിവിയിൽ ഏതോ സീരിയലിന്റെ മടുപ്പിലേക്കിറങ്ങിയിരുന്നു. ഇസ കതകിൽ മുട്ടി എന്റെ പേര് വിളിച്ചു. ഞാൻ കതക് തുറന്നു. കൈയ്യിലെ മദ്യക്കുപ്പി ഉയർത്തിക്കാട്ടിക്കൊണ്ട് ഒരു കമ്പനി തരാമോന്ന് ഇസ ചോദിച്ചപ്പോൾ ഒരു നിമിഷം ഞാൻ അന്ധാളിച്ചു പോയി. പിന്നെ ജീവിതത്തിന്റെ വിരസമായ ഏടുകളിൽ എന്തെങ്കിലും പുതിയതെഴുതാനെന്ന വ്യാമോഹത്തോടെ ഇസയുടെ കൂടെ മുകളിലെ മുറിയിലേക്ക് നടന്നു.

സ്റ്റെയർ കേറുമ്പോൾ ഇസ ചോദിച്ചു.

'കുഞ്ഞിപ്പെണ്ണ് എന്തേ അപ്പന്റെ കൂടെ കെട്ട് കാണാൻ പോകാഞ്ഞേ?'

ഞാനൊന്നും പറയാതെ തല താഴ്ത്തി സ്റ്റെപ്പുകൾ കയറി.

ഞാനാദ്യമായി മദ്യപിക്കുകയായിരുന്നു ആ രാത്രി. മദ്യത്തിന്റെ രുചി ഇഷ്ടമായില്ലെങ്കിലും അത് തന്ന ഉന്മാദം ആസ്വാദ്യകരമായിരുന്നു.

ഇസ അന്നൊരുപാട് സംസാരിച്ചു. കുട്ടിക്കാലത്തെ ബോർഡിംഗ് സ്കൂളിലെ വിരസവും ഏകാന്തവുമായ ജീവിതത്തിൽ തുടങ്ങി കൗമാരത്തിലെ ഒരു പ്രണയനൈരാശ്യത്തിൽ തട്ടിത്തടഞ്ഞ് ഇരുപതാം വ

യസിൽ പിടിച്ച് കെട്ടിക്കാൻ നോക്കിയ അപ്പനോടും അമ്മയോടും കലഹിച്ച് വീടു വിട്ടിറങ്ങിയത് വരെ പറഞ്ഞ് നിർത്തി. പിന്നെ എന്നെ നോക്കിച്ചോദിച്ചു.

'കുഞ്ഞിപ്പെണ്ണ് ചിരിക്കാറേ ഇല്ലല്ലോ ... ഞാനിത് വരെ ചിരിച്ച് കണ്ടിട്ടില്ല.'

ഞാനപ്പോൾ ചിരിച്ചു. എന്റെ ജീവിതത്തിൽ ഞാനന്ന് വരെ ചിരിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ ചിരി ആയിരുന്നിരിക്കണം അത്. പിന്നെ എന്റെ ചിരിയിലൂടെ കണ്ണീരൊഴുകിയപ്പോൾ ഇസ എന്നെ കെട്ടിപ്പിടിച്ചു. ആ രാത്രി മുഴുവൻ ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ചു കിടന്നു. എന്റെ മുടന്തൻ കാലിൽ ഇസ അന്ന് മദ്യത്തിന്റെ മണമുള്ള ചുണ്ടുകൾ ചേർത്തു.

രാവിലെ മുറി വിട്ടിറങ്ങുമ്പോൾ ഇസ പറഞ്ഞു.

'കുഞ്ഞിപ്പെണ്ണ് ചിരിക്കണം. എപ്പഴും ചിരിക്കണം. ചിരിക്കാൻ കാരണങ്ങളില്ലെങ്കിൽ കാരണമുണ്ടാക്കി ചിരിക്കണം.'

പിന്നീട് ഇസ കമ്പനി ചോദിച്ച് വിളിച്ച രാത്രികളിലെല്ലാം അപ്പനറിയാതെ ഞാൻ അകത്തെ സ്റ്റെയർ വഴി അവളുടെ മുറിയിൽ പോയി. ഇസക്കൊപ്പം മദ്യപിച്ചു. അവളുടെ വർത്തമാനങ്ങൾ കേട്ടു. ഇസ ചിരിക്കാൻ പറഞ്ഞപ്പോൾ ചിരിച്ചു. രാത്രി മുഴുവൻ അവളെ കെട്ടിപ്പിടിച്ചുറങ്ങി. പകരമായി ഇസ എന്റെ മുടന്തൻ കാലിൽ മദ്യത്തിന്റെ മണമുള്ള ചുംബനങ്ങൾ പതിച്ച് നൽകി.

അങ്ങനെ ഏതോ ഒരു രാത്രിയാണ് ഇസ അത് പറഞ്ഞത്. ഞാനെന്റെ ആദ്യത്തെ കവിൾ മദ്യം ഇറക്കിയതേ ഉള്ളായിരുന്നു. ആദ്യത്തെ ഗ്ലാസ് കാലിയാക്കിക്കൊണ്ട് ഇസ ചോദിച്ചു.

'കുഞ്ഞിപ്പെണ്ണിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്താണ്?'

ഞാനൊന്നും പറയാതെ മദ്യ ഗ്ലാസിലേക്ക് നോക്കിയിരുന്നു.

' കല്യാണം,കുട്ടി,കുടുംബം എന്നൊന്നും പറയരുത് കേട്ടോ. അതൊക്കെ ഒരാഗ്രഹമായി ഞാൻ കണക്കാക്കത്തില്ല. അതൊക്കെ എല്ലാരും ചെയ്യുന്നതല്ലേ ... ഞാനുദ്ദേശിക്കുന്നത് കുഞ്ഞിപ്പെണ്ണിന് മാത്രമായി ചെയ്യാനാഗ്രഹമുള്ളത് എന്തെങ്കിലും ഉണ്ടോ?'

'എനിക്കെന്റെയീ ഒന്നരക്കാലിൽ ഡാൻസ് കളിക്കണം. പറ്റോ?'

ഞാൻ രണ്ടാമത്തെ കവിൾ ഇറക്കിക്കൊണ്ട് ചോദിച്ചു.

എന്താ പറ്റാത്തെന്ന് ചോദിച്ചു കൊണ്ട് ഇസ എഴുന്നേറ്റ് എന്റെ നേരെ കൈ നീട്ടി. അവളുടെ കൈയിൽ കൈ ചേർത്ത് എന്റെ മുടന്തൻ കാലിൽ ഞാൻ ചുവട് വെച്ചു. ഇസ അത് നോക്കി കുറേ നേരം ചിരിച്ചു.

ഡാൻസ് കഴിഞ്ഞ് കട്ടിലിൽ ഇരുന്നപ്പോൾ ഇസ പറഞ്ഞു.

'കുഞ്ഞിപ്പെണ്ണേ, എന്റെ ആഗ്രഹം എന്താന്നറിയോ?'

ഞാൻ ആകാംഷയോടെ ഇസയെ നോക്കി. അത് വരെ ഞാൻ കണ്ടിട്ടില്ലാത്തൊരു ഗൗരവം ഇസയുടെ മുഖത്ത് നിറഞ്ഞു.

' പത്താം വയസിൽ ബോർഡിംഗ് സ്കൂളിൽ ചേർക്കും വരെയുള്ള കാലം ഞാൻ പപ്പേടേം അമ്മേടേം കൂടെ ഒരു ആറു നില കെട്ടിടത്തിലെ ഇടുങ്ങിയ ഫ്ലാറ്റ് മുറികളിലാണ് ജീവിച്ചത്. മിക്കവാറും ദിവസങ്ങളിൽ പപ്പയും അമ്മയും വഴക്കിടും. ഒച്ചയെടുക്കും. ഞാനപ്പോ ആരും കാണാതെ അതിൽ നിന്നൊക്കെ രക്ഷപ്പെട്ട് ടെറസിൽ പോയി നിക്കും. ആറു നില കെട്ടിടത്തിന്റെ ടെറസിൽ പേരപ്പറ്റിനോട് ചാരി നിന്ന് ഏന്തി വലിഞ്ഞ് ഞാൻ ചുറ്റും നോക്കും. ഒരുപാട് ദൂരം വരെ കാണാം. ഒരു ദിവസം ഞാനങ്ങനെ ചെന്നപ്പോൾ അടുത്ത ഫ്ലാറ്റിലെ ഒരു ചേട്ടൻ ബെല്ലക്കുട്ടിക്ക് കാഴ്ചകൾ നല്ലോണം കാണിച്ച് തരാന്നു പറഞ്ഞ് എന്നെ എടുത്ത് പൊക്കി. അങ്ങ് ദൂരെ പുഴയുടെ നടുവിൽ പൊട്ട് പോലെ കാണുന്ന തുരുത്ത് നോക്കി അതെന്താന്ന് ഞാൻ ചോദിച്ചു. അയാൾ അപ്പോ ചിരിച്ചു. ചുറ്റും പുഴ വെള്ളം വട്ടം വരച്ചൊരു തുരുത്താണതെന്നും അവിടെ ചെന്നാൽ അമ്പിളി മാമനെ കൈയ്യെത്തിപ്പിടിക്കാമെന്നും ഒരിക്കൽ അവിടെ കൊണ്ടുപോകാമെന്നും പറഞ്ഞു. ആ വാഗ്ദാനത്തിന് പകരമായി എന്റെ കുഞ്ഞു ശരീരം അയാളുടെ പരുക്കൻ കൈപ്പിടിയിൽ ഞെങ്ങി അമർന്നു. '

ശരീരമാസകലം ഞെങ്ങി ഞെരുങ്ങുന്നൊരു ഭാവമായിരുന്നു ഇസക്കപ്പോൾ.

'ആരോടെങ്കിലും പറഞ്ഞാൽ തുരുത്തിൽ കൊണ്ടു പോകില്ലെന്നും എന്നെ ആ ടെറസിൽ നിന്ന് താഴേക്ക് തള്ളിയിടുമെന്നും അയാൾ പറഞ്ഞു. ഞാനാരോടും പറഞ്ഞില്ല. പിന്നീട് പലവട്ടം അയാളെന്നെ നിർബന്ധിച്ച് ടെറസിലേക്ക് കൊണ്ടു പോയി. അയാളെന്നോട് ചെയ്യുന്നതെന്താണെന്ന് അന്നെനിക്കറിയില്ലായിരുന്നു. പക്ഷേ,

ഓരോ തവണയും ഞാൻ മരിച്ചു പോകുന്നത് പോലെ തോന്നിയെനിക്ക്... '

ആദ്യമായി ഇസയുടെ കണ്ണ് നിറയുന്നത് ഞാനപ്പോൾ കണ്ടു. ഇസ ഗ്ലാസിലേക്ക് മദ്യം പകർന്ന് ദീർഘമായൊരു ശ്വാസമെടുത്ത് കൊണ്ട് തുടർന്നു.

' പിന്നെപ്പിന്നെ അയാളുടെ കൈയ്യിൽ ഞെങ്ങി ഞെരുങ്ങുമ്പഴൊക്കെയും ഞാൻ കണ്ണടച്ച് ആ തുരുത്തിനെക്കുറിച്ച് ചിന്തിക്കും. ആ തുരുത്തിൽ അമ്പിളി മാമനെ കൈയ്യെത്തിപ്പിടിക്കുന്നതാലോചിക്കും. അപ്പോ എനിക്ക് കുറച്ചാശ്വാസം തോന്നും.'

ഇസ ഒന്ന് നിർത്തി. എന്തോ ആലോചിച്ചു. ബാക്കി പറഞ്ഞു തുടങ്ങിയപ്പോൾ നേരത്തെ പറയാൻ വന്നതെന്തോ പാതി വഴിയിൽ അവൾ ഉപേക്ഷിച്ചതു പോലെ എനിക്ക് തോന്നി.

'ഈയടുത്ത കാലത്ത് ഞാനാ തുരുത്തിനെക്കുറിച്ച് വിശദമായി അന്വേഷിച്ചു. പോയവരാരും തിരിച്ചു വരാത്ത തുരുത്തെന്നൊക്കെയാ കഥകൾ. അത് മിക്കവാറും അതിനകത്ത് എന്തേലും കുരുത്തക്കേടുകൾ കാണിക്കുന്നവന്മാര് പടച്ചു വിട്ട കഥകളാകും. '

ഇസ ചിരിച്ചപ്പോൾ എനിക്ക് എന്തോ ചെറിയ പേടി തോന്നി.

' ആ തുരുത്തിൽ പൗർണമിയുടെ രാത്രി ആകാശത്ത് പൂർണ്ണചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കിടന്ന് ഉറങ്ങാതെ നേരം വെളുപ്പിക്കണം... അതാണെന്റെ ആഗ്രഹം. അപ്പോ മാത്രമേ എന്റെ നഷ്ടങ്ങളുടെ തുരുത്തിൽ നിന്നെനിക്ക് തിരിച്ചു കയറാൻ പറ്റൂ എന്നൊരു തോന്നൽ..."

ഞാൻ ഇസയെത്തന്നെ നോക്കി മിണ്ടാതിരുന്നു. അപ്പോൾ ഇസ എന്റെ കണ്ണിൽ നോക്കാതെ പറഞ്ഞു.

' ഒരു കാര്യം പറയാൻ മറന്നു, ഈപ്പറഞ്ഞ ചേട്ടൻ ഞാൻ പിന്നെ ബോർഡിംഗ് സ്കൂൾ ഒക്കെക്കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയ ആദ്യത്തെ ആഴ്ച അതേ ടെറസിൽ നിന്ന് വീണ് മരിച്ചു..'

ഞാൻ വിശ്വാസം വരാതെ ഇസയെ തുറിച്ച് നോക്കി. ഇസ കിടക്കാം എന്ന് പറഞ്ഞ് ലൈറ്റണച്ചു. എന്നെ വന്ന് കെട്ടിപ്പിടിക്കുമ്പോൾ പറഞ്ഞു.

'ഒരു ചെക്കനെ ഞാൻ ഏർപ്പാടാക്കിയിട്ടുണ്ട്. അവന്റെ അപ്പൻ പണ്ട് ഈ തുരുത്തിൽ പോയിട്ടുണ്ടെന്നാ അവൻ പറയ്ന്നേ. കുറച്ചു പൈസേം രണ്ട് കുപ്പി കള്ളും കൊടുത്താ ഈ പൗർണമിക്ക് കാര്യം നടത്തിത്തരാന്ന് അവൻ ഏറ്റിട്ടുണ്ട്. '

അന്നെന്റെ മുടന്തൻ കാലിൽ ചുണ്ടുകൾ ചേർക്കുമ്പോൾ അവൾ പറഞ്ഞത് നമ്മളെല്ലാം അതു പോലോരോ തുരുത്തല്ലേ കുഞ്ഞിപ്പെണ്ണേ എന്നാണ്.

അന്ന് ഞാനത് കാര്യമാക്കിയില്ല. പക്ഷേ ഇന്നലെ ഏഴര കഴിഞ്ഞും ഇസ തിരിച്ചു വരാത്തതിൽ അപ്പൻ അസ്വസ്ഥനായപ്പോൾ എന്റെ നോട്ടം നേരെ ചെന്നത് ആകാശത്തെ പൂർണ ചന്ദ്രനിലേക്കായിരുന്നു. അതു കൊണ്ട് തന്നെയാണ് ഇസ അന്ന് കൂട്ടുകാരിയുടെ വീട്ടിൽ തങ്ങും എന്നെന്നെ വിളിച്ചു പറഞ്ഞിരുന്നെന്ന് ഒരു നുണ ഞാൻ പറഞ്ഞതും.

പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്ത് തിരിച്ചു വന്ന അപ്പൻ അന്നെന്നോട് മിണ്ടിയില്ല. കഞ്ഞി കുടിക്കാൻ വിളിച്ചിട്ട് വന്നില്ല. ചുമയുടെ മരുന്ന് കൊടുത്തപ്പോൾ ഒന്നും പറയാതെ വാങ്ങിക്കഴിച്ചു. ഞാൻ പട്ടിക്ക് ഭക്ഷണം കൊടുത്ത് കുറച്ച് നേരം ബാൽക്കണിയിൽ ചെന്ന് ആകാശം നോക്കിയിരുന്നു. ചന്ദ്രന്റെ പൂർണ്ണതയിൽ നേരിയ മുറിവ് വീണിരുന്നു. എനിക്കറിയാത്തൊരു തുരുത്തിൽ ആ ചന്ദ്രന്റെ വെട്ടത്തിൽ തിരിച്ചു വരാനുള്ള വഴി തിരഞ്ഞ് ഇസ അലഞ്ഞ് നടക്കുന്നതായെനിക്ക് തോന്നി. ഞാൻ താഴെ ഇറങ്ങി കട്ടിലിൽ ചെന്ന് കണ്ണടച്ച് കിടന്നു.

പിറ്റേന്ന് കാലത്ത് പത്ത് പത്തര ആയപ്പോൾ ഇസയുടെ സ്കൂട്ടി ഗേറ്റ് കടന്നു വന്നു. വല്ലാത്തൊരു ക്ഷീണത്തോടെ ഇസ വണ്ടിയിൽ നിന്നിറങ്ങി. കഴിഞ്ഞ രണ്ട് ദിവസം സുഹൃത്തിന്റെ വീട്ടിലായിരുന്നെന്നും ഫോൺ കേടായിപ്പോയെന്നും എന്തൊക്കെയോ നുണകൾ ഇസ അപ്പനോട് പറഞ്ഞു.

അപ്പനത് വിശ്വസിച്ചിരിക്കാൻ സാധ്യതയില്ല. ഇനി ഇങ്ങനെ വല്ലതും ഉണ്ടായാൽ മുറി തരത്തില്ലാന്നും പറഞ്ഞ് അപ്പൻ പോലീസ് സ്റ്റേഷനിലെ പരാതി പിൻവലിക്കാൻ പോയി.

ഞാൻ സ്റ്റെയർ കേറി ഇസയുടെ മുറിയുടെ വാതിൽക്കൽ ചെന്നു നിന്നു.

'എന്താ കുഞ്ഞിപ്പെണ്ണേ ..."

ഒരു തളർന്ന ചിരിയോടെ ഇസ തിരക്കി.

' ഈ രണ്ടു ദിവസം ഇസ എവിടാര്ന്നു? '

ഇസ പിന്നെയും ചിരിച്ചു.

' ഞാനന്ന് പറഞ്ഞില്ലേ ഒരു കാര്യം. അ

തിനു പോയതാര്ന്നു. കുറേ പറയാന്ണ്ട ത്. ഞാനിപ്പോ കുളിച്ച് ഓഫീസിലോട്ട് പോട്ടെ. '

അന്നും പിന്നീടുള്ള ദിവസങ്ങളിലും ഇസ ഒന്നും സംഭവിക്കാത്ത മട്ടിൽ ഓഫീസിലേക്ക് പോയും വന്നുമിരുന്നു.

പിന്നെ ഞാൻ ഇസയോട് അക്കാര്യം ചോദിക്കുന്നത് ശനിയാഴ്ച രാത്രി മദ്യക്കുപ്പി തുറന്നപ്പഴാണ്.

എന്നാ പറയാന്നും പറഞ്ഞ് ഇസ പറഞ്ഞ് തുടങ്ങി.

' പൗർണമീടെ അന്ന് ഏകദേശം ഉച്ചക്ക് രണ്ട് മണി ആയപ്പോ എനിക്ക് ചെക്കന്റെ ഫോൺ വന്നു. സംഭവം എല്ലാം റെഡി ആണ്. കാശും കുപ്പീം കൊണ്ട് വന്നാ ഇന്ന് തന്നെ നടത്താന്ന് പറഞ്ഞു. ഞാൻ അങ്ങനെ ഓഫീസ്ന്ന് ഹാഫ് ഡേ ലീവും പറഞ്ഞ് നേരെ ഇറങ്ങി. അവ്ട്ന്ന് നാല് നാലര മണിക്കൂർ ഓടാനുണ്ട് ഈ പറഞ്ഞ സ്ഥലത്തേക്ക്. വഴിക്കൊരു ബാറിൽ കേറി ചെക്കന് കൊടുക്കാനുള്ളതും വാങ്ങി. പുഴക്കരേൽ ഇരുട്ട് വീണ് തുടങ്ങുമ്പഴാണ് ഞാനവിടെത്തുന്നത്. ചെക്കൻ ഒരു തോണീം കൊണ്ട് നേരത്തേ എത്തി കാത്ത് നിൽപ്പുണ്ടാര്ന്നു. '

ഇസ ഒരു കവിൾ മദ്യം കുടിക്കാനുള്ള സമയം എടുത്തു. ആകാംഷയുടെ മുൾ മുന കാലിൽ കൊള്ളുന്നത് ഞാനാദ്യമായി അറിഞ്ഞത് അപ്പഴാണ്. കുടിച്ച് കഴിഞ്ഞ് ഇസ തുടർന്നു.

' പൂർണചന്ദ്രൻ കിഴക്ക് തല നീട്ടിത്തുടങ്ങിയപ്പോൾ ഞങ്ങൾ തോണിയിൽ കയറി. ചെക്കൻ ആഞ്ഞു തുഴഞ്ഞു. ഞാൻ തുരുത്തിലേക്ക് കണ്ണും നട്ടിരുന്നു. ചെക്കൻ ഇടക്കിടെ കള്ള് കുടിച്ചോണ്ടിരുന്നു. തുരുത്ത് എത്താൻ കുറച്ച് ദൂരം കൂടിയേ ഉള്ളായിരുന്നു. പക്ഷേ, കള്ള് തലക്ക് പിടിച്ച ചെക്കന്റെ സ്വഭാവം മാറി. പെട്ടെന്നവൻ എന്റെ ദേഹത്ത് കടന്നു പിടിച്ചു. '

ഇസ ഒന്നു നിർത്തി. ഞാനാ രംഗം മനസ്സിൽ സങ്കൽപ്പിച്ചു കൊണ്ട് ഞെരിപിരി കൊണ്ടു.

' കുറേ നേരം ഞാനും അവനും തമ്മിൽ ഉന്തും തള്ളും നടന്നു. അവസാനം ഞാനവനെ പുഴയിലേക്ക് തള്ളിയിട്ടു. നീന്തൽ നന്നായറിയാന്നു പറഞ്ഞ ചെക്കൻ ശ്വാസം കിട്ടാതെ വെള്ളത്തിൽ കൈകാലിട്ടടിക്കുന്നത് ഞാൻ നിലാവിൽ വ്യക്തമായി കണ്ടു. പതുക്കെ അവനാ വെള്ളത്തിലേക്ക് താഴ്ന്നു പോയി. ഞാൻ തുഴയെടുത്ത് തുരുത്തിന്റെ ദിശയിലേക്ക് തുഴഞ്ഞു. തോണി ഒരിഞ്ച് അനങ്ങിയില്ല. ദൂരെ തുരുത്ത് ഒരു മന്ത്രവാദിനിയെപ്പോലെ നിലാവ് കുടിച്ച് നിൽക്കുന്നത് കണ്ടതെനിക്കോർമ്മയുണ്ട്. പുലർച്ചെ ഉറക്കം ഞെട്ടുമ്പോൾ ഞാനാ തോണിയിൽ ഞങ്ങൾ യാത്ര തുടങ്ങിയ സ്ഥലത്തായിരുന്നു. പിറ്റേന്ന് രാത്രി ചെക്കന്റെ ശവം കരക്കടിഞ്ഞെന്ന് വിവരം കിട്ടുന്നത് വരെ ഞാൻ അവിടടുത്തൊരു ലോഡ്ജിൽ താമസിച്ചു. '

ഇസ അടുത്ത കവിൾ മദ്യം കൂടി വായയിലേക്കൊഴിച്ചു. കേട്ടതത്രയും സത്യം തന്നെയാണോ എന്ന് സംശയിച്ചു കൊണ്ട് ഞാനവളെത്തന്നെ നോക്കി ഇരുന്നു.

എന്തു കൊണ്ടോ, അന്ന് രാത്രി ഇസ ചിരിക്കാൻ പറഞ്ഞപ്പോൾ എനിക്ക് ചിരിക്കാൻ പറ്റിയില്ല. ഇസ കെട്ടിപ്പിടിച്ചപ്പോൾ തിരിച്ചു കയറാൻ പറ്റാത്ത ഏകാന്തമായൊരു തുരുത്തിലകപ്പെട്ട പോലെ തോന്നി എനിക്ക്. മുടന്തൻ കാലിൽ അവൾ ചുംബിച്ചപ്പോൾ ഏതോ കയത്തിലേക്കാഴ്ന്നു പോകുന്നത് പോലെ തോന്നി.

പിന്നീട് ഇസ കമ്പനി ചോദിച്ച് വിളിച്ചപ്പോഴൊന്നും ഞാൻ സ്റ്റെയർ കേറിച്ചെന്നില്ല. അടുത്ത പൗർണമിക്ക് മൂന്ന് ദിവസമുള്ളപ്പോൾ ഇസ അപ്പനോട് നാളെ മുറി ഒഴിയുകയാണെന്ന് പറഞ്ഞു. വാതിൽപ്പടിയിൽ നിന്ന് ഞാൻ നിർവികാരയായി ഇസയെ നോക്കി.

മുറി ഒഴിഞ്ഞ് താക്കോൽ തരാൻ വന്നപ്പോൾ ഇസ എന്റെ അടുത്ത് വന്ന് നിന്ന് സ്വകാര്യമായി പറഞ്ഞു.

' ഈ പൗർണമിക്ക് മിക്കവാറും നടക്കും. പുതിയ ചെക്കൻ വലിയ കുഴപ്പക്കാരനല്ല. പിന്നൊരു മുൻകരുതലായി കാര്യം കഴിഞ്ഞേ കുപ്പി കൊടുക്കൂന്നു ഞാൻ ഉറപ്പിച്ച് പറഞ്ഞു. '

ഞാൻ ഇസക്ക് വേണ്ടി അവസാനമായി ചിരിച്ചു. ഇസ വണ്ടി എടുത്തു.

ഇസയുടെ സ്കൂട്ടി ഗേറ്റ് കടന്നു പോകുന്നത് നോക്കിയങ്ങനെ നിന്നപ്പോൾ എന്റെ ഉള്ളിലെ തുരുത്തിൽ നിന്നൊരു കരച്ചിൽ ആർത്തലച്ച് ഇരമ്പി വരുന്നത് ഞാനറിഞ്ഞു.

●

# ഡിസംബർ 31 - ഒരു ദിനാന്ത്യക്കുറിപ്പ്



ലേഖ കാക്കനാട്

കൊഴിഞ്ഞുവീണ ഒരിലകൊണ്ടു മാത്രമേ
ഡിസംബറിന്റെ അവസാനതാളിൽ
എന്തെങ്കിലും കുറിക്കാനാകൂ-
അല്ലെങ്കിലും
ഇലപൊഴിയും കാലമായിരുന്നല്ലോ
ഒരിയ്ക്കൽ
ഒരു ജീവിതത്തെ തലച്ചുമടേന്തി
മുന്നിൽ കൊണ്ടുവന്നു നിർത്തിയതും...!

എങ്ങനെ മറക്കാൻ...?
കരോൾഗായകരോടൊപ്പമെത്താൻ
ഏന്തിവലിഞ്ഞു നടന്നിരുന്ന
പാടിപ്പതിഞ്ഞൊരീണത്തേയും
കാത്തിരിപ്പിന്റെ ആലസ്യമില്ലാതെ
മൂടിപ്പുതച്ചുറങ്ങുന്ന മഞ്ഞുതുള്ളിയേയും

പണ്ടെന്നോ
പാതിരാകുർബ്ബാനയുടെ വിശുദ്ധിതേടി
പടിയിറങ്ങിപ്പോയ
എന്റെ പകൽകിനാക്കളുടെ
പിന്നാമ്പുറങ്ങളിൽ
കുന്തിരിക്കം പുകച്ചിരുന്നതും
അവരായിരുന്നല്ലോ...!

ഇക്കുറി
തനിയേയാണ്
പുതുവത്സരത്തിന്റെ വരവ്

ഋതുഭേദങ്ങളുടെ
താളഭംഗംവന്ന
മുഖഭാവമറിയാത്ത
ദേശാടനക്കിളിയായി-

അതു നന്നായി

ചേക്കേറാനൊരു ചില്ല
എന്നിലിപ്പോഴും ബാക്കിയാണല്ലോ...!
കൊഴിഞ്ഞുവീണ ഇലകൾ
പറയാൻ ബാക്കിവച്ചത്-
എന്തെന്നറിയാതെ...!!





# പ്രമോദം



ബിനു വെളിയനാടൻ

**ആ**നന്ദപുരം അമ്പലത്തിൽ ഉത്സവത്തിനു കൊടിയേറിയതു മുതൽ പ്രമോദ് കാത്തിരിപ്പാണ്, നാടകം കാണാൻ പോകാൻ. ചങ്ങനാശേരി അണിയറ യുടെ മഹാത്മാ ഗാന്ധി യാണ് ഇക്കൊല്ലത്തെ നാടകം. തുലാമാസം പതിനേഴിനാണ് തിരുവുത്സവം. പതിനഞ്ചിന് ആറാട്ട്. പിറ്റേന്ന് പതിനാറിന് രാത്രി പത്തരയ്ക്കാണ് നാടകം.

ആറാട്ടെഴുന്നെള്ളിപ്പ് അമ്മ മുടക്കാറേയില്ല. അമ്മയുടെ കൈപിടിച്ച് ഞാനും ആറാട്ടിന് പതിവായി പോകാറുണ്ടായിരുന്നു. ഉച്ചയൂണൊക്കെ കഴിഞ്ഞ് ഞാനും അമ്മയും കൂടി ആദ്യം വടക്കേതിലെ നങ്ങേലിയമ്മയുടെ വീട്ടിൽ ചെല്ലും. നങ്ങേലിയമ്മ പോകാനൊരുങ്ങി ഉമ്മറപ്പടിയിലങ്ങനെ ഇരിപ്പുണ്ടാകും. പിന്നെ ഞങ്ങൾ മൂന്നുപേരും കൂടി ഒറ്റനടപ്പാണ്, സാവിത്രിയമ്മയുടെ വീട്ടിലേക്ക്.

കണ്ടത്തിന്റെ ഒത്തനടുവിലാണ് സാവിത്രിയമ്മയുടെ വീട്. അയൽപ്പക്കക്കാരാരും ഇല്ല. ഒറ്റയ്ക്കൊരു വീട്. സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ ലക്ഷദ്വീപ് ജീവിതത്തെക്കുറിച്ച് പഠിച്ചപ്പോൾ സാവിത്രിയമ്മയുടെ വീടായിരുന്നു എന്റെ മനസിൽ തെളിഞ്ഞുവന്നത്. കൊയ്ത്തൊക്കെ കഴിഞ്ഞ് കണ്ടത്തിൽ വെള്ളം കയറ്റിയാൽ സാവിത്രിയമ്മയുടെ വീടും ലക്ഷദ്വീപ് പോലെയാകും, ചുറ്റും വെള്ളം!

ഇപ്പോൾ പാടത്തേക്ക് നോക്കിയാൽ പച്ചപ്പരവതാനി വിരിച്ചതുപോലയേ തോന്നൂ. ഞങ്ങൾ പാടത്തിന്റെ നടുവിലുള്ള വീതികൂടിയ വരമ്പിലൂടെ, കിളിർത്തുപൊങ്ങിയ ഞാറുകൾക്ക് ഇടയിലൂടെ പതിയെപ്പതിയെ നടന്നുനീങ്ങി. തത്തയും മാടത്തയും കുരുവിക്കുഞ്ഞുങ്ങളും പലയിടത്തായി പാറിനടക്കുന്നുണ്ടായിരുന്നു. വരമ്പിന്റെ ഓരത്തായി വട്ടത്തിലിരുന്ന് കുശലം പറഞ്ഞുകൊണ്ടിരുന്ന ഒരു തത്തക്കൂട്ടം, ഞങ്ങളുടെ വരവുകണ്ട് ഇഷ്ടപ്പെടാഞ്ഞിട്ട് എന്നപോലെ ഉറക്കെ കലഹിക്കുന്നതായി തോന്നി. അവരുടെ അയൽക്കൂട്ട മീറ്റിംഗിന് തടസ്സം വരുമെന്ന് ഓർത്തിട്ടാകാം, ആ കലഹം.

പാടവരമ്പിൽ നിന്ന് സാവിത്രിയമ്മയുടെ പറമ്പിലേയ്ക്ക് എത്താൻ ഒരു തടി

പ്പാലമുണ്ട്. പാല മെന്നു പറഞ്ഞാൽ ഒരു കവുങ്ങിന്റെ തടി രണ്ടായി പിളർന്ന് വരമ്പിലും പറമ്പിലുമായി ചേർത്തിട്ടിരിക്കും, അത്രതന്നെ. അങ്ങനെയുള്ള നൂൽപ്പാലങ്ങളിൽ അമ്മയുടെ കൈസഹായമില്ലാതെ അക്കരെയെത്താൻ അപ്പോഴേക്കും എനിക്ക് നല്ല ധൈര്യമായിക്കഴിഞ്ഞിരുന്നു. പക്ഷെ, കട്ടപ്പനക്കാരി നങ്ങേലിയമ്മ പാലം കണ്ടപ്പോഴേ അമ്മയുടെ കൈ ചേർത്തുപിടിച്ചു. കൊല്ലം പത്തിരുപതു കഴിഞ്ഞല്ലോടി, കെട്ടി വന്നിട്ട്. എന്നിട്ടും കിഴക്കത്തീടെ (കിഴക്കുദേശത്തുനിന്ന് കല്യാണം കഴിച്ചു വന്നവൾ) പേടി മാറീട്ടില്ലല്ലേ. അമ്മയുടെ ആ കമന്റു കേട്ട് നങ്ങേലിയമ്മ, പിടിവിട്ടിട്ട് കൈപൊത്തി മുഖം മറച്ചു.

ഞങ്ങൾ പാലം കടന്ന് പറമ്പിലൂടെ വീട്ടുവരാന്തയിലെത്തി. പക്ഷെ സാവിത്രിയമ്മയെ ഉള്ളിലെങ്ങും കണ്ടതേയില്ല. സാവിത്രിയേ... എന്ന അമ്മയുടെ നീട്ടിയുള്ള വിളിയും ഞാനിവിടെ ഉണ്ടെടീ വിജയമ്മേ... എന്ന മറുപടിയും ഒരുമിച്ചായിരുന്നു. പുരയിടത്തിന്റെ മൂലയിലിരുന്ന്, ആറ്റിൽനിന്ന് വാരിക്കൊണ്ടുവന്ന കക്കാ പുഴുങ്ങി പാകപ്പെടുത്തുകയായിരുന്നു സാവിത്രിയമ്മയും ഭർത്താവ് ഗോപിയേട്ടനും.

പതിനഞ്ചിറ കള്ളുഷാപ്പിലെ കുട്ടനാടൻ രുചിവിഭവങ്ങൾക്ക് പ്രിയമേറെയാണ്. കക്കാ വാരി, പുഴുങ്ങി, തോടുകളഞ്ഞ്, വൃത്തിയാക്കി പതിവായി ഷാപ്പിലേക്ക് കക്കായിറച്ചി നൽകുന്നത് ഗോപിയേട്ടനാണ്. കക്കാഗോപിയേട്ട നെപ്പോലെ കരിമീൻ ചാക്കോച്ചനും വയമ്പുജോർജ്ജും കാരിജോയിയും തവളബിജുവും വരാൽകുഞ്ഞുമോനു മൊക്കെ വെളിയനാട്ട് പ്രശസ്തരാണ്.

ഞങ്ങൾ ചെല്ലുമ്പോൾ അവരുടെ കക്കാപുഴുങ്ങൽ ജോലി ഏറെക്കുറെ തീരാറായിരുന്നു. പെട്ടന്നുതന്നെ സാവിത്രിയമ്മ കുളിച്ചൊരുങ്ങി സാരിയുടുത്ത് സിന്ദൂരപ്പൊട്ടണിഞ്ഞ് സുന്ദരിയായി വന്നു. അങ്ങനെ ഞങ്ങൾ നാലുപേരും കൂടി പുരയിടത്തിന്റെ കിഴക്കുവടക്കേമൂലയിലെ പാടവരമ്പിലൂടെ വീണ്ടും നടക്കാൻ തുടങ്ങി. ഈ വരമ്പുകൾക്ക് മുമ്പത്തേതിനേക്കാൾ വീതി കൂടുതലുണ്ട്; തന്നെയുമല്ല നഖത്തിൽ പോളിഷ് ഇട്ടതുപോലെ വരമ്പിന്റെ മുകൾഭാഗത്ത് ചെമ്മണ്ണ് അൽപ്പം മേമ്പൊടിയായി വിതറിയിട്ടുമുണ്ടത്രെ. ചെമ്മൺപാത അവസാനിക്കുന്നത്, പൊട്ടിപ്പൊളിഞ്ഞ ടാറിട്ട റോഡിലേയ്ക്കാണ്. അത്രയും നടന്നെത്തിയപ്പോഴേയ്ക്കും നങ്ങേലിയമ്മ ആകെ തളർന്നു; കൂടെ ഞങ്ങളും. എന്നാൽപ്പിന്നെ ഉപ്പിട്ടൊരു നാരങ്ങാവെള്ളം കുടിക്കാമെന്നായി.

ക്ഷീണമൊക്കെ മാറ്റി, പിന്നെയും നടന്ന് കടത്തുകടവിലെത്തുമ്പോൾ സമയം നാലരയായിരുന്നു. പൊള്ളുന്ന വെയിലിന് തെല്ലൊരു ശമനമായതുപോലെ... തൂക്കം നോക്കി തോരാമഴ പെയ്യുന്ന തുലാമാസമായാൽപ്പിന്നെ വേനൽമഴയ്ക്കായുള്ള കാത്തിരിപ്പിലായിരിക്കും എപ്പോഴും കർഷകർ. പക്ഷെ ഇത്തവണ, പൊള്ളുന്ന കടുത്തവേനൽക്കാലത്തെ പോലെയായിരുന്നു സൂര്യന്റെ ചൂട്.

സാധാരണ രണ്ടുവള്ളങ്ങളാണ് കടത്തുകടവിലുണ്ടാവുക. ഉത്സവവും പെരുന്നാളുമൊക്കെയായാൽ ഒരു സ്പെഷ്യൽ വള്ളവും കാണും. മൂന്നെണ്ണം ഉണ്ടെങ്കിലും വള്ളങ്ങളെല്ലാം നിറഞ്ഞുകവിഞ്ഞിട്ടാണ്... അക്കരെനിന്ന് നിറയെ ആളുകളുമായി ഒരു വള്ളം കടവിലടുത്തു. അതിൽനിന്ന് ആളുകൾ ഇറങ്ങും മുമ്പേ കാത്തുനിന്നവർ ഇടിച്ചുകയറാൻ തുടങ്ങി; കൂടെ ഞങ്ങളും!

അക്കരെയെത്തുന്നതിനു മുമ്പ് വള്ളത്തിലിരുന്നു തന്നെ കടകളും കളിപ്പാട്ടങ്ങളും ഞാൻ നോട്ടമിട്ടു. അമ്മയുടെ മടിക്കുത്തിൽ കരുതിവച്ചിരിക്കുന്ന കാശിന്റെ കനംപോലെ എനിക്കെന്തെങ്കിലുമൊക്കെ വാങ്ങിത്തരാതിരിക്കില്ല, അതാണ് പതിവ്. അങ്ങനെ ഉത്സവപ്പറമ്പുമുഴുവൻ ചുറ്റിയും ആറാട്ടെഴുന്നെള്ളിപ്പ് കണ്ടും കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ എട്ടരയായി. കട്ടിലു കണ്ടപ്പോഴേ ഞാനുറങ്ങി.

മുറ്റത്തുനിന്ന് അച്ഛന്റെ നാടൻപാട്ടിന്റെ മൂളൽ കേട്ടാണ് പിറ്റേന്നുരാവിലെ കണ്ണുതുറക്കുന്നതുതന്നെ. ഇന്ന് രാത്രിയിലാണല്ലൊ നാടകം. അച്ഛന്റെ കൂടെ നേരത്തെ തന്നെ പോകണം. അച്ഛനും നാട്ടിൽ ചില്ലറ നാടകങ്ങളിലൊക്കെ അഭിനയിച്ചിട്ടുണ്ട്. പക്ഷെ പണിക്ക് പോയില്ലെങ്കിൽ, വീട് പട്ടിണിയായി പോകുമല്ലോ എന്നോർത്ത് തൽക്കാലം അഭിനയത്തിന് അവധി കൊടുത്തതാണെന്ന് ഇടയ്ക്കിടെ അച്ഛൻ പറയുമായിരുന്നു. പത്തരയ്ക്കാണ് നാടകമെങ്കിലും ഞങ്ങൾ നേരത്തെതന്നെ ഉത്സവപ്പറമ്പിലെത്തി. നാടകവണ്ടി നിർത്തിയിടുന്ന സ്ഥലത്തു നിൽക്കണം... നടീനടന്മാരെയെല്ലാം മേക്കപ്പിടാതെ കാണണം... മഹാത്മാഗാന്ധി എന്നല്ലേ നാടകത്തിന്റെ പേര്... ഗാന്ധിജിയാ

യി അഭിനയിക്കുന്നയാളിന് കഷണ്ടിയുണ്ടോ യെന്ന് നോക്കണം... സ്റ്റേജ് കെട്ടുന്നതും കട്ടൗട്ടുകൾ സെറ്റ് ചെയ്യുന്നത് കാണണം... അച്ഛന്റെ കൈപിടിച്ചു നടക്കുമ്പോൾ എന്റെ മനസ്സിലെ ചിന്തകൾ നാടകരംഗങ്ങൾപ്പോലെ മാറിമറിഞ്ഞു; ചിലത് അച്ഛനോട് പറയുകയും ചെയ്തു.

സഹൃദയരെ... അടുത്ത ബെല്ലോടുകൂടി ചങ്ങനാശ്ശേരി അണിയറയുടെ മഹാത്മാഗാന്ധി എന്ന നാടകം അരങ്ങിൽ ആരംഭിക്കുന്നതാണ്... ഘനഗംഭീരമായ ആ ശബ്ദം ഉത്സവപ്പറമ്പിനെ അക്ഷരാർത്ഥത്തിൽ നടുക്കി നിശബ്ദമാക്കി. കർട്ടനുയരുന്നതും നടീനടന്മാരുടെ അഭിനയവും അംഗവിക്ഷേപണങ്ങളും ബാക്ക്കർട്ടൻ മാറ്റുന്നതും ലൈറ്റ് ക്രമീകരണങ്ങളുമെല്ലാം ഞാൻ ആകാംക്ഷയോടെ നോക്കിനിന്നു.

നാടകവേദിക്ക് ഏറ്റവും മുമ്പിലിരുന്നാൽ ആസ്വദിക്കാവുന്ന ചില തമാശകളുണ്ട്. ആ നാടകത്തിൽ അച്ഛനായി അഭിനയിച്ചയാൾ മകന്റെ വേഷത്തിൽ രണ്ടാം രംഗത്തിൽ വന്നു. അയാളെ കണ്ടതും സദസിൽനിന്ന് കൂട്ടച്ചിരി. അച്ഛന്റെ നരച്ചമീശ മാറ്റാൻ മകനായപ്പോൾ നടൻ മറന്നുപോയിരുന്നു. വേദിക്കു മുമ്പിലിരുന്ന ഞാൻ, ആ നടൻമാത്രം കേൾക്കത്തക്ക വിധത്തിൽ മീശക്കാര്യം അൽപ്പമുറക്കെ പറഞ്ഞു. അയാൾ അത് തന്മയത്വത്തോടെ കറുത്തമീശയാക്കുകയും നാടകം കഴിഞ്ഞപ്പോൾ എനിക്ക് മിഠായി സമ്മാനമായി തരുകയും ചെയ്തു.

തന്മയത്വവും ഭാവുകത്വവുമാണ് ആത്മാർത്ഥതയുള്ള ഒരു നടന്റെ മുഖമുദ്രയെന്ന് അച്ഛനെപ്പോഴും പറയുമായിരുന്നു... ഞാനൊരു നാടകനടനായി കാണണമെന്ന അച്ഛന്റെ ആഗ്രഹം സഫലമായപ്പോൾ കൂടുതൽ സന്തോഷിച്ചതും അച്ഛനായിരുന്നു. അർബുദം അച്ഛന്റെ ആയുസ്സ് കവർന്നെടുത്തെങ്കിലും ഇപ്പോഴും കൂടെയുള്ളതു പോലെയാണ് എന്റെ തോന്നൽ. പറ്റുന്നയിടങ്ങളിലെല്ലാം നാടകം കാണാൻ അച്ഛൻ വരുമായിരുന്നു. വന്നാൽ ഒരിടത്തും അടങ്ങിയിരിക്കില്ല. ആളുകൾ നാടകത്തെക്കുറിച്ച് പറയുന്നത് കേൾക്കാൻ പലയിടത്തായി മാറി മാറി ഇരിക്കും. പിന്നെ ശബ്ദവും ലൈറ്റിങ്ങും കൃത്യമാണോയെന്ന് ഉറപ്പുവരുത്തും. നാടകം കഴിഞ്ഞു വന്നാൽപ്പിന്നെ ചർച്ചയാണ്, അതൊരു ശിൽപ്പശാല പോലെയങ്ങു നീളും, ചിലപ്പോൾ പുലർച്ച വരെയാകും! ഇന്നും ചില രാത്രിസ്വപ്നങ്ങളിൽ ആ ശിൽപ്പശാലക്കാരൻ വന്ന് നാടകച്ചർച്ച നടത്താറുണ്ടത്രെ.

ഓർമ്മയുടെ തിരശീലകൾ, ബാല്യവും ശൈശവവും യൗവ്വനവും കടന്ന് മടങ്ങിപ്പോകാൻ ഒരുങ്ങുമ്പോഴാണ് സംസ്ഥാന സർക്കാരിന്റെ നാടകപുരസ്കാര വേദിയിലാണ് ഇരിക്കുന്നതെന്ന് എന്നോട് മനസ്സു പറഞ്ഞത്. അച്ഛന്റെ ഓർമ്മകളുടെ നൊമ്പരം, മൂക്കിന് ഇരുവശവും പാത്തിയിട്ടതുപോലെ കണ്ണീർച്ചാലുകളായി നിറഞ്ഞൊഴുകി... കൈയ്യിലിരുന്ന തൂവാലയ്ക്ക് തടഞ്ഞുനിർത്താൻ ആവാത്തതുപോലെ. എന്റെ കണ്ണീരിന്റെ ഉപ്പുരസമുള്ള ഓർമ്മകൾ മനസിലാക്കിയിട്ടെന്നവണ്ണം സാംസ്കാരികമന്ത്രി ചെവിയിൽ പറഞ്ഞു. പ്രമോദെ... എന്നും പ്രമോദമായിട്ടിരിക്കണം, കരയരുത്. കരഞ്ഞുണങ്ങി കരിയേണ്ടതല്ല നിന്റെ ഭാവി.

ഒരിക്കൽ നാടകരചനയുടെ കുലപതി ഫ്രാൻസിസ് ടി. മാവേലിക്കര സാർ വീട്ടിൽ വന്നപ്പോൾ എന്നെ ചേർത്തുപിടിച്ച് അമ്മ പറഞ്ഞു. സാറെ, ഈ കണ്ണിലോട്ടു നോക്കിയാ ഞങ്ങടെയൊക്കെ ജീവിതം. ഉം... ഇവന്റെ കണ്ണിലോട്ടു തന്നെ നോക്കിയാൽ മതി. നിങ്ങൾക്ക് ഒരിക്കലും ജീവിതത്തിൽ പിറകോട്ടു നോക്കേണ്ടി വരില്ല. കട്ടൻചായയുടെ മധുരം നുണഞ്ഞ് സാറിന്റെ മറുപടി ഉടൻ വന്നു. അമ്മയുടെ ആ വാക്കുകൾ സാറിന്റെ മനസ്സിലും ആഴത്തിൽ പതിഞ്ഞെന്ന് എനിക്ക് മനസിലായത് അടുത്ത സീസണിലെ നാടകത്തിന്റെ സ്ക്രിപ്റ്റ് കണ്ടപ്പോഴാണ്. അമ്മയുടെ അതേ ഡയലോഗും എന്റെ കഥയുമായിരുന്നു നാടകത്തിന്റെ പ്രമേയം.

മികച്ച നാടകനടനുള്ള പുരസ്കാരവും കൈയ്യിലേന്തി ഞാൻ വേദിക്ക് പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ മാധ്യമപ്രതിനിധികൾ കാത്തുനിൽപ്പുണ്ടായിരുന്നു. അവരോട് സംസാരിച്ചിട്ട് തിരിഞ്ഞുനടക്കുമ്പോഴാണ് അദ്ദേഹത്തെ ഞാൻ കാണുന്നത്. എന്നെ കെട്ടിപ്പിടിച്ചു, പുറത്തുതട്ടി അഭിനന്ദിച്ചു. ഞാൻ തന്നെ കാത്തു നിൽക്കുകയായിരുന്നെടോ... എന്റെ അടുത്ത പടത്തിൽ തനിക്ക് ഒരു പ്രധാന റോളുണ്ട്. ഒറ്റപ്പാലത്താണ് ലൊക്കേഷൻ... കേൾക്കുന്നത് സ്വപ്നമല്ലെന്ന് തിരിച്ചറിയാൻ ഞാനേറെ പാടുപെട്ടു!

# ബാൽക്കണി



കവിത



ബഷീർ മുളിവയൽ

എല്ലാ വൈകുന്നേരത്തെയും പോലെ ഞാൻ ഇന്നും
ബാൽക്കണിയിലിരുന്ന്
ഫ്ലാറ്റിനു പിന്നിലുള്ള പാർക്കിലേക്ക് നോക്കുന്നു

സ്ഥിരമായി വരുന്ന സമയത്ത് തന്നെ ആ വൃദ്ധൻ
പാർക്കിലെ മരച്ചുവട്ടിലുള്ള ബെഞ്ചിൽ വന്നിരിക്കുന്നു

ഇനിയാണ് മാറ്റം സംഭവിക്കുന്നത്
ഇന്നലെയുള്ളതിൽ നിന്ന് വ്യത്യസ്തമായി
ഇന്ന് അയാൾക്ക് മക്കളില്ല എന്നാണ്  ഞാൻ ചിന്തിക്കുന്നത്

അയാളുടെ മക്കൾ യുദ്ധത്തിലോ, അപകടത്തിലോ മരിച്ചു പോയതാകാം

മക്കൾ ജീവിച്ചിരുന്നുവെങ്കിൽ
പാർക്കിൽ പട്ടം പറത്തിക്കളിക്കുന്ന കുട്ടികൾക്കൊപ്പം കളിക്കുമായിരുന്നല്ലോ
എന്നോർത്ത് അയാളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു
എന്ന്  കരുതി ഞാൻ സങ്കടപ്പെടുന്നു

ഇന്നലെ ഇതേ നേരത്ത് ഞാൻ ഓർത്തത് അയാൾക്ക് കുറേ മക്കളുണ്ടെന്നും
ആർക്കും അയാളെ നോക്കാൻ നേരമില്ല എന്നുമായിരുന്നു
യൗവ്വനം മുഴുവൻ പാഴാക്കി സ്വന്തം മക്കളെ വളർത്തി വലിയവരാക്കി
വാർദ്ധക്യത്തിൽ ആരും നോക്കാനില്ലാത്ത അയാളെക്കുറിച്ചോർത്താണ്
ഞാനിന്നലെ സങ്കടപ്പെട്ടിരുന്നത്

അതിനും മുന്നത്തെ ദിവസം ഞാൻ ആലോചിച്ചത്
അയാൾക്ക്
സ്വന്തക്കാരാരുമില്ല എന്ന കാര്യമായിരുന്നു

ഒറ്റക്ക് ജീവിക്കേണ്ടിവരുന്ന ഒരു വൃദ്ധനെക്കുറിച്ചുള്ള
ചിന്തയിൽ ഞാനന്നും സങ്കടപ്പെട്ടിരുന്നു


എല്ലാ വൈകുന്നേരങ്ങളിലും  ബാൽക്കണിയിലിരുന്ന്
അയാളെക്കുറിച്ചോർത്ത് സങ്കടപ്പെടുന്നത് കൊണ്ട്
എനിക്കെന്ത് നേട്ടം എന്നാണ് നിങ്ങളിപ്പോൾ ചിന്തിക്കുന്നത്

എനിക്ക് നേട്ടമുണ്ട്
ഈ ബാൽക്കണിക്കപ്പുറം സഞ്ചാര സ്വാതന്ത്ര്യമില്ലാത്ത
എന്റെ വാർദ്ധക്യത്തെക്കുറിച്ച്
താൽക്കാലികമായെങ്കിലും  മറക്കാൻ എനിക്കാവുന്നു.

# പരോൾ



ബി ജോസുകുട്ടി



നാളെ തന്റെ മടക്ക യാത്രയാണ്. ഏകാന്തതയിലേക്കും ഒറ്റപ്പെടലിലേക്കുമുള്ള യാത്ര. വെറും പതിനഞ്ചു ദിവസത്തേക്ക് മാത്രം അനുവദിച്ച സ്വാതന്ത്ര്യത്തിന്റെ അമൂല്യദിനങ്ങൾ. നാളെ തന്റെ പരോൾ കാലം തീരുന്നു. സൂര്യൻ അസ്തമിക്കുന്നതിനു മുമ്പേ ജയിലിൽ റിപ്പോർട്ട് ചെയ്യണം. തടവറക്കാലത്തെ തന്റെ നല്ല നടപ്പ് ബോധ്യമായ കോടതി ദയാപൂർവ്വം തനിക്ക് കുറച്ചു നാളത്തേക്ക് വിടുതൽ നൽകുകയായിരുന്നു. ആരേയും നുള്ളിനോവിക്കുക പോലും ചെയ്യാത്ത താനെങ്ങനെ ഒരു കൊലപാതകിയായി എന്നുള്ള യാഥാർത്ഥ്യം തന്റെ വീട്ടുകാർക്കും നാട്ടുകാർക്കും എന്തിന്, തനിക്കു തന്നെയും ഇതുവരെ ഉൾക്കാള്ളാൻ കഴിഞ്ഞില്ല. പക്ഷേ, അങ്ങനെ സംഭവിച്ചു പോയി.

ഒരു രാത്രിയിൽ വീടന്വേഷിച്ചു വന്ന കാർ യാത്രികർക്ക് അവർ അന്വേഷിച്ച ആളുടെ വീട് അവർക്കൊപ്പം കാറിൽ കയറി സ്ഥലത്ത് വീട് കാണിച്ചു കൊടുത്ത ഒരു തെറ്റു മാത്രമാണ് താൻ ചെയ്തത്. ആ വീട്ടിലെ ചെറുപ്പക്കാരനായ ശ്യാമിനോട് അത്രയ്ക്കടുപ്പമൊന്നും ഉണ്ടായിരുന്നില്ല. ഒരു രാഷ്ട്രീയപ്പാർട്ടിയുടെ സജീവ പ്രവർത്തകൻ, എല്ലാവരോടും ഹൃദ്യമായി പെരുമാറുന്നയാൾ എപ്പോഴും മുഖം നിറയെ ചിരിയുമായി എല്ലാവരോടും ക്ഷേമമന്വേഷിക്കുന്നയാൾ തന്നോടും ആ ചെറുപ്പക്കാരൻ അങ്ങനെയേ പെരുമാറിയിട്ടുള്ളൂ. അന്നു രാത്രിയിൽ അത്താഴം കഴിഞ്ഞ് വീടിനു മുന്നിലെ ചെറുറോഡിൽ നിലാവ് ചൊരിയുന്ന രാത്രി വെയിലിൽ ഉലാത്തുമ്പോഴാണ് അവർ കാറിലെത്തി ശ്യാമിന്റെ വീട് ചോദിചത്.

‘ദാ ആ വളവ് തിരിഞ്ഞ് മുമ്പോട്ട് കഷ്ടിച്ച് ഒരു മൈലിനപ്പുറത്താണ് വീട്... എന്നു പറഞ്ഞു കഴിയുന്നതിനു മുമ്പ് കാറിന്റെ മുൻസീറ്റിലിരുന്നയാൾ മൃദുസ്വരത്തിൽ പറഞ്ഞു. ‘ സുഹൃത്തേ, വണ്ടിയിൽ കയറി താങ്കൾ ഞങ്ങളോടൊപ്പം വന്ന് വീട് കാട്ടിൽ തന്നാൽ ഉപകാരം. ഇത്ര രാത്രിയായതുകൊണ്ടാണ് സഹായം ചോദിച്ചത്‘ പിന്നെ, ഒന്നും മിണ്ടിയില്ല. കാറിന്റെ ബാക്ക് ഡോർ അകത്തു നിന്ന് ആരോ തുറന്നു. പിന്നെ താനകത്തു കയറി. വേറെ രണ്ടു പേർ കൂടി പുറകിലത്തെ സീറ്റിൽ ഇരിപ്പുണ്ടായിരുന്നു. കാറിലെ ഇരുട്ടിൽ അവരുടെ മുഖം വ്യക്തമായിരുന്നില്ല. കാറിലെ ശീതീകരിച്ച ഇരുട്ടിലെ മദ്യത്തിന്റെ ഗന്ധമേറ്റ് തനിക്ക് ഓക്കാനിക്കാൻ വന്നു. കാർ വളവ് തിരിഞ്ഞ് മുന്നോട്ടു നീങ്ങി. അകലെ കണ്ട വീട് ചൂണ്ടിക്കാട്ടി താൻ പറഞ്ഞു. ‘ദാ ആ കാണുന്നതാണ് വീട്‘ പിന്നെ, ആരും ഒന്നും മിണ്ടിയില്ല. കാർ വീടിന്റെ ഗേറ്റിൽ നിർത്തി. തന്നോട് ഒന്നും പറയാതെ ഡ്രൈവറുൾപ്പടെയുള്ള നാൽവർ സംഘം ഗേറ്റ് തുറന്ന് വീട്ടുമുറ്റത്തേക്ക് കയറിപ്പോയി. പുറത്ത് ലൈറ്റുകൾ ഓ

ഫാക്കിയിരുന്നു. എന്നാൽ വീട്ടിനകത്ത് വെളിച്ചമുണ്ടായിരുന്നു. താനും പുറത്തിറങ്ങി. ഏതാനും നിമിഷങ്ങൾ, ആഗതർ കോളിംഗ് ബെൽ അടിക്കുന്നതും ആരോ തുറന്ന വാതിലിൽ കൂടി എല്ലാവരും അകത്തു കയറുന്നതും കണ്ടു. എന്തുകൊണ്ടോ ഒരു ഭീതി ചീവീടുകളുടെ സ്വരമായി തന്നിലേക്കു വന്നു.

തിരിച്ചു വീട്ടിലേക്കു പോയാലോ നടക്കാനുള്ള ദൂരമല്ലേയുള്ളൂ. പെട്ടെന്ന് വലിയ ഒരാർത്തനാദം കേട്ടു. അലർച്ചകളും കൂട്ടവിലാപങ്ങളും എന്താണെന്നു സംഭവിക്കുന്നതെന്ന യറിയാതെ താൻ വീട്ടിലേക്ക് ഭയന്നോടിപ്പോകുകയായിരുന്നു. പിറ്റേന്ന് നേരം പുലരുന്നതിന് മുമ്പേ പോലീസുകാർ വീട്ടിലെത്തി. ചോദ്യവും പറച്ചിലൊന്നുമില്ലാതെ തന്നെ അവർ കൊണ്ടുപോയി. തലേ രാത്രിയിൽ നടന്ന കൊലപാതകത്തിൽ തനിക്കും പങ്കുണ്ടായിരുന്നു എന്നായിരുന്നു പോലീസിന്റെ ആരോപണം. കസ്റ്റഡിയിലായവർ തന്റെ പേരു കൂടി പറഞ്ഞത്രേ, രാത്രിയിൽ വീടന്വേഷിച്ചു വന്നവർക്ക് അവർ വന്ന കാറിൽ കയറി വീടു കാണിച്ചു കൊടുത്തത് ശരിയായിരുന്നല്ലോ, അതു മാത്രമേ പോലീസ് തന്നോടു ചോദിച്ചിരുന്നുള്ളൂ. പക്ഷെ അത് അയാളെ കൊല്ലാൻ വേണ്ടിയാണെന്ന് താനറിഞ്ഞിരുന്നില്ലല്ലോ. തന്നെ പോലീസ് കൊണ്ടുപോയതോടെ ഭാര്യയും തന്റെ കുഞ്ഞും അനാഥരായി. തനിക്കു വേണ്ടി കേസ് നടത്താനോ വാദിക്കാനോ ആരുമുണ്ടായില്ല.

കോടതിയിൽ നിരപരാധിത്വം പോലും തെളിയിക്കാൻ കഴിഞ്ഞില്ല. പരോളിലിറങ്ങുമ്പോൾ തന്റെ ഭാര്യയെയും കുഞ്ഞിനെയും കാണണം. അതായിരുന്നു മോഹം. പക്ഷേ, വാടകവീട്ടിൽ നിന്ന് അവർ നിർദ്ദാക്ഷിണ്യം ഇറക്കിവിട്ടപ്പെട്ടിരുന്നു. പിന്നീട് സത്യം അറിഞ്ഞു. തന്റെ ഭാര്യ അഞ്ചു വയസ്സുള്ള കുഞ്ഞിനെ ഉപേക്ഷിച്ച് ആരോടൊപ്പം ഒളിച്ചു പോയത്രേ, ഷോക്കേറ്റു പോയ നിമിഷം. പക്ഷേ, തന്റെ കുഞ്ഞെവിടെ ? ആർക്കും വ്യക്തമായി അറിയില്ല. അന്വേഷണം ഇന്നു രാത്രി അവസാനിക്കും രാവിലെ ജയിലിലേക്ക് മടങ്ങിപ്പോകണം. മറ്റൊരു കർമ്മം കൂടി ചെയ്യേണ്ടിയിരിക്കുന്നു. തന്നെ കൂട്ടു പ്രതിയാക്കിയവനോട് പകരം ചോദിക്കണം. അയാൾ കുറ്റവിമുക്തി നേടി ജയിലിൽ നിന്നും പോയിരുന്നു. അന്വേഷണത്തിൽ അറിഞ്ഞു. അയാൾ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകനാണ്.

അയാൾ പുറത്തിറങ്ങേണ്ടത് പാർട്ടിയുടെ ആവശ്യമാണ്. അവർക്കൊരു പ്രതിയെ വേണമായിരുന്നു താനതിനിരയാവുകയ്യും ചെയ്തു. തന്റെ കുടുംബം നശിപ്പിച്ച ജീവിതം ഇല്ലാതാക്കിയവരോട് പ്രതികാരം ചെയ്യണം. അന്വേഷിച്ചപ്പോൾ അറിഞ്ഞു. അയാൾ അടുത്ത ഗ്രാമത്തിൽ താമസിക്കുകയാണത്രേ, രാത്രി തന്നെ ബസ്സിൽ കയറി അയാളുടെ വീടിനടുത്തെത്തി. കുറ്റം ചെയ്യാതെ ശിക്ഷയനുഭവിച്ചിരുന്ന താൻ ഇനി മുതൽ കുറ്റം ചെയ്തിട്ട് ജയിലിൽ പോകുന്നു. അയാളെ കൊല്ലണം.

മൂർച്ചയുള്ള കത്തി മുണ്ടിന്റെ മടിക്കുത്തിലുണ്ട്. രാത്രി ഏറെ കഴിഞ്ഞിരുന്നു. ഒരു മഴയുടെ ലക്ഷണം വീടിന് സമീപത്തെത്തി. ഡോർ ബെല്ലടിക്കണം അയാൾ വന്ന് വാതിൽ തുറക്കുമ്പോൾ കത്തി നെഞ്ചിൽ കുത്തിയിറക്കണം. പൊടുന്നനവേ മഴ ഇരച്ചു കയ്യാൻ തുടങ്ങി. നന്നായി മഴയുടെ ആരവത്തിൽ എല്ലാ ശബ്ദങ്ങളും മായും. പെയ്യട്ടെ മഴ തകർത്തു പെയ്യട്ടെ. ഡോർ ബെൽ അടിക്കുന്നതിനു മുമ്പ് തുറന്നിട്ടിരിക്കുന്ന ജാലകത്തിലൂടെ അകത്തേക്ക് നോക്കി. അയാൾ അത്താഴം കഴിക്കുകയാണ് കൂടെ ഭാര്യയും ഒരു കുട്ടിയും. ചിരിച്ച് തമാശകൾ പറഞ്ഞാണ് അവർ കഴിക്കുന്നത്. അവനും അവളും കുട്ടിക്കു ചോറ് വായിൽ വെച്ചു കൊടുക്കുന്നുമുണ്ട്. കഴിക്കട്ടെ, കഴിക്കട്ടെ ഇതവന്റെ ഒടുക്കത്തെ അത്താഴം. രണ്ടാമത്തെ നോട്ടത്തിൽ അയാൾ പതറിപ്പോയി. ആ കുട്ടി, ആ കുട്ടി.... തന്റെ സ്വന്തം കുഞ്ഞല്ലേ, തന്റെ ചോരയിൽ പിറന്ന കുഞ്ഞ്, ഭാര്യ ഉപേക്ഷിച്ചു കളഞ്ഞ കുഞ്ഞ്.... എന്റെ കുഞ്ഞിവിടെ...? അയാളുടെ മനസ്സിൽ ആയിരം സംശയങ്ങൾ മുള പൊട്ടി.

കുഞ്ഞിനെ അവർ മത്സരിച്ച് ഊട്ടുകയാണ്. സങ്കടവും സന്തോഷവും കൊണ്ട് താൻ വീർപ്പുമുട്ടുകയാണോ ? തന്റെ കുഞ്ഞ് ജീവനോടെ തന്റെ കൺമുമ്പിൽ. അയാൾ മറ്റൊരു മഴയായി നിന്നു പെയ്തു. എത്ര നേരം അങ്ങനെ എത്ര നേരം തണുത്തുറഞ്ഞ ശിലയായി നിന്നു വെന്നറിയില്ല. പിന്നെ, ഇനിയും ഇനിയും ശമിച്ചിട്ടില്ലാത്ത മഴയിലൂടെ അവിടെ നിന്നിറങ്ങി. മടിക്കുത്തിൽ സൂക്ഷിച്ചു വെച്ചിരുന്ന കത്തി ദൂരേക്ക് വലിച്ചെറിഞ്ഞു. പരോൾ തീരുകയാണ് നാളെ രാവിലെ ജയിലിൽ എത്തണം. അയാൾ ആത്മസംതൃപ്തിയോടെ ആഹ്ളാദത്തോടെ പ്രഭാതത്തെ ലക്ഷ്യമാക്കി മടക്കയാത്രയാരംഭിച്ചു.

കവിത

# പടിയിറക്കം



വിളിച്ചിടുന്നെന്നെ കാലമീപാതയിൽ
വിടചൊല്ലുന്നു പോകട്ടെ സമയമായ്
വരികയില്ല ഞാനിനിയൊരിക്കലും
പുതിയ പുലരിതൻ പാദനിസ്വനം

കരളിലൊക്കെയും തുടുത്തസ്വപ്നങ്ങൾ
കരുതിവച്ചു ഞാൻ പടിയിറങ്ങുന്നു
കാലമെന്നെ വിളിക്കയായ് സഖേ
കാത്തുനിൽക്കുന്നു കൊണ്ടുപോകുവാൻ

തിരിച്ചുപോകുവാനല്പ നേരമേ-
ബാക്കിയുള്ളൂവതെന്നറിഞ്ഞീടുന്നു ഞാൻ
പുതിയകാല്യമുദിക്കയായ് സഖേ
വരികയായവൻ പുതുവെളിച്ചമായ്

പുതിയപുലരി വിടർന്നിടുമ്പോഴേ-
പുതുപ്രതിജ്ഞകളെടുക്കും കേമമായ്
കാലം നീങ്ങിയകന്നു പോകവേ-
കാറ്റിനൊപ്പമൊലിച്ചു പോയിടും!

കൊഴിഞ്ഞിടുന്നിതാ കരിയിലകളെ-
കരുതിവയ്ക്കില്ല നിങ്ങളൊന്നുമേ
പുതിയകാല്യത്തിൻ വിടർന്നശോഭയി-
ലെന്നെയെന്തിനു നിങ്ങളോർക്കണം!

എൻറെ മെയ്യു തളർന്നിടുന്നല്ലോ
എൻറെ ചിറകു കുഴഞ്ഞിടുന്നല്ലോ
എൻറെ കാഴ്ച മറഞ്ഞു പോകയായ്
നിൽക്കൂ കാലമേ; വരികയാണു ഞാൻ

പുതിയ വർഷമേ; നീയുമോർക്കുക..!
നിനക്കും വന്നിടുമെൻറെയീഗതി
പോയിടുന്നു ഞാൻ നീയുണർന്നുവോ?
എൻറെ ദേഹത്തു കൊള്ളിവയ്ക്കുവാൻ!



കൃഷ്ണകുമാർ മാപ്രാണം

കഥ

# നിക്ളാവോസിന്റെ ഹൃദയവ്യഥകൾ





ടോണി എം. ആന്റണി

മുകളിലോട്ടു പൊങ്ങിത്തുടങ്ങിയപ്പോഴാണ് നിക്ളാവോസ് താഴോട്ട് അന്തിച്ചു നോക്കിയത്. തനിക്ക് പ്രിയപ്പെട്ടതെല്ലാം അങ്ങു താഴെ ഭൂമിയിൽ!

കുറച്ചു നിമിഷങ്ങൾ മുമ്പുവരെ തന്റേതായിരുന്ന ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, വീട്, സ്ഥലങ്ങൾ, ബാങ്ക് ബാലൻസ് എല്ലാം ഇട്ടെറിഞ്ഞു താൻ ഇങ്ങിനെയൊരു ഒരുപ്പോക്ക് പോയി എന്നറിഞ്ഞാൽ, ഇന്ന് രാവിലെ പള്ളിയിൽ വെച്ച് നാട്ടു വിശേഷങ്ങളും , ശകലം കുത്തിത്തിരുപ്പും കുശുമ്പും പറഞ്ഞ തോമ്മനും, ഔസേപ്പും, വറീതും ഒക്കെ എന്ത് പറയുമോ എന്തോ.

രാവിലെ പള്ളിയിൽ നിന്നും വന്ന്

പതിവു പോലെ, ഭാര്യ കത്രീന കൊണ്ട് വെച്ച പഴങ്കഞ്ഞി കഴിച്ച് ഒരു ഏമ്പക്കം വിട്ടതേ എനിക്കോർമയുള്ളു. വെട്ടിയിട്ട വാഴ പോലെ പിന്നലിലേക്കു മറിഞ്ഞതും, എല്ലാവരും ഓടി വന്നതും, ആരൊക്കെയോ ചേർന്ന് എന്നെ പൊക്കി ആശുപത്രിയിൽ കൊണ്ട് പോയതും, അതെല്ലാം ഒരു മായക്കാഴ്ച പോലെ കണ്ടു നിൽക്കേണ്ടി വന്നപ്പോഴാണ് ഒടേതമ്പുരാൻ നമ്മുടെ ഭൂമിയിലെ ശീട്ട് കീറി എന്ന് നിക്ളാവോസിന് കത്തിയത്.

ആ ആന്തലിൽ കിളി പോയി നിക്കുമ്പോഴാ, വിമാനം പൊങ്ങണ പോലെ ഇങ്ങിനെ ഒരു ടേക്ക് ഓഫ്.

ഇതിപ്പോ ബൈബിളിൽ പറഞ്ഞത് പോലെ നരകത്തിലേക്കോ, സ്വർഗ്ഗത്തിലേക്കോ ഉള്ള യാത്രയാകും. നിക്ളാവോസ് ഉറപ്പിച്ചു. ഇന്ന് രാവിലെ കൂടെ അച്ചൻ പള്ളിയിൽ പറഞ്ഞതാ, പൊറുക്കാനും മറക്കാനും , തെറ്റ് തിരുത്തി തയ്യാറായി ഇരിക്കാനും, ഇടിത്തീ പോലെ മരണം വരുമെന്ന്.

അപ്പോഴേലും ഞാൻ ഓർത്തോ കർത്താവെ, ഈ സ്വിച്ച് ഇടുന്ന പോലെ എന്നെ അങ്ങ് കൊണ്ടു പോകുമെന്ന്? ദൈവത്തിനു ഇഷ്ടം ഉള്ളവരെ പെട്ടെന്ന് കൊണ്ട് പോകും എന്നൊക്കെ കേട്ടിട്ടുണ്ട്, പക്ഷെ എന്നെ.....അതിലെ കോമഡി ഓർത്തപ്പോ നിക്ളാവോസിനു ചിരി വന്നു. ഒന്ന് ചിരിച്ചു തുടങ്ങിയപ്പോളാ ഓർത്തത് ഞാൻ മരിച്ചു പോവല്ലേ , ചിരിക്കാമോ ആവോ എന്ന്. ഉടൻ ചിരി നിർത്തി മുഖത്ത് ഒരു സങ്കടമങ്ങ് ഫിറ്റ് ചെയ്തു.

കുറച്ചൂടെ ടൈം കിട്ടിയിരുന്നേൽ...? നിക്ളാവോസ് ഓർത്തു, മക്കൾക്ക് വസ്തുക്കൾ ഭാഗം ചെയ്തു കൊടുത്തില്ല.... അവര് പരസ്പരം തല തല്ലി പ്പൊളിക്കും എന്ന് നിശ്ചയം , തന്റെയല്ലേ വിത്ത്! നിക്ളാവോസ് ഒരു ദീർഘനിശ്വാസം വിട്ടു.

കുത്തിന് പിടിച്ചു വാങ്ങിയ പലിശകൾ, കണ്ണുരുട്ടി എഴുതി വാങ്ങിയ പ്രമാണങ്ങൾ , അതിരു മാന്തി നേടിയ ഭൂമി, നിക്ളാവോസ് പിന്നേം ശ്വാസം മുട്ടിക്കിതച്ചു. എന്റെ കർത്താവേ മരിച്ചിട്ടും ഈ ശ്വാസം എന്തിനാ ?? ഓരോന്ന് ഓർമ്മിപ്പിച്ചു ശ്വാസം മുട്ടിക്കാനോ, നിക്ളാവോസ് പിന്നേം ശ്വാസം മുട്ടി ചുമച്ചു തുടങ്ങി.

ഇതെല്ലാം പോട്ടെ കർത്താവേ, ഞാൻ മരിച്ചെന്നറിഞ്ഞ് ചുരം ഇറങ്ങി മറ്റവളും പിള്ളേരും വന്നാൽ ,,,, ഓർത്തപ്പോൾ നിക്ളാവോസിനു തല കറങ്ങി. ഈ ചുറ്റിക്കളി വല്ലോം കത്രീന അറിഞ്ഞാൽ, മക്കളും ചെറുമക്കളും അറിഞ്ഞാൽ , നാട്ടുകാരറിഞ്ഞാൽ.... നിക്ളാവോസിനു കണ്ണിൽ ഇരുട്ടു കയറി. തല കറങ്ങുന്നു.

തൊണ്ട വരണ്ടു വെള്ളം നോക്കിയപ്പോളാണ് ഓർമ്മ വന്നത്. മൊബൈൽ ലോക്ക് ചെയ്യാതെ തന്റെ അലമാരയിൽ ഇരുപ്പുണ്ടല്ലോ എന്ന്. എന്റെ പിതാവേ , എല്ലാം പൂർത്തിയായി. ഭർത്താവിന്റെയും , അപ്പൻറെയും , അപ്പുപ്പന്റെയും തനി കൊണം എല്ലാരും അറിയുമല്ലോ എന്റെ തമ്പുരാനേ...നെഞ്ചിൽ ഒരു ലോഡ് കല്ലിറക്കിയ ഒരു ഫീൽ ....നിക്ളാവോസ് ക്ഷീണിച്ചു വഴിയിൽ ഇരുപ്പായി.

ഇരുന്നിട്ടും നിക്ളാവോസ് മുകളിലേക്ക് പോയി ക്കൊണ്ടേ ഇരുന്നു. വിധി സ്ഥലം അടുത്തത് കൊണ്ടോ,, എന്തോ രണ്ടു വാചകങ്ങൾ നിക്ളാവോസ് ഉച്ചത്തിൽ കേട്ടു

മൂഢാ.. ഈ രാത്രി നിന്റെ ആൽമാവിനെ നിന്നിൽ നിന്ന് ഞാൻ ആവശ്യപ്പെടും , അപ്പോൾ നീ ഒരുക്കി വെച്ചിരിക്കുന്നവ ആരുടേതാകും ???

ഒരുവൻ ലോകം മുഴുവൻ നേടിയാലും, തന്റെ ആത്മാവിനെ നഷ്ടപെടുത്തിയാൽ എന്ത് ഫലം ????

നിക്ളാവോസ് ഒന്നും പറഞ്ഞില്ല, ചിന്തിച്ചില്ല , നീണ്ടു നിവർന്നങ്ങു കിടന്നു...അല്ലേലും ഇനിയെന്തു ചെയ്യാൻ ??

അപ്പോൾ ഇടവക പള്ളിയിലെ കപ്യാർ ദേവസിച്ചേട്ടൻ മരണമണി അടിക്കുന്ന തിരക്കിലായിരുന്നു.

●

കവിത




# സൊറമുക്കിലെ ബഹുസ്വരത

ചെറിയയൊരു ഗ്രാമം,
ഹൃദയഭാഗത്തെ
തെരുവോരത്ത്
വെള്ളവും, പാലും തിളച്ച-
ആവിയെപ്പോഴും
പറക്കുന്ന ചായക്കട,
ചില്ല് കൂട്ടിൽ
നല്ല ചൂടൻ
നാടൻ പലഹാരങ്ങൾ,
മൂലയിലൊരിടത്ത്
മൂന്ന് തെങ്ങിൻ തടി
കൊണ്ടുണ്ടാക്കിയ
സൊറമുക്ക്.

അതിരാവിലെയീ
സൊറമുക്കുണരും
ചായക്കടയിലെ പത്രം
അവിടെയാണ്
സ്ഥിരവാസം.

പല മതക്കാർ,
പല നിറക്കാർ,
പല തട്ടിലുള്ളവർ,
ആശയങ്ങളുടെ
കുത്തൊഴുക്കാണ്
പിന്നെയവിടെ.

ചിലപ്പോളവ
വൈറൽ ആകും,
ചിലപ്പോളാകട്ടെയവ
ശവപ്പെട്ടിയിലാക്കി
റീത്ത് വയ്ക്കപ്പെടും,
മറ്റ് ചിലപ്പോൾ
ഏക മനസ്സോടെ
അംഗീകരിക്കപ്പെടും,
മേൽക്കോയ്മ
ചാടി പുറത്ത് വന്നാൽ
ചവിട്ടിപ്പുറത്താക്കും,
ചിലപ്പോൾ
നാട്ടാരുടെ വീട്ടുകാര്യ-
ചർച്ച കൊടുമ്പിരിക്കൊള്ളും,
അനുശോചന സമ്മേളനവും
നടത്തപ്പെടാറുണ്ട്.

വരികളിലൂടെയും
വരികൾക്കിടയിലൂടെയും
നൂണ്ടിറങ്ങി പുതു പുത്തൻ
വരികൾ രചിക്കാൻ
ഉണരണമെല്ലാടവും
ചൊറയാകാത്ത
സൊറമുക്കുകൾ



ശ്രീജ വിധു

കഥ

# കുഞ്ഞാമിനയുടെ ബുർഖ





ദർശന

**കു**ഞ്ഞാമിന അന്ന് സ്കൂളിലെത്തിയത് പതിവിലും വൈകിയാണ്. അല്ലെങ്കിലും എന്നും താമസിച്ചു തന്നെയാണ് അവൾ എത്തുക . കറുത്ത കൺപീലികൾ നിറഞ്ഞു നിൽക്കുന്ന കണ്ണുകളുടെ ഇമ വെട്ടലിൽ അവളുടെ വേവലാതികൾ മുഴുവൻ പിടയുന്നുണ്ടാകും. ആദ്യത്തെ ക്ലാസ് ഇംഗ്ലീഷാണ് . അവളുടെ കറുത്ത മിന്നലാട്ടം വാതിൽക്കൽ കാണുമ്പോൾ തന്നെ സാജൻ മാഷ് പുസ്തകം മടക്കി വിരലുകൊണ്ട് അടയാളം പിടിക്കും.

' എന്റെ കുഞ്ഞാമിനോ, നിനക്കിഗ്ലീഷ് പഠിക്കണ്ടേ? അതോ ന്റെ ഇംഗ്ലീഷ് നിനക്ക് ഇഷ്ടമല്ലാഞ്ഞിട്ടാ എന്നും നേരം വൈകി വരണേ'

ഗൗരവത്തിലാണ് പറച്ചിലെങ്കിലും മാഷ്ക്ക് അറിയാം . അമ്മയില്ലാത്ത ഒരു കുട്ടിക്ക് വയ്യാത്ത ഉമ്മുമ്മയെയും രണ്ടുമൂന്ന് ഇളയതുങ്ങളെയും നോക്കാനുള്ള പാട്. ഏറ്റവും ഇളയവൻ ഷഫീക്കിനെ പ്രസവിച്ചതോടെയാണ് ആ നിലയ്ക്കാത്ത ചോരയൊഴുക്കിൽ അവളുടെ ഉമ്മയുടെ ജീവനും ഒലിച്ചു പോയത് .

തലയിലെ തട്ടം നേരെ വലിച്ചിട്ട് മുഖം കുനിച്ച് നിറഞ്ഞ കണ്ണുകൾ ചിരിയാൽ മറച്ച് അവൾ മീനുക്കുട്ടിയുടെ അടുത്തേക്കിരുന്നു . സ്വതസിദ്ധമായ ചൊടിയോടെ പതുക്കെ പറഞ്ഞു .

'അല്ലെങ്കില് എന്തിനാ എന്റെ മീനുക്കുട്ടി എല്ലാ ദിവസവും ഈ മാഷ്ടെ ക്ലാസ്സന്നെ ആദ്യം വെയ്ക്കണത്. രാവിലത്തെ പീരീഡ് റോസ്പോൾ ടീച്ചറുടെ പാട്ട് ക്ലാസ് മത്യാർന്നു.'

മീനുക്കുട്ടി വായ്പൊത്തിയാണ് ചിരിച്ചതെങ്കിലും സാജൻ മാഷുടെ കണ്ണുകൾ അത് അതിവേഗം കണ്ടെടുത്തു.

വൈ ഒഥല്ലോ ട്രൈഡ് ടു കിൽ ഡസ്ഡിമോണാ? വാട്ട് പ്രൊവോക്കെഡ് ഹിം ടു ഡു സോ?

'എന്റെ മാഷേ ഈ ആണുങ്ങൾക്ക് മുഴുവൻ സംശയാ. അല്ലണ്ടിപ്പോ ആരെങ്കിലും ഓളെ കൊല്ലോ.'

'മീനാക്ഷി ദിസ് ഈസ് മൈ ഇംഗ്ലീഷ് ക്ലാസ്. ടെൽ ഇറ്റ് ഇൻ ഇംഗ്ലീഷ് '

അപ്പോഴേക്കും പ്യൂൺ ദാസപ്പൻ കൊട്ടുവടിയുമായി ബെല്ലടിക്കാൻ പോകുന്നത് ഒരു മിന്നായം പോലെ അവൾ കണ്ടു

'സാർ, ഒഥല്ലോ സസ്പെക്റ്റഡ് ഹെർ, ദാറ്റ് ഈസ് വൈ...'

എന്ന് പറഞ്ഞപ്പോഴേക്കും ബെൽ മുഴങ്ങി.

'ഓക്കേ, സിറ്റ് ഡൗൺ. ടുമോറോ ദേർ വിൽ ബി എ ടെസ്റ്റ് ബേസ്ഡ് ഓൺ ദിസ് ലെസ്സൺ . പ്രിപ്പയർ ഫോർ ദാറ്റ്. '

അതും പറഞ്ഞ് മാഷ് പുസ്തകവും എടുത്ത് ക്ലാസിന് പുറത്തേക്ക് പോയി.

'മാഷുടെ മുടിഞ്ഞ ഒരു ഇംഗ്ലീഷ് . അത് പോട്ടെ നിനക്ക് ഇന്ന് എന്താ പറ്റിയെ.'

മീനുക്കുട്ടി ആകാംക്ഷയോടെ ചോദിച്ചു.

'അത് , നേരം വൈകിയോണ്ട് കുട്ടിയോള് വേഗത്തിൽ ഓടിപ്പോയി. പുളിഞ്ചോട്

എത്തിയപ്പോൾ ഒരു വിളി.

ഞാൻ നോക്കിയപ്പോൾ മ്മടെ രാധികേച്ചി.

ആമിനു നീ കണ്ടോ ഇതിലന്നെ പറ്റി ഒരു കവിതേ ണ്ട്'

ഞാൻ ഞെട്ടിപ്പോയി. ആരപ്പാ എന്നെപ്പറ്റി കവിത എഴുതാൻ ന്ന്.

നോക്കിയപ്പോണ്ട് ബുർഖാന്ന് ഒരു കവിത.; ഏതോ ഒരു മഴവീട് എഴുതിയതാ. റോബിൻ ന്നോ സോബിൻ ന്നോ മറ്റോ ആണ്. അയില് എന്നെപ്പറ്റി തന്ന്യാ. പക്ഷേങ്കില് ഉമ്മൂമ്മയ്ക്ക് പകരം ഉമ്മ ആയീന്ന് മാത്രം. നിക്ക് ഉമ്മില്യാല്ലോ.. '

മീനുക്കുട്ടിയുടെ നോട്ടം കണ്ടതുകൊണ്ടാകണം അവൾ വീണ്ടും പറഞ്ഞു.

'സത്യാട്ടോ , അയാളെന്നെ അറിയോ ആവോ. ? ശരിക്കും എല്ലാ കാര്യവും എഴുതിട്ട്ണ്ട് മീനുക്കുട്ടി. ഗൾഫുകാരൻ പെണ്ണ് കാണാൻ വന്നതും കൂടിയുണ്ട്'

'പിന്നെ, ഒന്ന് പോടി പെണ്ണെ , എങ്ങാണ്ടോ കിടക്കണോരാള് നിന്നെപ്പറ്റി കവിത എഴുതാ'

'വൈകിട്ട് പോകുമ്പോൾ നമുക്ക് രാധികേച്ചിയുടെ ഫോൺ നോക്കാലോ. അപ്പൊ നിനക്ക് വിശ്വാസാവും'

സുജാത ടീച്ചർ ചടുപടാന്ന് ക്ലാസ്സിലേക്ക് കയറി വന്നതും രണ്ടുപേരും വർത്തമാനം നിർത്തി പുസ്തകത്തിലേക്ക് മുഖംതാഴ്ത്തി.

വൈകിട്ട് സ്കൂൾ വിട്ടു

പോകുമ്പോൾ

'തട്ടത്തിൻ മറയത്തെ പെണ്ണേ നിൻ കണ്ണിലെന്തേ ഞാൻ കണ്ടേ'

എന്ന് പാടി ജോബിയും ജോമോനും പിന്നാലെ കൂടി.;

'ആമിനോ, നെന്നെപ്പറ്റ്യാ പാടണ്'

മീനുക്കുട്ടി പതിയെ പറഞ്ഞു

' ഉം ....കേട്ടാലും മതി മാക്കാൻ തവളയുടെ കരച്ചിൽ പോലെ . ഈ

പാട്ട് വിനീത് ശ്രീനിവാസൻ പാടണം. എന്തൊരു റൊമാൻറിക്കാ ഓന്റെ ശബ്ദം.'

'5അതിനാ പാട്ട് സച്ചിൻ വാര്യരല്ലേ പാടിയേക്കുന്നേ'

' ആയിക്കോട്ടെ നീയതൊന്ന് വിനീത് ശ്രീനിവാസന്റെ ഒച്ചേല് കേട്ട് നോക്ക്. എന്തൊരു ഫീലായിരിക്കും. '

'നീ കേട്ടാ , വിനീത് ശ്രീനിവാസൻ ആ പാട്ട് പാടുന്നത്'

' അയിനിപ്പോ സങ്കൽപ്പിക്കാൻ പാടില്ലേ, എന്താ കുഴപ്പം.'

മീനുക്കുട്ടി ബാഗും പൊക്കി അവളെ അടിക്കാനോടി ആമിന പൊട്ടിച്ചിരിച്ചു പോയി.

'ഇത്താത്ത, ഇങ്ങനെ ചിരിക്കാമ്പാടില്ല ന്ന് ഉമ്മുമ്മ പറഞ്ഞിട്ടുണ്ട്. ഞാൻ പോയി ഉമ്മുമ്മയോട് പറയും'

ബുഷറയുടെ ഭീഷണി

'അയ്യോ ൻറെ പൊന്നുംകുടത്തെ കുട്ടിയല്ലേ . പറയാണ്ടന്നാ ഞാനാ ലില്യേച്ചിയുടെ കടയീ ന്ന് കോലുമിട്ടായി വാങ്ങി തരാട്ടോ. '

'അയിന് ങ്ങടെ

കയ്യിൽ എവിടുന്നാ കാശ്?'

'ഉപ്പ ബുക്ക് വാങ്ങാൻ തന്നേല് ബാക്കിയുള്ളതാ. പെണ്ണിന് ന്തൊക്കെ അറിയണം . മിണ്ടാണ്ട് നടന്നോ. '

'നവാസേ ഷാഫീനേം കൂട്ടി ഓൾടെ കൂടെ പൊക്കോട്ടാ.

മീനൂട്ടീ ടെ വീട്ടിന്ന് ബുക്ക് വാങ്ങിയിട്ട് ഇത്താത്ത വേഗം വരാം.'

'ഇത്താത്തോടൊപ്പം തന്നെ ഉണ്ടാവണം ന്നാ ഉമ്മുമ്മ പറഞ്ഞേക്കണേ'

'എന്റെ പൊന്നു കുട്ടിയോളല്ലേ , ലില്യേച്ചിടെ കടേന്നു മിഠായി വാങ്ങിക്കോളൂ. എന്നിട്ട് വേഗം വീട്ടില് ക്ക് പൊക്കോ. ഇത്താത്ത ബുക്ക് വാങ്ങിയിട്ട് വേഗം വരാട്ടോ . അല്ലെങ്കിൽ നാളത്തെ ഹോംവർക്ക് ചെയ്യാൻ പറ്റില്ല . ആ മാഷ് ന്നെ തല്ലിക്കൊല്ലും'

കുട്ടികൾ മനമില്ലാ മനസ്സോടെ ബാഗും തൂക്കി ഓടിപ്പോയി . പതിവുപോലെ രാധികേച്ചി ഉമ്മറത്തിണ്ണയിൽ പുസ്തകം വായിച്ചിരിപ്പുണ്ട് . ഓള് ഒരു ഭാഗ്യവതിയാ. രാജേഷേട്ടനും ഓളെ പെരുത്തിഷ്ടാ.

'രാധ്യേച്ച്യേ ആമിനു പറഞ്ഞു ഓൾടെ കഥ ഇങ്ങടെ ഫോണില് ണ്ടെന്ന് സത്യാ.'

മീനുക്കുട്ടി വിളിച്ചു ചോദിച്ചു

'ഇതെന്താ രണ്ടും കൂടി ഈ വഴിക്ക് ? എന്താ നീ പറഞ്ഞെ, ആമിനൂന്റെ കഥയോ'

'ആ ഓള് പറഞ്ഞു, ഏതോ ഒരു മഴവീട് ഓൾടെ കഥ കവിതയാക്കീണ്ട്ന്ന്. യ്ക്ക് ഒന്ന് കാട്ടിത്തരോ'

'ഓ സോബിൻ മഴവീടിന്റെ കവിതയാണോ ? ബുർഖ.

ശരിക്കും ആമിനൂന്റെ കഥ പോലെ തന്നെയാട്ടോ. എനിക്കും തോന്നി. ഞാന താ ഓൾക്ക് കാട്ടി കൊടുത്തേ. ദേ നോക്ക്'

മീനുക്കുട്ടി ഈണത്തിൽ ആ കവിത വായിക്കാൻ തുടങ്ങി

'ആറു ബിയുടെ

വരാന്തയിൽ വെച്ച്

പാർവതിയുടെ

വയലറ്റ് ഉടുപ്പിൽ
വിരലോടിച്ചു കൊണ്ട്
കുഞ്ഞാമിന
കറുത്ത ബുർഖയിലിരുന്ന്
നിറങ്ങളെ സ്വപ്നം കണ്ടു...'

കവിത വായിച്ച് ആലോചിച്ചു നിന്ന മീനുക്കുട്ടിയെ ആമിന പതിയെ തോണ്ടി വിളിച്ചു.

'ന്തേ യ് എന്താ പറ്റീത്?'

'അല്ല അമിനൂ, ഇതില് പറഞ്ഞതൊക്കെ സത്യാട്ടോ . ആളുകളുടെ പേര് മാത്രമേ മാറ്റം.ള്ളൂ'

'അപ്പോ ഞാമ്പറഞ്ഞത് പ്പൊ എന്തായി . അനക്ക് വിശ്വാസം ഉണ്ടായിരുന്നില്ലല്ലോ

മീനുക്കുട്ടി ദീർഘമായി വിശ്വസിച്ചു കൊണ്ട് പതുക്കെ പറഞ്ഞു

'അങ്ങനെ നിന്നെ പറ്റി എഴുതാൻ ആളുണ്ടായി . എന്നെ പറ്റി എഴുതാൻ ഒരുത്തനും ഇല്ല.'

അത് കേട്ട് ആമിനും രാധികയും പൊട്ടിച്ചിരിച്ചു. ആ ചിരി മീനുക്കുട്ടിയിലേക്കും പടർന്നു..

എത്ര പെട്ടെന്നാണ് ദിവസങ്ങൾ കടന്നുപോകുന്നത് അവസാന വർഷ പരീക്ഷ കഴിഞ്ഞിറങ്ങുമ്പോൾ ആമിനയുടെ കണ്ണുകൾ വല്ലാതെ നിറഞ്ഞിരുന്നു. പുറത്തെത്തിയതും മീനുക്കുട്ടി ഓളെ കെട്ടിപ്പിടിച്ചു.

'ആമിമ്പോ, എന്തൊരു ആശ്വാസാ,. ഇനി വീട്ടിൽ പോയി സുഖമായി ഉറങ്ങണം'

ആമിനൂന്റെ ഉടൽ വിറച്ചു. മീനുക്കുട്ടിയെ കെട്ടിപ്പിടിച്ച് അവൾ പൊട്ടിക്കരഞ്ഞു.

കാര്യം എന്തെന്നറിയാതെ മീനുക്കുട്ടി അമ്പരന്നു ഒടുവിൽ കരച്ചിൽ ഒതുങ്ങിയപ്പോൾ അവൾ ചോദിച്ചു

'എന്താ അമിനോ? ഇമ്മള് രണ്ടാളും കൂടിയല്ലേ പഠിച്ചിരുന്നത് . പരീക്ഷേം എളുപ്പമായിരുന്നു.. നീയെന്നെയല്ലേ പറഞ്ഞെ. പിന്നെന്താ നമ്മൾ രണ്ടാളും നല്ല മാർക്കിൽ ജയിക്കും ട്ടാ'

'എന്നിട്ട് എന്താ കാര്യം മീനൂട്ടി?

ഉപ്പ പറഞ്ഞു പത്താം ക്ലാസ് കഴിഞ്ഞാൽ പഠിക്കാൻ പോണ്ടാന്ന്

ഇളയതുങ്ങളേം കൂടിത്രയും പഠിപ്പിക്കണ്ടേല്ലോന്ന്. എല്ലാത്തിനുള്ള വരുമാനവും ഉപ്പയ്ക്ക്ല്യാന്ന് ,'

'അപ്പോൾ നീ എന്താ ചെയ്യാൻ പോണ്?'

'എനിക്കറിയില്ല, ഉമ്മൂമ്മൂയും അതന്നെയാ പറഞ്ഞത്,'

കണ്ണീര് തുടച്ച് അവൾ നടന്നു മറയുന്നത് മീനുക്കുട്ടി വിങ്ങലോടെ നോക്കി നിന്നു,

പിന്നെ മീനുക്കുട്ടി കുഞ്ഞാമിനയെ കണ്ടിട്ടില്ല. വല്ലപ്പോഴും മാത്രം അവളുടെ അനിയന്മാരെ കാണും . അവളുടെ ചോദ്യങ്ങൾക്ക് കാത്തുനിൽക്കാൻ പോലും സമയമില്ലാതെ അവർ പന്ത് കളിക്കാൻ ഓടിപ്പോകും,

ഒരിക്കൽ ഒരൊഴിവുദിവസം അവൾ ആമിനൂന്റെ വീട് വരെ പോകാൻ അമ്മയോട് അനുവാദം ചോദിച്ചതാ. പക്ഷേ അച്ഛമ്മ സമ്മതിച്ചില്ല. ...

പുതിയ കോളേജ്. പുതിയ കൂട്ടുകാർ മീനുക്കുട്ടിക്ക് പിന്നെ ഒന്നിനും നേരമില്ലാതെയായി. പതിയെ പതിയെ കുഞ്ഞാമിന അവളുടെ ഭൂമികയിൽ നിന്നും മാഞ്ഞുപോയി.

പ്ലസ് ടു പരീക്ഷ കഴിഞ്ഞുള്ള ഒരു അവധിക്കാലം .മീനൂട്ടി ബിരുദ പഠനത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു ഒപ്പം എൻട്രൻസ് കോച്ചിങ്ങിന്റെ തിരക്കിലും

ആശ്രമത്തിൽ നിന്നും സാധുക്കൾക്ക് വിതരണം ചെയ്യുന്ന അരി വാങ്ങാൻ പോയി വരികയായിരുന്ന പാറുവമ്മയാണ് ഉമ്മറത്തിരുന്ന് മുറുക്കുന്നതിനിടയിൽ അച്ഛമ്മയോട് പറഞ്ഞത്, ആമിനുന്റെ കല്യാണം കഴിഞ്ഞുന്ന്.

ഏതോ ഒരു ഗൾഫുകാരനാണത്രേ. നല്ല പ്രായമുള്ള ചെക്കൻന്നാണ് പാറു അമ്മ പറഞ്ഞത്.

മീനൂട്ടിക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല.

'ഇത്രയും ചെറുപ്പത്തിലോ കല്യാണം'

'പെൺകുട്ടികളുടെ നല്ല പ്രായത്തില് കല്യാണം നടക്കണം . അന്റെയീ പ്രായത്തില് എനിക്ക് കുട്ടികളു രണ്ടാ. '


അച്ഛമ്മ മുറുക്കാൻ വായിലിട്ട് ചവച്ചുകൊണ്ട് പറഞ്ഞു.

'ഓ കെട്ടിക്കാൻ ഇങ്ങ് വരട്ടെ '

അവൾ ചൊടിച്ചു കൊണ്ട് അകത്തേക്ക് കയറിപ്പോയി.

അന്നൊരു ശനിയാഴ്ചയായിരുന്നു. മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ മീനുക്കുട്ടി പടിപ്പുരത്തിണ്ണയിൽ വെറുതെ വഴിയിലേക്ക് നോക്കിയിരിക്കുകയായിരുന്നു . അന്നേരമാണ് പടിഞ്ഞാട്ട് പോണ വഴിയിലെ വളവ് തിരിഞ്ഞൊരു കാറ് പതിയെ അതിലെ കടന്നുപോയത്. കാറിന്റെ പുറകിലെ വാതിലിനരികിലേക്ക് ഒരു ബുർഖയണിഞ്ഞ മുഖം പൊടുന്നനെ നീങ്ങി വന്നു. കണ്ണുകൾ മൂടിയ നേർത്ത തുണിക്കിടയിലൂടെ ഒരു നോട്ടം അവളുടെ ഹൃദയത്തെ ചുട്ടുപൊള്ളിച്ചു കൊണ്ട് മിന്നായം പോലെ പാഞ്ഞു പോയി.

●



# ഋ



ജബീറ

സൂര്യൻ അസ്തമിക്കാത്ത
സാമ്രാജ്യത്തിലേക്ക്
ഇരുളിന്റെ അധിനിവേശം..

ഇരുട്ടകറ്റാൻ
അതിലോലന്യൂനപക്ഷത്തിൽ
നിന്നും ഉയർന്ന്
വന്നോരംശവടി

വർണവെറിയുടെ
അപ്പോസ്തലൻമാർക്ക്
തിരുനെറ്റിയിൽ
ഇരുനിറത്തിലൊരു
തൊടുകുറി

പണക്കിഴിക്കുള്ളിൽ
കണ്ടെത്തിയ
തലച്ചോറിന്റെ
നിറവും മണവും
തിരിച്ചറിയാൻ
കഴിഞ്ഞിട്ടില്ലെന്ന്
ചരിത്രമെഴുത്തുകാർ

എന്നോ അറ്റുപോയ
വേരുകളുടെ
അപമാനക്കണക്കുചോദിക്കാൻ വന്ന
അവധൂതനെന്ന്
ഇങ്ങ് കിഴക്കിന്
രോമാഞ്ചം
കാലത്തിന്റെ
കാവ്യനീതിയെന്ന്
കവിതയുമെഴുതിക്കളഞ്ഞു,
കവികുലം

ഒടുവിലൊടുവിൽ,
പൊളിച്ച വായകൾക്കു മുകളിൽ
സിംഹാസനമിട്ട്
അമർന്നിരുന്നത്
‘ ഋ‘
ആണെന്ന
ശ്രുതി കേട്ട്
’റ’കാരം
പടിഞ്ഞാറോട്ട് കുതിച്ചു!

**സിനിമ റിവ്യൂ**

# ടീച്ചർ



**പേളി ജോസ്**

സാധാരണയിൽ സാധാരണമായ ഒരു കഥ മികവോടെ പറഞ്ഞ ബഹുമതി സംവിധായകനായ വിവേക് അർഹിക്കുന്നു. ഒരു സ്ത്രീപക്ഷ സിനിമയെ ലോജിക്കലായി അവലോകനം ചെയ്യുന്നതിനോട് യോജിപ്പില്ല. സിനിമ ആത്യന്തികമായി നല്കുന്ന സന്ദേശം എന്താണ് എന്നതും ആ സന്ദേശം ഏറ്റവും സുന്ദരമായും ആഴത്തിലും പ്രേക്ഷകനിലേക്ക് പകരാൻ കഴിഞ്ഞോ എന്നതുമാണ് കാതലായ വസ്തുത. വിവാഹിതയും ഒരു കുഞ്ഞിന് വേണ്ടി നാല് വർഷമായി കാത്തിരിക്കുകയും ചെയ്യുന്ന ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായ ദേവിക തന്റെ വിദ്യാർത്ഥികളാൽ റേപ് ചെയ്യപ്പെടുകയും ഗർഭിണി ആകുകയും, ആ സീനുകൾ മൊബൈലിൽ പകർത്തി അവൾക്ക് ഭീഷണി ആകുകയും ചെയ്യുമ്പോൾ അവൾക്കുണ്ടാകുന്ന മാനസികമായ ട്രോമ സാധാരണരീതിയിൽ മാത്രം ചിന്തിക്കുന്നവർക്ക് അത്ര ഗഹനമായി അനുഭവപ്പെടണമെന്നില്ല. മാത്രമല്ല നമ്മുടെ ഇന്നത്തെ നീതിന്യായ വ്യവസ്ഥയിൽ നിന്ന് നീതി ലഭിക്കാനുള്ള സാദ്ധ്യതകൾ വളരെ വിരളമാണെന്ന് മനസിലാക്കുന്ന അവളിലെ പ്രതികാരാഗ്നിയാണ് സിനിമയുടെ കഥ. മെന്റൽ ട്രോമ അനുഭവിക്കുന്ന ഒരു നിസ്സഹായയായ സ്ത്രീയുടെ തീക്ഷ്ണമായ മാനസികവ്യാപാരം-ദേഷ്യം, വെറുപ്പ്, ദു:ഖം തുടങ്ങിയവയുടെ ഒരു സമ്മിശ്രഭാവം അവതരിപ്പിക്കുന്നതിൽ നായികയായ അമല പോൾ വിജയിച്ചു. അതിനുള്ള തട്ടകം ഒരുക്കിയ സംവിധായകൻ അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട്. അവിടെ സംഭവങ്ങൾക്കല്ല പ്രസക്തി. അത് ഉണ്ടാക്കുന്ന മാനസിക അവസ്ഥ അപ്പാടെ കാണികളുടെ മനസിലേക്ക് യഥാതഥമായി പകരാൻ തക്കവണ്ണം സീനുകൾ അവതരിപ്പിക്കാൻ കഴിഞ്ഞോ എന്ന ചോദ്യത്തിനാണ് പ്രസക്തി. ആ ചോദ്യത്തിന് 'ഉണ്ട് 'എന്ന് തന്നെയാണ് ഉത്തരം. ബീഡി വലിക്കുന്ന കല്യാണി എന്ന കഥാപാത്രം സ്ത്രീത്വം നഷ്ടപ്പെടുത്തിയെന്നോ പുരുഷനാവാൻ ശ്രമിച്ചു എന്നോ വിലയിരുത്താതെ, തന്റേടമുള്ള ഒരു സ്ത്രീയായി അവരെ വരച്ചുകാട്ടാൻ ചുരുങ്ങിയ സിനുകൾകൊണ്ട് ശ്രമിച്ച് വിജയിച്ചു എന്ന് കാണാൻ ശ്രമിക്കുന്നതാണ് ഉചിതമെന്ന് തോന്നുന്നു.




ദേവികയായി അഭിനയിച്ച അമല പോൾ മുഖത്തെ ഭാവങ്ങൾ തുടർച്ചയോടെ,തന്മയത്വത്തോടെ, തനിമയോടെ അവതരിപ്പിച്ചു. ബോഡി ലാംഗ്വേജ് പോലും വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്തിട്ടുണ്ട് അവർ.

വിപ്ളവ നായികയായ കല്യാണിയായി മഞ്ജുപിള്ളയും നിറഞ്ഞു നിന്നു.

മറ്റു കഥാപാത്രങ്ങളെ അവതരിപ്പിച്ച ചെമ്പൻ വിനോദ്, ഹക്കീം ഷാജഹാൻ, മാല പാർവ്വതി, ഐഎം വിജയൻ, നന്ദു, ദിനേഷ് പ്രഭാകർ എന്നിവരുടെ പ്രകടനങ്ങളും ജീവനുള്ളവയായിരുന്നു.

സിനിമോട്ടോഗ്രാഫി വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്തിട്ടുണ്ട്. ഓരോ ഷോട്ടും ഓരോ സീനും ആകാംക്ഷ നിറക്കുന്നതായിരുന്നു. മൊത്തത്തിൽ, ഒരു സാധാരണ കഥയെ അസാധാരണമായ വിധത്തിൽ പ്രേക്ഷക മനസിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിച്ച് വിജയിച്ചു സംവിധായകനായ വിവേക്. ഒപ്പം നിന്നു മറ്റു അണിയറ സാങ്കേതിക ടീമംഗങ്ങളും.

# GOLD

അൽഫോൻസ് പുത്രൻ എന്ന സംവിധായകന്റെ വലിയ പുതുമയൊന്നും അവകാശപ്പെടാനില്ലാത്ത ഒരു സിനിമയാണ് 'ഗോൾഡ്'. എന്നാൽ ചിത്രത്തിലുടനീളം സംവിധായകന്റെ കയ്യൊപ്പുണ്ട്. ഓരോ ഫ്രെയിമിലും ഉണ്ട് എന്ന്തന്നെ പറയാം. ഇത് എത്രമാത്രം സിനിമക്ക് ചന്തം ചാർത്തി എന്ന് ചോദിച്ചാൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകും. എങ്കിലും, വലിയ സങ്കീർണ്ണതകളൊന്നുമില്ലാതെ കണ്ടിരിക്കാവുന്ന ഒരു എന്റർടെയിനറാണ് ഇത്. ഒരു മൊബൈൽ ഷോപ്പുടമയായ ജോഷി എന്ന യുവാവിന്റെ പെരിയാർ തീരത്തുള്ള വീടിന്റെ ഗെയിറ്റിന് മുന്നിൽ ഒരു ബൊലേറൊ പിക്കപ് വാൻ വഴിയടച്ചുകൊണ്ട് ആരോ ഇട്ടിട്ട് പോയത് മാറ്റിക്കാനുള്ള തത്രപ്പാടിലാണ് കഥ ആരംഭിക്കുന്നത്. പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടെങ്കിലും ചില സാങ്കേതികകാരണങ്ങളാൽ ഉടനെ നീക്കം ചെയ്യുന്നത് തടസപ്പെട്ടു. ഉള്ളിലുള്ള സാധനങ്ങൾ പരിശോധിച്ചപ്പോൾ അത് പുറമെ കാണുന്നത് പോലെ ചെറിയ പോർടബ്ൾ സ്പീക്കറുകൾ അല്ലെന്ന് മനസിലാകുന്നതോട്കൂടി നടത്തുന്ന ചില തിരിമറികളും തുടർന്നുണ്ടാകുന്ന ചില സംഭവങ്ങളുമാണ് താരബാഹുല്യമുള്ള ഈ ചിത്രം പറയുന്നത്.




നായകനായ ജോഷിയായെത്തുന്ന പൃഥ്വീരാജ് തന്നെയാണ് വേഷത്തിൽ മുന്നിൽ നിൽക്കുന്നത്. നയൻതാര എന്ന നടിക്ക് കാര്യമായി ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. ജോഷിയുടെ അമ്മയുടെ റോളിൽ മല്ലിക സുകുമാരൻ തിളങ്ങി. സത്യസന്ധനായ മുതിർന്ന ഇജ്ഛ ആയി വേഷമിട്ട ബാബുരാജ് വളരെ ശ്രദ്ധിക്കപ്പെടുന്ന അഭിനയം കാഴ്ചവെച്ചു. ഷമ്മി തിലകൻ, ജഗദീഷ് തുടങ്ങിയ അഭിനേതാക്കളും സ്ക്രീൻ സ്പേസ് കുറവാണെങ്കിലും ശ്രദ്ധിക്കപ്പെട്ടു. എല്ലാ കഥാപാത്രങ്ങളും ചെറുതെങ്കിലും തങ്ങളുടെ റോൾ ഭംഗിയാക്കി.

പാട്ടും ചടുലനൃത്തവും ഇടക്കിടക്ക് സിംബോളിക് ആയി ഉപയോഗിച്ച സംവിധായകന്റെ മേമ്പൊടി വ്യത്യസ്ത അനുഭവം പകർന്നു. മനസിന് കുളിർമ നൽകുന്ന വിധത്തിൽ ലാളിത്യമുള്ള എന്നാൽ തനതായ ശൈലിയിൽ അവതരിപ്പിച്ച ഈ ചിത്രം ഒട്ടും മടുപ്പ് തോന്നാതെ കണ്ടിരിക്കാവുന്ന ഒരു സാധാരണ സിനിമയാണ്. ഒപ്പം ഒരു നല്ല സന്ദേശവും നല്കുന്നുണ്ട് ചിത്രം.

കവിത

# അവര് ഉറങ്ങുകയായിരുന്നു



കാട്ടിലാ കരിമ്പാറ
കീഞ്ഞു പാഞ്ഞു
മേഞ്ഞു നടന്നപ്പോൾ
കാട് കയറിയവർ കണ്ടു രസിച്ചു.

മതം പൊട്ടിയവൻ
റോഡ് ഭരിച്ചപ്പോൾ
സാറമ്മാരവർ
'ഓടടാ മാറടാ' വിളിയായി.

ചവിട്ടിത്തള്ളിയ
പുത്തൻ ജീപ്പും
മോഡിഫൈ മോടിയിൽ
മിന്നിത്തിളങ്ങി.

യാത്രാ പ്രേമികൾ
കേമനെ കാണാൻ
മൂന്നാം കണ്ണായ്
വണ്ടികളേറി.

തുമ്പിക്കയ്യാൽഞെരിഞ്ഞുടഞ്ഞ്
തുമ്പിചിറകിൽ
ചോരചാലുകൾ കീറേ
പ്രാണൻ തേടിയ തുമ്പിക്കുട്ടി.

തുമ്പി കരഞ്ഞാൽ
ധ്യാനം ചെയ്യും
കൊമ്പൻ കരഞ്ഞാൽ
ജീപ്പിൽ പായും.

പിന്നെ ജയിലായി
കോടതിയായി
തിരക്കായി.



ബിനില കെ ബാബു

ലേഖനം

# സെൽഫ് ലവ്



**സ്മിത കോടനാട്**



എപ്പോഴും കേൾക്കുന്ന കാര്യമാണ് ഈ സെൽഫ് ലവ് എന്ന വാക്ക്. അടിസ്ഥാനപരമായി നോക്കിയാൽ ഒരാൾ ഏറ്റവും അധികം സ്നേഹിക്കുന്നത് അവനവനെത്തന്നെയാണ്. നമ്മൾ ജീവിക്കുന്നത് മറ്റുള്ളവർക്ക് അഥവാ കുടുംബത്തിന് വേണ്ടിയാണ് എന്ന് നമുക്ക് എപ്പോഴും തോന്നും. ആ ചിന്തയെ ആഴത്തിൽ ശ്രദ്ധിച്ചാൽ അല്ലെങ്കിൽ പഠിച്ചാൽ 'എന്റെ' എന്ന ചിന്തയിൽ ഉടലെടുത്ത വികാരങ്ങൾ ആണെല്ലാം എന്ന് തിരിച്ചറിയും. പ്രിയപ്പെട്ടവർ നഷ്ടപ്പെട്ടാൽ വേദന, പ്രിയപ്പെട്ടവർക്ക് നന്മ വന്നാൽ അഭിമാനം, സന്തോഷം അങ്ങനെ നീണ്ടുപോകുന്ന പല വികാരങ്ങളുടെയും അടിസ്ഥാനം 'എന്റെ' എന്ന വികാരം തന്നെയാണ്.

നമ്മൾ സ്നേഹം, അംഗീകാരം, സ്വീകാര്യത തുടങ്ങിയവ പുറത്ത് നിന്നും അഥവാ സ്വന്തം കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ലഭിക്കാൻ ആണ് ആഗ്രഹിക്കാറ്. ഒരിക്കൽപ്പോലും സ്വയം അംഗീകരിക്കാൻ ശ്രമിക്കാറില്ല. നമുക്ക് നമ്മുടെ കഴിവുകൾ കണ്ടെത്താൻ സമയമില്ല...ശ്രമിക്കാറുമില്ല. സത്യത്തിൽ നമ്മളിൽ പലർക്കും സ്വന്തം ഇഷ്ടങ്ങൾ എന്തായിരുന്നു എന്ന് പോലും അറിയില്ല. മറ്റുള്ളവരുടെ കഴിവുകൾ, അവരുടെ കുറവുകൾ എല്ലാം നമുക്കറിയാം. നമ്മുടെ മിഴികൾ പുറത്തേക്കാണ് എങ്കിലും ഇടക്ക് അകക്കണ്ണുതുറന്ന് അവനവനെ അറിയാൻ ശ്രമിക്കുന്നത് നമ്മുടെ കഴിവുകൾ തിരിച്ചറിയുന്നതിലൂടെ സെൽഫ് എസ്റ്റീം വർധിപ്പിക്കാൻ സഹായിക്കും.

ചില ട്രെയിനിങ്ങുകൾക്കിടയിൽ സ്വന്തം സ്ട്രെങ്ത്തും വീക്നെസ്സും പറയാൻ പറഞ്ഞാൽ അധികപേരും സ്വന്തം കഴിവുകൾ പറയാൻ ബുദ്ധിമുട്ടുന്നത് കാണാം. സ്വന്തം നെഗറ്റീവ് പറയാൻ ഒട്ടും പ്രയാസപ്പെടാറുമില്ല. പലപ്പോഴും നമ്മുടെ കണ്ണടയിൽ മറ്റുള്ളവരുടെ ലെൻസ് വെച്ച് നോക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ്. എത്ര നല്ലത് ചെയ്താലും ഒരു നല്ല വാക്ക് പോലും കേൾക്കില്ല അല്ലെങ്കിൽ ഒരു സമ്മാനം പോലും തരില്ല അല്ലെങ്കിൽ ഒന്ന് ചേർത്ത് പിടിക്കുക പോലും ചെയ്യില്ല എന്ന് സങ്കടം പറയുന്നവരാണ് അധികവും. ഇത് നമ്മൾ നമ്മളോട് ചെയ്യാറുണ്ടോ എന്ന് ചിന്തിക്കുന്നതോടൊപ്പം പരിശീലിക്കാനും തുടങ്ങുക. രാവിലെ എഴുന്നേൽക്കുമ്പോൾ പ്രതിബിംബത്തിൽ നോക്കി സ്നേഹം പറയുക...തെറ്റ് ചെയ്യുമ്പോൾ തിരുത്താൻ ശ്രമിക്കുക. തിരുത്താൻ കഴിയുമ്പോൾ well done പറയുക എന്നിവയൊക്കെ ചെറിയ പരിശീലനരീതിയാണ്.

നമ്മളിലെ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ് അതിന്റെ ഇഷ്ടങ്ങൾക്കും സന്തോഷത്തിനും കൂടി സമയം കണ്ടെത്താൻ കഴിഞ്ഞാൽ വളരെ ഭംഗിയായി നമ്മുടെ റോളുകൾ ചെയ്യാൻ സാധിക്കും. ഇന്നിന് വേണ്ടി ഓരോ നിമിഷങ്ങളും ആസ്വദിക്കാൻ കഴിഞ്ഞാൽ അതാണ് ഏറ്റവും വലിയ സംതൃപ്തി.

ഇതിൽ ഏറ്റവും പ്രധാനമായ ഒന്നാണ് 'Forgiveness'. അവനവനോട് ക്ഷമിക്കാൻ തയ്യാറാവുക. ചിലസമയം നമുക്ക് നമ്മളോട് തന്നെ സഹതാപം തോന്നും...ചില സമയം നമ്മൾ എന്തിന്റെയൊക്കെയോ ഇരകൾ ആണെന്നും തോന്നും. നമ്മുടെ വളർച്ചയെ തളർത്തുന്ന ഇത്തരം വികാരങ്ങളെ ഒഴിവാക്കുക തന്നെ വേണം. അതിനായി മെഡിറ്റേഷൻ ഏറെ ഗുണം ചെയ്യും. സാധിക്കില്ല എന്ന് വിചാരിക്കുന്ന കാര്യങ്ങൾ നേടാനായി ശ്രമിക്കുക. ദൈനംദിന കാര്യങ്ങൾ എഴുതാനായി ഒരു ഡയറി സൂക്ഷിക്കുന്നത് നല്ലതാണ്. ആദ്യ താളിൽ തന്നെ സ്വന്തം കഴിവുകളും ബലഹീനതകളും എഴുതുക. അടുത്ത പേജിൽ സ്വപ്നങ്ങൾ ലിസ്റ്റ് ചെയ്യുക. അതിന് വേണ്ടുന്ന സ്റ്റെപ്പുകൾ എഴുതുക. ഇങ്ങനെ ഓരോന്നും ചെയ്യുന്നതിലൂടെ ഞാൻ എന്നെത്തന്നെ കണ്ടെത്തും എന്നത് ഉറപ്പാണ്.

ആരോഗ്യമുള്ള ശരീരവും മനസ്സും ഒരു വ്യക്തിയുടെ വളർച്ചക്ക് അത്യാവശ്യമാണ്. സ്വയം സ്നേഹിക്കുകയും മറ്റുള്ളവരെ സ്നേഹിക്കുകയും ആരെയും ദ്രോഹിക്കുകയും ചെയ്യാത്ത ഒരു ശക്തമായ സമൂഹം നമ്മുടെ നാടിന്റെ വളർച്ചക്ക് ആവശ്യമാണ്. അങ്ങനെ ഒരു ജനതയെ വാർത്തെടുക്കാം എന്ന് നമുക്ക് പ്രത്യാശിക്കാം.

●

കവിത

# പേടി

ഒരു
പേടിയുമില്ലാതെയാണ്
വളർന്നത്
പഠിച്ചു...
ലക്ഷ്യങ്ങളുണ്ടായിരുന്നു...

പക്ഷെ
ഒരുനാൾ
ഒരു
പേടി
പടികടന്നെത്തി
അത് മുറിയിലെത്തി
ശരീരമാകെ
പൊതിഞ്ഞു
മനസ്സിനകത്ത്
കുടിയേറി

ലക്ഷ്യമില്ലാതെയായി
പുറത്തെ വാതിലടച്ചു
അകത്തെ വാതിലടച്ചു
ഇരുട്ടറയിൽ
മച്ചിൽ നിഴലുകൾ
രൂപങ്ങളായി വളർന്നു
വാക്കുകൾ മറന്നു
മൗനിയായി
പതിയെ
ഓർമ്മയുമില്ലാതായി.

ഒരു പേടി
എത്രപെട്ടെന്നാണ്
ഒരു ജീവിതത്തെ
മുഴുവനും
കാർന്നുകാർന്നു തിന്നത്...!





അശ്വതി.വി.വി



# ജീവിതം

ഒന്നും മിണ്ടാത്തൊരു
യാത്ര
ഒരിക്കലും കാണാത്തൊരു കാറ്റ്

തിരിഞ്ഞു നോക്കാൻ
പറ്റാത്ത കണ്ണ്
ചവിട്ടി മെതിച്ച്
വളരാൻ മറന്ന
പുല്ല്

ഊഞ്ഞാൽ ആടാൻ
കൊതിക്കുന്ന
ഓണതുമ്പിയുടെ
നിസ്സഹായത

കരയാൻ വേണ്ടി മാത്രം
കണ്ണീരൂല്പാദിപ്പിക്കുന്ന
വറ്റിവരളുന്ന അക്ഷരങ്ങൾ

വയ്യാ യ്കയിൽ
വാനോളം ഉയരുന്ന
സ്വപ്നങ്ങൾ

ആർക്കാനുംവേണ്ടി
ഓക്കാനിക്കുന്ന
കപടതയുടെ
വഴു വഴുപ്പുകൾ

എല്ലാമെല്ലാം എനിക്കെന്നോതിയ
സ്വപ്നങ്ങളിൽ
മുങ്ങി മറിയുന്ന
ജീവിതം



ശിവൻ തലപ്പുലത്ത്



# വേരുകൾ

ഭൂമിയിൽ
വേരുകളില്ലെന്ന
തോന്നലിൽ നിന്നാണ്
ആത്മഹത്യയുടെ
വിത്തുകൾ മുളപൊട്ടുക !

ആശ്വാസവാക്കുകളുടെ
പുറന്തോടുകളിളക്കി
ഒരു കുഞ്ഞിലയായി
ഒറ്റയായിപ്പോയതിന്റെ
ശൂന്യതയിലേക്കാവണം
ആ നിമിഷത്തിൽ
നോക്കി നിന്നിട്ടുണ്ടാകുക.

വേരുകളിലെ
അതിസൂക്ഷ്മ സിരകളിൽ
ഓർമ്മകളുടെ മധുരമായ -
ലവണങ്ങളാവണം
ആദ്യമൊഴുകിയെത്തി
ഉടലാഴങ്ങളിൽ
വേദനയോടെ
പ്രവഹിച്ചിട്ടുണ്ടാകുക ,

പൂക്കാലമില്ലാത്ത പൂക്കളും ,
വിടരാത്ത മൊട്ടുകളും
നിറച്ച സ്വപ്നങ്ങൾ
ശിഖരങ്ങൾ താണ്ടി
വസന്തമായി
പടികളിറങ്ങും ,

കൊഴിയുമ്പോൾ
മാത്രം ജന്മാന്തരങ്ങളുടെ
കാത്തിരിപ്പുകളെല്ലാം
ബാക്കിയാവുന്ന
മുറിപ്പാടുകളിലെ
ആഴങ്ങളെല്ലാം
നിലയറിയാത്ത വിധം
തണുത്തുറഞ്ഞിരിക്കും ,

ഒരു നിമിഷം ........!
ഒരു നിമിഷം മുൻപേ
തണുത്തു നിലച്ചെന്ന്
വൈകിയെത്തിയ
വേനലന്നും
മുളപൊട്ടിയ
വിത്തുകളോട്
പരിഭവം പറഞ്ഞു -
കൊണ്ടേയിരിക്കും..



നിബിൻ കള്ളിക്കാട്

**പുസ്തകപരിചയം**

# ജീവിതോത്സവത്തിന്റെ ലഹരി



**ശ്രീജ വിജയൻ**

**ശ്രീ** മുഞ്ഞിനാട് പത്മകുമാറിന്റെ റുബാഇയ്യാത്ത് വിവർത്തനം മികച്ച വായനാനുഭവം നൽകുന്ന കൊച്ചു പുസ്തകമാണ്. 73മനോഹരങ്ങളായ കവിതകളാണ് ഈ പുസ്തകത്തിന്റെ  ഉള്ളകം.

മറ്റു സാഹിത്യ സംഭാവന നൽകിയിട്ടുണ്ടെങ്കിലും റുബാഇയ്യാത്തിന്റെ രചയിതാവ് എന്ന രീതിയലാണ് ഒമർ ഖയ്യാം അറിയപ്പെട്ടത്.ഈ ഗ്രന്ഥത്തിൽ മലയാളത്തിൽ മികച്ച തർജ്ജമകൾ ഉണ്ടായിട്ടുണ്ട്. ചങ്ങമ്പുഴയുടെ മദിരോത്സവം ,ജി.ശങ്കരക്കുറുപ്പിന്റെ വിലാസ ലഹരി, എം.പി അപ്പന്റെ ജീവിതോത്സവം തുടങ്ങിയവ. ഈ കൃതിയും മികച്ച നിലവാരം പുലർത്തുന്നു.

ഗണിത ശാസ്ത്രജ്ഞൻ എന്നതിനപ്പുറം ഒമർ ഖയ്യാമിനെ കവിയും കാമുകനും സൂഫി ദാർശനികനും ആയി കാണാനാണ് പൊതുവെ ഇഷ്ടപ്പെടുന്നത്.

ജീവിതത്തോടുള്ള ആസക്തിയാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അതുകൊണ്ടു തന്നെ പ്രണയത്തിന്റെയും, ജീവിതാസക്തിയുടെയും സുഖ ലഹരിയുടെയും ആകെത്തുകയാണ് റുബാഇയ്യാത്ത്. കാവ്യ മാധുരി കൊണ്ട് ശ്രദ്ധേയമായ ചതുഷ്പദികൾ ആണ് ഈ ഗ്രന്ഥം.

ഖയ്യാമിനെ പലരും രേഖപ്പെടുത്തിയിരിക്കുന്നത് പല രീതിയിലാണ്. ജീവിത നിഷേധിയായും ജീവിത സ്നേഹിയായും ഒരുപോലെ അദ്ദേഹം ആഘോഷിക്കപ്പെട്ടു. എന്തു തന്നെയായാലും അദ്ദേഹം അനശ്വരനായ സ്നേഹ ഗായകനാണ്.

ഖയ്യാം വായനക്കാരന്റെ മുൻപിൽ അതിരുകളില്ലാത്ത ജീവിത സ്നേഹത്തിന്റെ അനേകമനേകം വാതിലുകളാണ് തുറന്നിടുന്നത്.

ഇരുളിൽ നിന്ന് പ്രഭാതത്തിലേക്കുള്ള പ്രയാണത്തെ കുറിച്ചുള്ള കവിതയാണ്  ആദ്യത്തേത്.വീഞ്ഞിനെക്കുറിച്ചും, പെണ്ണിനെക്കുറിച്ചും പാടുന്ന ഖയ്യാമിന്റെ ആദ്യ പദം 'ഉണരുക' എന്നതാണ്. നിദ്ര വിട്ടുണർന്നാലും എന്നാവശ്യപ്പെടുന്നത് ഈ ലോകത്തിന്റെ സമസ്ത ഭംഗികളും പൂർണ്ണാർത്ഥത്തിൽ ആസ്വദിക്കാനാണ്

ഓരോ ചതുഷ്പദികളിലും ഋതു ശോഭ പൂത്തു വിടർന്ന് പരിലസിക്കുന്നത് ഒട്ടൊരു അത്ഭുതത്തോടെയല്ലാതെ വായിച്ചു പോവാനായില്ല.




അതി മനോഹരമായ ഈ കവിതകൾ ഭാഷയുടെ ശക്തി സൗന്ദര്യത്തെ വരച്ചിടുന്നവയാണ്

ക്ഷണികമാണ് ഈ ലോകജീവിതമെന്ന റിഞ്ഞിട്ടും മടക്കമില്ലാത്ത യാത്രയ്ക്കുള്ള യൊരുക്കലാണെന്നറിഞ്ഞിട്ടും മനോഹരമായ ഉഷസ്സിന്റെ കവാടങ്ങൾ തുറന്ന് ജീവിത മധു ആസ്വദിക്കാൻ ആഹ്വാനം ചെയ്യുന്നു.

എത്ര ജീവിച്ചാലും മതിവരാത്ത ഈ ലോകജീവിതത്തെ ,' വളകിലുക്കം കേട്ട ലയുന്ന കാമുകനെ' പോലെയാണ് ഖയ്യാം സമീപിക്കുന്നത്.

'എന്നരികിലായ് നീയും നിൻ ഗാനമരന്ദവും

ഉണ്ടെങ്കിലേതാകാന്തതയും എനിക്കു പറുദീസയല്ലോ'

എന്നു പറയുന്നിടത്ത് വ്യക്തമാണല്ലോ.

പ്രയാസങ്ങളിൽ തളരാതെ, അതിജീവിച്ച് ആനന്ദത്തെ ആസ്വദിച്ചു വേണം ജീവിക്കേണ്ടത്. സ്വർഗ്ഗത്തെ വിശ്വസിച്ച് പരലോകം പൂകുന്നതിലല്ല, ജീവിതകാലത്ത് ആനന്ദത്തിലൂടെ സ്വർഗം നാം സൃഷ്ടിക്കേണ്ടതാണെന്ന് ഖയ്യാം പറയുന്നു. സ്വർഗ്ഗം എന്നത് വിശ്വാസമാണ്. ആരും കാണാത്ത ലോകത്തിന്റെ നിയതിയിൽ വിശ്വസിക്കുകയും മൂല്യം കല്പിക്കുകയും ചെയ്യുന്നതിനപ്പുറം നമ്മുടെ പ്രവൃത്തികളിലൂടെ സ്വർഗ്ഗം സൃഷ്ടിക്കണമെന്ന ആഹ്വാനം നൽകുന്നു.

മനസിൽ വിടരുന്ന ലൗകിക മോഹങ്ങൾ പൂവിട്ടാലും അവയുടെ ആയുസ്സു ക്ഷണികമാണ്. പൊഴിയുന്ന ഇന്നലെകളിലൂടെ നാളെയോടുള്ള സ്നേഹത്തിലൂടെയാണ് നാം ഇന്നിനെ വിമോചിപ്പിക്കേണ്ടത്. നാളെകളെന്നത് നീളുന്ന പ്രതീക്ഷകളാണ്.ഭക്തിയും സുഖദ സ്വപ്നങ്ങളും ചേർത്തുവച്ചാണ് കാത്തിരിക്കേണ്ടത്.

നമ്മുക്ക് ചുറ്റിലും കാണുന്ന അഴകിനെ ആവോളം തന്നെ ആസ്വദിക്കണം. ആ ധനത്തെ പ്രപഞ്ചമാകുന്ന ഉദ്യാനത്തിന് സമർപ്പിക്കുകയും വേണം

. പ്രപഞ്ചത്തെ കുറിച്ചൊന്നുമറിയില്ല. അറിഞ്ഞതിൽ തന്നെഎത്രയോ നിസാരം

സ്നേഹത്തിന്റെ സമൃദ്ധിയാണ് ലക്ഷ്യം

എന്റെ കോപാഗ്നി എവിടെയെത്തി മെത്തിക്കുന്നില്ല. ഇതൊരു സത്യമാണ്.

'മൃൺമയമീ ശരീരം

അതിൽ നിന്നല്ലോ ദൈവം മനുഷ്യനെ സൃഷ്ടിച്ചു.

ആദി പ്രപഞ്ചകിരണങ്ങളാൽ

ശോഭിതമീസൃഷ്ടി

ഹേ കരുണാമയനേ, നിന്റെ വെളിച്ചം

കെട്ടുപോകരുതേ'. എന്നത്

മനുഷ്യാ നീ മണ്ണാവുന്നു. മണ്ണിലേക്കു തിരിച്ചു പോവുക എന്ന ആശയത്തെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചിരിക്കുകയാണ്

പാഴ് മണ്ണിനാൽ സൃഷ്ടിച്ച തൊട്ടടുത്ത നിമിഷം തരിമണലാക്കുകയും ചെയ്യുക ഇതൊരു തരം തിരിച്ചു നടക്കലാണ്. ഒരുതരം ജീവിതനിരാസം.ഇതേ കുറിച്ചും കവിതസംവദിക്കുന്നു.

ഇടുങ്ങിയതും ,ചെങ്കുത്തായതും, ദുർബലവും, കെണികൾ നിറഞ്ഞതുമായ എന്റെ വഴികളിലൂടെ പാഞ്ഞു പോകുമ്പോൾ എന്റെ വേരുകളെ അറുത്തെടുക്കരുതേ എന്ന് പറയുന്നിടത്ത്

വേരറ്റുപോകലല്ല,വേരറ്റൊടുങ്ങലാണ് അനുഭവപ്പെടുന്നത്

ജീവിതം പുഴ പോലെ ഒഴുകുകയാണെന്നും അവിടെ സ്വർഗ്ഗത്തെയും നരകത്തെയും വേർതിരിയുന്ന മണൽത്തിട്ട എവിടെയും കണ്ടില്ലെന്നും കാണുവാൻ മാത്രമായി നീ ഉയർത്തിക്കെട്ടിയില്ലെന്നു പറയുന്നിടത്ത് പുതിയ ലോകത്തിന്റെ കാഴ്ചപ്പാട് തെളിയുന്നു.

മറ്റൊരിടത്ത് ആത്മാവിൽ തുളുമ്പി നില്ക്കുന്ന പ്രണയാഗ്നി നിത്യമായ സത്യദീപത്തിന്റെ എഴുന്നെള്ളത്താണെന്നും അത് ഉള്ളിലെ കോപത്തെ നശിപ്പിക്കുന്ന പോസീറ്റിവ് എനർജിയാണെന്നും ധ്വനിപ്പിക്കുന്നു

പ്രണയ ചിന്തയുടെ ചാരുത മുഴുവനായും ആവാഹിച്ചതാണ് ഈ ഗ്രന്ഥത്തിലെ പ്രണയകവിതകൾ. പ്രണയത്തിന്റെ തേൻ തുള്ളിയുടെ രസനീയത വായനയ്ക്കു ശേഷവും നിലനിൽക്കും

സ്വർഗം, ജീവിതാനന്ദം, ആനന്ദചിത്തത, നശ്വരത, ഓർമ, പ്രണയം, നിത്യത, മോഹനിലാവ് തുടങ്ങിയവയുടെ മേളപ്പെരുക്കമാണ് ഈ പുസ്തകം.ജീവിതവും ജീവിതാസക്തിയും വേർതിരിക്കാനാവാത്ത രീതിയിൽ ഒന്നായിത്തീർന്നിരിക്കുന്നു. തത്വങ്ങൾ പറയുമ്പോഴും ആ മധുചഷകത്തിന്റെ അസ്വാദ്യ രുചിയിൽ അലിഞ്ഞു തീരുന്ന ജീവിതം.

അവസാന ഭാഗത്തെത്തുമ്പോൾ കവിത ചില സാധൂകരണങ്ങൾക്ക് വിധേയമാകുന്നതും കാണാം. എന്തു തന്നെയായാലും വായന സമ്പുഷ്ടമാക്കാൻ കഴിയുന്ന വിഭവങ്ങൾ നിറഞ്ഞതാണ് ശ്രീ മുഞ്ഞിനാട് പത്മകുമാറിന്റെ ഈ വിവർത്തന ഗ്രന്ഥം. ●